# പാഠ്യപദ്ധതി

378.1

**കേരള കലാമണ്ഡലം**

37
378-1

# വിഷയവിവരം.

4087

പേജ്

1. കോഴ്സുകളും പാഠ്യപദ്ധതിയും—
സാമാന്യ വിവരങ്ങൾ ... 1

2. കഥകളി വേഷം ... 5

3 കഥകളി സംഗീതം ... 8

4. കഥകളി ചെണ്ട ... 11

5. കഥകളി മദ്ദളം ... 14

6. ചുട്ടിയും കോപ്പു് പണിയും ... 16

7 ഓട്ടൻതുള്ളൽ ... 21

8. മൃദംഗം ... 24

9. മോഹിനിയാട്ടവും ഭരതനാട്യവും ... 26

10. തിമില ... 30

11. മിഴാവു് ... 33

12. കൂത്തും കൂടിയാട്ടവും ... 36

13. പൊതുവിവരം ... 42

Library & Research Center

## അദ്ധ്യായം ഒന്നു്.

### കോഴ്സുകളും പാഠ്യപദ്ധതിയും— സാമാന്യ വിവരങ്ങൾ

## കോഴ്സുകൾ.

കേരള കലാമണ്ഡലത്തിൽ ഡിപ്ലോമ എന്നും പോസ്റ്റ് ഡിപ്ലോമ എന്നുമുള്ള പേരുകളിൽ അറിയപ്പെടുന്ന രണ്ടുതരം കോഴ്സുകളുണ്ടു്. ഡിപ്ലോമാ കോഴ്സിന്റെ ഉദ്ദേശ്യം വിദ്യാർത്ഥികൾക്കു് അതാതു് പഠനവിഷയങ്ങളിൽ സാമാന്യ വൈദഗ്ദ്ധ്യം നല്കുകയാണു്. പോസ്റ്റ് ഡിപ്ലോമാകോഴ്സിന്റെ പഠനം വാസനയ്ക്കും പ്രാപ്തിയ്ക്കുമനുസരിച്ചുള്ള പ്രത്യേക പരിശീലനം, പ്രദർശനക്ഷമത വർദ്ധിപ്പിക്കുന്നതിന്നുള്ള പ്രായോഗിക പരിജ്ഞാനം, അഭിനയം എന്നിവയിൽ പ്രത്യേകം ഊന്നിക്കൊണ്ടുള്ള ഉപരിപഠനമാണു്.

ഡിപ്ലോമയ്ക്കുള്ള വിഷയങ്ങളും അവയുടെ പഠനകാലവും താഴെ കൊടുക്കുന്നു.

| | വിഷയങ്ങൾ | പഠനകാലം |
|---|---|---|
| 1. | കഥകളിവേഷം | 6 കൊല്ലം |
| 2. | കഥകളി സംഗീതം | 6 ,, |
| 3. | കഥകളി ചെണ്ട | 4 ,, |
| 4. | കഥകളി മദ്ദളം | 4 ,, |
| 5. | കഥകളി ചുട്ടികുത്തും കോപ്പുപണിയും | 3 ,, |
| 6. | ഓട്ടൻതുള്ളൽ | 4 ,, |
| 7. | മൃദംഗം | 4 ,, |
| 8. | മോഹിനിയാട്ടവും ഭരതനാട്യവും | 4 ,, |
| 9. | കൂത്തും കൂടിയാട്ടവും | 6 ,, |
| 10. | തിമില | 4 ,, |

മേൽ പറഞ്ഞവയിൽ ഒരു വിഷയമേ ഒരാൾക്കു് ഒരേ സമയത്തു് പഠന വിഷയമായി സ്വീകരിച്ചുകൂടൂ. പഠനകാലാന്ത്യത്തിലുള്ള പരീക്ഷയിൽ ജയിക്കുന്നവർക്കു് ഡിപ്ലോമാ ബിരുദം നൽകുന്നതാണു്.

എല്ലാ വിഷയങ്ങരംക്കും പോസ്റ്റ് ഡിപ്ലോമാ കോഴ്സ് ഏപ്പെ ടുത്തിയിട്ടുണ്ട്. ഈ രണ്ടുതരം കോഴ്സുകരംക്കുപുറമെ കലാമണ്ഡ ലത്തിൽ മേൽ പറഞ്ഞ വിഷയങ്ങളിൽ ഹ്രസ്വകാല കോഴ്സുകരം ക്കും സൌകര്യങ്ങരം നല്കിവരുന്നുണ്ട്. അവക്കു് പ്രത്യേക പരീക്ഷ കളോ ബിരുദങ്ങളോ ഇല്ല. അവയുടെ പഠനകാലവും പാഠ്യപദ്ധ തിയും മററും അപേക്ഷകൻെറ ആവശ്യങ്ങളും യോഗ്യതകളും അനുസ രിച്ചു് അപ്പോഴപ്പോരം തീരുമാനിക്കപ്പെട്ടുവരുന്നു.

## പാഠ്യപദ്ധതി

ഡിപ്ലോമാ കോഴ്സിനുള്ള പാഠ്യപദ്ധതിയെ താഴെ പറയുന്ന വിധം 3 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. കലകളുടെ സാമാന്യ പഠനം.
2. മുഖ്യ വിഷയത്തിൻെറ പ്രത്യേക പഠനം.
3. സാമാന്യ വിദ്യാഭ്യാസം.

മുഖ്യ വിഷയത്തിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രത്യേക പഠനം കൊണ്ടു് ഉണ്ടാകാവുന്ന സങ്കുചിത വീക്ഷണത്തെ തടഞ്ഞു് സമഗ്രവീ ക്ഷണം വളർത്തുകയും മുഖ്യ വിഷയത്തിനു്, ബന്ധപ്പെട്ട കലകളുമാ യുള്ള ബന്ധങ്ങളേയും തദ്വാരാ മുഖ്യ വിഷയത്തിൻെറ വിശാലമായ പശ്ചാത്തലത്തേയും കുറിച്ചു് ബോധമുളവാക്കുകയുമാണു് ഒന്നാമത്തെ വിഭാഗമായ കലകളുടെ സാമാന്യപഠനം എന്നതുകൊണ്ടു് ഉദ്ദേശിക്ക പ്പെട്ടിട്ടുള്ളതു്. സാമാന്യ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം ഡിപ്ലോമ പരീക്ഷ പാസ്സാകുന്നവക്കു് പൊതുവിദ്യാഭ്യാസത്തിൽ എസ്. എസ്. എൽ. സി. ക്കു് തുല്യമായ നിലവാരവും അംഗീകരണവും നേടിക്കൊടുക്കുകയാണു്. മുൻപറഞ്ഞ പത്തു് വിഷയങ്ങളിലേതെ ങ്കിലും ഒന്നായിരിക്കും മുഖ്യ വിഷയം. ഉദാഹരണത്തിനു് കഥകളി വേഷത്തിൽ ഡിപ്ലോമാക്കു് പഠിക്കുന്ന വിദ്യാത്ഥിയുടെ മുഖ്യ വി ഷയം കഥകളിവേഷമായിരിക്കും.

ഒന്നും മൂന്നും വിഭാഗങ്ങളായ കലകളുടെ സാമാന്യ പഠനത്തിനും സാമാന്യ വിദ്യാഭ്യാസത്തിനുമുള്ള പാഠങ്ങരം എല്ലാ ഡിപ്ലോമാ വി ദ്യാത്ഥികരംക്കും ഒന്നുതന്നെയായിരിക്കും. കലകളുടെ പൊതുപഠന ത്തിനുള്ള പാഠ്യപദ്ധതി ആദ്യത്തെ മൂന്നുകൊല്ലംകൊണ്ടു് അവസാനി പ്പിക്കുന്നതാണു്. മുഖ്യ വിഷയത്തിൻെറ പ്രത്യേക പഠനമെന്ന വി ഭാഗത്തെ പ്രയോഗമെന്നും സിദ്ധാന്തമെന്നും രണ്ടായി തിരിച്ചിരി ക്കുന്നു.

പോസ്റ്റ് ഡിപ്ലോമാ കോഴ്സിനുള്ള പാഠ്യപദ്ധതിയിൽ മുഖ്യ വിഷയത്തിന്റെ പ്രത്യേക പഠനം മാത്രമേ ഉള്ളു.

## പ്രവേശന യോഗ്യതകൾ.

കലാമണ്ഡലത്തിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് ആദ്യമായി അതാതു് വിഷയങ്ങൾക്കനുയോജ്യമായ ശാരീരികഗുണങ്ങളും അഭിരുചിയും താളസ്ഥിതിയും പരിശീലനത്തിനു് ആവശ്യമായ ആരോഗ്യസ്ഥിതിയും ഉണ്ടായിരിക്കേണ്ടതാണ്. പുറമെ, അവർ 14 വയസ്സ് തികഞ്ഞവരും 7-ാം സ്റ്റാൻഡാർഡ് പാസ്സായവരുമായിരിക്കണം. അപേക്ഷകരെ പരിശോധിച്ച് ഈ യോഗ്യതകളുള്ളവരെ മാത്രമെ ഡിപ്ലോമാ കോഴ്സിന്നു് തിരഞ്ഞെടുക്കുകയുള്ളു.

ഡിപ്ലോമാ കോഴ്സിൽ പ്രശസ്തമായി വിജയിക്കുന്നവരിൽ പ്രത്യേക പരിശോധന വഴി അർഹതയുണ്ടെന്നു കാണുന്നവരെ പോസ്റ്റ് ഡിപ്ലോമാ കോഴ്സിലെ രണ്ടു് കൊല്ലത്തെ ഉപരിപഠനത്തിന്നായി ചേർക്കുന്നതാണ്.

## അദ്ധ്യായം രണ്ടു് — പാഠ്യപദ്ധതി

## I ഡിപ്ലോമ

### കലകളുടെ സാമാന്യ പഠനം.

1-ാം കൊല്ലം.

(എ) കേരളത്തിന്റേതിനെ ഊന്നിക്കൊണ്ടുള്ള ഭാരത സാംസ്കാരിക ചരിത്രത്തിന്റെ സംക്ഷിപ്ത പഠനം.

(ബി) ശാസ്ത്രവും കലയും—കലയുടെ ഉല്പത്തിയും വികാസവും—പ്രാകൃത ജീവിതവുമായി കലക്കുണ്ടായിരുന്ന പ്രത്യക്ഷബന്ധം—കലയും മതവും—കലയുടെ ജീവിതസംസ്ക്കരണശക്തി—ഉപാധിഭേദം (മീഡിയം) കൊണ്ടും പ്രയോജനത്തിന്റേയും സൗന്ദര്യബോധത്തിന്റേയും അപേക്ഷയാ ഈ ഉപാധികളിലടങ്ങിയ സാധ്യതകളെ വളർത്തുവാനുള്ള പ്രവണതകൊണ്ടും മററും കാലക്രമത്തിൽ കലക്കു് കൈവരുന്ന വൈവിദ്ധ്യവും സാങ്കേതിക പുരോഗതിയും കേവലീകരണവും ശൈലീകരണവും—കലയിലും ജീവിതത്തിലുമുള്ള വൈകാരികാനുഭൂതികളുടെ താരതമ്യം—നാടൻ പതനത്തിൽനിന്നു് ക്ലാസിക്കൽ പതനത്തിലേക്കുള്ള കലയുടെ വളർച്ച മുതലായവ.

(സി) ദൃശ്യശ്രാവ്യവിഭാഗം—രൂപകങ്ങളും ഉപരൂപകങ്ങളും നൃത്തപ്രബന്ധങ്ങളും — നൃത്തനൃത്യ നാട്യവിഭാഗം—ലാസ്യതാണ്ഡവഭേദം—ഏകാനേകാഹാൎയ്യങ്ങൾ—സംഗീതപദത്തിൻെറ പ്രാചീനാൎത്ഥത്തിൻേറയും തൌൎയ്യത്രികമെന്ന ആശയത്തിൻേറയും പ്രാധാന്യം —നൃത്തനൃത്യങ്ങളുടെ സ്വരൂപപഠനത്തിൽ അതിന്നുള്ള സ്ഥാനം.

(ഡി) രസസിദ്ധാന്തം, പാത്രരചന, നൃത്തനൃത്യങ്ങളുടെ സാഹിത്യം എന്നിവയുടെ ചുരുങ്ങിയ പഠനം—അഭിനയമെന്നാലെന്തു്? എത്ര തരം?

(ഇ) ഇന്ത്യയിലെ പ്രസിദ്ധ ക്ലാസിക്കൽ നൃത്തനൃത്യരൂപങ്ങളുടെ പൊതു വിവരണം—അവയുടെ സാധൎമ്മ്യ വൈധൎമ്മ്യങ്ങൾ.

2-ാം കൊല്ലം.

(എ) കേരളത്തിലെ നൃത്തഗീത വാദ്യങ്ങളേയും ആഹാൎയ്യാഭിനയ കലയേയും തമിഴ് നാട്ടിലെ ഭരതനാട്യാദി കലകളേയും കുറിച്ചു് ചരിത്രപരവും സാങ്കേതികവുമായ സമീപനത്തോടുകൂടിയ സാമാന്യ പരിജ്ഞാനം—ഇതിൽ നാടൻ കലകൾ, കൂടിയാട്ടം, കൃഷ്ണനാട്ടം, അഷ്ടപദിയാട്ടം, തുള്ളൽ, മോഹിനിയാട്ടം, ചിത്രമെഴുത്തു്, ശില്പം, കൊത്തുപണി, കളമെഴുത്തു്, കൂത്തമ്പലം എന്നിവയേയും കുച്ചുപ്പുടി മുതലായ തെന്നിന്ത്യൻ നൃത്തപ്രബന്ധങ്ങളേയും സ്പൎശിക്കണം.

(ബി) കൎണ്ണാടക സംഗീത താളപദ്ധതിയുടേയും കേരളീയ താള പ്രയോഗങ്ങളുടേയും താരതമ്യ പഠനം.

3-ാം കൊല്ലം.

(എ) കലാവസ്തു പ്രേക്ഷകനിലുണ്ടാക്കുന്ന പ്രതികരണം—കലാവസ്തു, പ്രേക്ഷകൻ, കലാകാരൻ എന്നിവർ തമ്മിലുള്ള ബന്ധം—ആസ്വാദന പ്രക്രിയയുടെ അടിസ്ഥാനം—ആസ്വാദനവും വിമൎശനവും— രസസിദ്ധാന്തത്തിൻേറയും പാത്രരചനയുടേയും പ്രാധാന്യം.

(ബി) നാടൻ കലകളുടേയും ക്ലാസിക്കൽ കലകളുടേയും വൎത്തമാന ഭാവികൾ—ഇന്നത്തെ കലാഭ്യസനവും രംഗാവിഷ്ക്കരണവും— പുതു പരീക്ഷണങ്ങൾ—നൃത്തസംഘങ്ങളുടെ സംഘടനാപ്രശ്നങ്ങൾ.

# മുഖ്യ വിഷയത്തിൻെറ പ്രത്യേക പഠനം

## 1. കഥകളിവേഷം.

1-ാം കൊല്ലം.

പ്രയോഗം. (പ്രാക്ടിക്കൽ)

വ്യായാമം (മെയ്യുറപ്പടവ്), അംഗസാധകം, ചുഴിപ്പുകറം, ഇളകിയാട്ടത്തിൻെറ പ്രാരംഭം, തോടയം, പുറപ്പാട്, 'ഇത്തി ഇത്ത', 'തൈധിത്തത്തെ' എന്നീ വട്ടംവെച്ച് കലാശങ്ങറം, അടക്കം, ഇരട്ടി, തോങ്കാരം, താളങ്ങറം പിടിച്ചുറപ്പിയ്ക്കൽ, ഉപാംഗസാധകം, കൈമറിച്ചുനോക്കൽ, മുഷ്ടിപിടിച്ച് മണിക്കണ്ഠം തിരിയ്ക്കൽ, കൈപ്പടം ഇളക്കൽ, മുദ്രാഖ്യം പിടിച്ച് വിരലിളക്കൽ, ഒരു പദം ചൊല്ലിയാടൽ മുതലായവ.

സിദ്ധാന്തം (തിയറി)

പുരാണ കഥാപരിചയം, ഹസ്തലക്ഷണദീപിക തോന്നിയ്ക്കൽ.

2-ാം കൊല്ലം.

പ്രയോഗം

ഒന്നാം കൊല്ലത്തെ പാഠങ്ങറംക്കുപുറമെ പകുതിപ്പുറപ്പാട്, തേർകൂട്ടിക്കെട്ടൽ, ആയുധത്തോടുകൂടിയും കൂടാതേയുമുള്ള എടുത്തുകലാശപ്രവേശം, നാലാമിരട്ടി ചവുട്ടിക്കലാശിയ്ക്കൽ, ചെറുഞാണൊലി, തിരനോക്ക്, താളം പിടിച്ച് കലാശങ്ങളുടേയും മററും വായ്ത്താരി ചൊല്ലി ഉറപ്പിയ്ക്കൽ, കുത്തുകാൽ എന്നിവയുടെ പരിശീലനം.

ഇതിന്നുപുറമെ ഡിപ്ലോമാ കോഴ്സിന്ന് നിശ്ചയിച്ചിട്ടുള്ള 16 കഥകളിലെ താഴെ പറയുന്ന വേഷങ്ങറം ചൊല്ലിയാടിയ്ക്കുക.

| വേഷം | കഥ |
|---|---|
| 1. ഘടോൽകചൻ<br>2. ഹിഡിംബി | ബകവധം |
| 3. ലവൻ<br>4. കുശൻ | ലവണാസുരവധം |
| 5. കൃഷ്ണൻ<br>6. പാഞ്ചാലി | കല്യാണസൗഗന്ധികം |

7. കുംഭകർണ്ണൻ } രാവണോത്ഭവം
8. വിഭീഷണൻ }

എല്ലാ ദിവസവും തോടയവും ആഴ്ചയിൽ രണ്ടു് ദിവസം പകുതിപ്പുറപ്പാടും മൂന്നു് ദിവസം സാധാരണ പുറപ്പാടും പരിശീലിപ്പിക്കേണ്ടതാണു്.

സിദ്ധാന്തം.

പുരാണ കഥാപരിചയവും ഹസ്തലക്ഷണദീപിക തോന്നിയ്ക്കലും.

3-ാം കൊല്ലം.

പ്രയോഗം.

രണ്ടാം കൊല്ലത്തെ പഠിപ്പിന്നു പുറമെ കുമ്മി, മാൻപിടുത്തം എന്നിവ തോന്നിയ്ക്കുകയും ഒന്നാംകൊല്ലം മുതൽക്കുള്ള പഠനം തുടന്നു നടത്തുകയും ചെയ്യുക. ചൊല്ലിയാടിക്കഴിഞ്ഞതടക്കം മുൻപറഞ്ഞ 16 കഥകളിലുള്ള എല്ലാ കുട്ടിത്തര സ്ത്രീവേഷങ്ങളും ചൊല്ലിയാടി ഉറപ്പിക്കുക.

സിദ്ധാന്തം.

പുരാണ കഥാപരിചയം, കഥകളിയെ വളത്തിയ ആശാന്മാരുടേയും മററു കലാകാരന്മാരുടേയും ജീവിത കഥകൾ, ഹസ്തലക്ഷണദീപികാപഠനം മുഴമിയ്ക്കുക.

4-ാം കൊല്ലം.

പ്രയോഗം.

മുൻപറഞ്ഞ സാധകമുറകൾക്കു പുറമെ ഇളകിയാട്ടം, അഷ്ടകലാശം, സാരി, പന്തടി മുതലായവ തോന്നിയ്ക്കുക. 16 കഥകളിലെ ഇടത്തരം രണ്ടാംതരം വേഷങ്ങൾ ചൊല്ലിയാടി ഉറപ്പിക്കുക.

4-ാം കൊല്ലം മുതൽ വിദ്യാത്ഥികളെ ആകാരവും അഭിരുചിയുമനുസരിച്ചു് സ്ത്രീ–പുരുഷ–താടി വിഭാഗങ്ങളിലായി തിരിച്ചു് പ്രത്യേകം ചൊല്ലിയാടിക്കണം.

സിദ്ധാന്തം.

പുരാണ കഥകൾ, കലാകാരന്മാരുടേയും മററും ജീവചരിത്രം, നാട്യശാസ്ത്രത്തിലെ പ്രസക്തഭാഗം.

5ഉം 6ഉം കൊല്ലങ്ങൾ.

പ്രയോഗം.

16 കഥകളിലെ ആദ്യവസാന വേഷങ്ങളെല്ലാം ചൊല്ലിയാടി ഉറപ്പിയ്ക്കുക.

സിദ്ധാന്തം.

(എ) നാട്യശാസ്ത്ര പരിചയം, ഇളകിയാട്ട ശ്ലോകങ്ങൾ മുതലായവ.

(ബി) ലോകത്തിലെ പ്രധാനപ്പെട്ട ക്ലാസിക്കൽ നൃത്തരൂപങ്ങളുടേയും അവയുമായി ബന്ധപ്പെട്ട പ്രസിദ്ധ കലാകാരന്മാരുടേയും ചെറുവിവരണം.

(സി) നാട്യശാസ്ത്രം, അഭിനയദർപ്പണം, ഭാവപ്രകാശം, ബാലരാമഭരതം തുടങ്ങിയ ഗ്രന്ഥങ്ങളെക്കുറിച്ച് പൊതുവേയും അവയിലെ നൃത്തനൃത്യഭാഗങ്ങളെക്കുറിച്ച് പ്രത്യേകമായും പരിചയപ്പെടുക.

(ഡി) കഥകളിയുടെ ചരിത്രം—നൃത്യപ്രബന്ധമെന്ന നിലയിൽ അതിന്ന് ഭാഗവതമേള, കുച്ചിപ്പുടി, യക്ഷഗാനം, കുറവഞ്ചി മുതലായവയുമായുള്ള സാജാത്യവൈജാത്യങ്ങൾ.

(ഇ) കഥകളിയുടെ ഉല്പാദനാവതരണങ്ങളുൾപ്പെടെ പ്രദർശനക്ഷമതയെസ്സംബന്ധിച്ച പ്രശ്നങ്ങൾ, പുതിയ കഥകൾ ചിട്ടപ്പെടുത്തൽ, കഥകളിയും ആധുനിക സ്റ്റേജും.

ആറ് കൊല്ലക്കാലവും വിദ്യാർത്ഥികൾക്ക് മുമ്മൂന്നുമാസം ഉഴിച്ചിൽ നടത്തേണ്ടതാണ്.

കഥകളി വേഷ–സംഗീതങ്ങൾക്കുള്ള ഡിപ്ലോമാ കോഴ്സുകൾക്ക് പഠിക്കേണ്ടതായ 16 കഥകൾ താഴെ പറയുന്നവയാണ്.

1. ബകവധം.
2. കല്യാണസൗഗന്ധികം
3. കിമ്മീരവധം.
4. കാലകേയവധം.
5. കീചകവധം.
6. ഉത്തരാസ്വയംവരം.
7. ദക്ഷയാഗം
8. സുഭദ്രാഹരണം.
9. ബാലിവധം.
10. നരകാസുരവധം.
11. രാവണോത്ഭവം
12. രുഗ്മിണീസ്വയംവരം.
13. രാജസൂയം (വടക്കൻ)
14. രാവണവിജയം.
15. ലവണാസുരവധം.
16. സന്താനഗോപാലം.

## 2. കഥകളി സംഗീതം.

1-ാം കൊല്ലം.

പ്രയോഗം.

(എ) കഥകളി സംഗീതം — ചെമ്പട, ചെമ്പ, അടന്ത, പഞ്ചാരി, ത്രിപുട എന്നീ താളങ്ങരം പിടിച്ച് പഠിയ്ക്കുകയും തോടയം, വന്ദനശ്ലോകങ്ങരം എന്നിവ ചൊല്ലി പഠിക്കുകയും കിമ്മീരവധം, ബകവധം എന്നിവയുടെ സാഹിത്യം തോന്നിക്കുകയും ചെയ്യുക.

(ബി) കർണ്ണാടക സംഗീതം — മായാമാളവഗൌളരാഗത്തിൽ സപ്തസ്വരങ്ങരം മുതൽ സപ്തതാളാലങ്കാരങ്ങരംകൂടി—മലഹരി, മോഹനം, കല്യാണി, കാംബോജി എന്നിവയിൽ ഏതെങ്കിലും 3 ഗീതങ്ങരം—ശങ്കരാഭരണം, ബിലഹരി എന്നിവയിൽ ഏതെങ്കിലുമൊന്നിൽ സ്വരജതി, ശങ്കരാഭരണത്തിൽ ഒരു വർണ്ണം, ആരഭി, ശങ്കരാഭരണം എന്നിവയിലൊന്നിൽ ഒരു കീർത്തനം.

സിദ്ധാന്തം.

നാദം, ആഹതം, അനാഹതം, നാദോല്പത്തി, ഗ്രാമം, മൂർഛന, ശ്രുതി, സപ്തസ്വരങ്ങരം, അലങ്കാരം, ഗീതം, ലക്ഷണഗീതം, നാലുവിധത്തിലുള്ള പ്രബന്ധങ്ങരം, പഠിച്ച താളങ്ങളുടെ ലക്ഷണങ്ങരം എന്നിവ.

2-ാം കൊല്ലം.

പ്രയോഗം.

(എ) കഥകളി സംഗീതം — കിമ്മീരവധം, ബകവധം, പകുതിപ്പുറപ്പാട് എന്നിവ ചൊല്ലി പഠിക്കുകയും കല്യാണസൗഗന്ധികം, കാലകേയവധം എന്നിവ തോന്നിയ്ക്കുകയും ചെയ്യുക.

(ബി) കർണ്ണാടക സംഗീതം — ശങ്കരാഭരണത്തിലും പന്തുവരാളിയിലും ഓരോ അലങ്കാരം. ആരഭി, സാവേരി, ഭൈരവി എന്നിവയിൽ ഓരോ ഗീതം. കല്യാണി, മായാമാളവഗൗളം, മോഹനം, സാരംഗ എന്നിവയിൽ ഓരോ വർണ്ണം. കേദാരഗൗളം, ശങ്കരാഭരണം, ദേവഗാന്ധാരം, മായാമാളവഗൗളം, ധന്യാസി, സൗരാഷ്ട്രം എന്നിവയിൽ ഓരോ കീർത്തനം.

സിദ്ധാന്തം.

രാഗമാലിക, പദം, തില്ലാന, രാഗങ്ങരം, രാഗങ്ങളുടെ പിരിവു

കരം, ജനകരാഗങ്ങരം, ജന്യരാഗങ്ങരം, വക്രരാഗങ്ങരം, വജ്ജ്യരാഗ ങ്ങരം, അവയുടെ പിരിവുകരം, 35 താളങ്ങരം, എടുത്ത രാഗങ്ങളുടെ ലക്ഷണം, സപ്തസ്വരനാമധേയകാരണം, ദ്വാദശസ്ഥാനങ്ങരം.

3-ാം കൊല്ലം.

(എ) കഥകളി സംഗീതം—കല്യാണസൗഗന്ധികം, കാലകേയവധം എന്നിവ പാടിപ്പഠിയ്ക്കുകയും ഉത്തരാസ്വയംവരം, കീചകവധം എന്നിവ ചൊല്ലി തോന്നിയ്ക്കുകയും ചെയ്യുക.

(ബി) കണ്ണ്ാടക സംഗീതം—35 അലങ്കാരങ്ങളിൽ ധ്രുവം, മഠ്യം എന്നിവയിലെ ജാതികരം പാടാറാക്കുക. നീലാംബരി, തോടി എന്നിവയിൽ ഗീതങ്ങരം; മോഹനം, ആനന്ദഭൈരവി എന്നിവയിൽ സ്വരജതി, തോടി (അടതാളം), ഭൈരവി, കാംബോജി എന്നിവയിൽ വണ്ണങ്ങരം; ആനന്ദഭൈരവി, യദുകുലകാംബോജി, വേകട, പന്തുവരാളി, ഗൌളിപ്പന്തു്, മധ്യമാവതി, പുന്നാഗവരാളി, ആഹരി, ഹുസേനി എന്നിവയിൽ കീത്തനങ്ങരം; നാഥനാമക്രിയ, സുരുട്ടി. ശഹന, ചെഞ്ചുരുട്ടി എന്നിവയിൽ പദങ്ങരം.

സിദ്ധാന്തം.

പ്രകൃതിവികൃതി സ്വരങ്ങരം—സ്ഥായി, ശ്രുതി, ദശവിധഗമകങ്ങരം, ദ്വാവിംശതി ശ്രുതികരം—സ്വരപ്രസ്താരം—പഠിച്ച രാഗങ്ങളുടെ ലക്ഷണം—വാഗ്ഗേയകാരന്മാരുടെ ചരിത്രം.

4-ാം കൊല്ലം.

പ്രയോഗം.

ഉത്തരാസ്വയംവരം, കീചകവധം എന്നിവ പാടി ചിട്ടപ്പെടുത്തുകയും ദക്ഷയാഗവും സുഭദ്രാഹരണവും നരകാസുരവധവും ചൊല്ലി തോന്നിയ്ക്കുകയും ചെയ്യുക.

സിദ്ധാന്തം.

കേരള സംഗീതത്തിൻെറ ചരിത്രം.

5-ാം കൊല്ലം.

പ്രയോഗം.

ദക്ഷയാഗം, സുഭദ്രാഹരണം, നരകാസുരവധം എന്നിവ പാടി

ച്ചിട്ടപ്പെടുത്തുക. രാവണോത്ഭവം, ബാലിവധം, രുഗ്മിണീ സ്വയംവരം എന്നിവ ചൊല്ലിത്തോന്നിക്കുക.

സിദ്ധാന്തം.

കേരള നാടൻകലകളിലെ സംഗീതാംശം. സോപാന സംഗീതത്തെക്കുറിച്ച് ചർച്ച.

6-ാം കൊല്ലം.

പ്രയോഗം.

ബാലിവധം, രാവണോത്ഭവം, രുഗ്മിണീസ്വയംവരം എന്നിവ പാടി ചിട്ടപ്പെടുത്തുകയും ലവണാസുരവധം, സന്താനഗോപാലം, രാജസൂയം (വടക്കൻ), രാവണവിജയം എന്നിവ ചൊല്ലിത്തോന്നിക്കുകയും പാടി ഉറപ്പിക്കുകയും ചെയ്യുക.

സിദ്ധാന്തം.

ഇന്ത്യൻ സംഗീതചരിത്രത്തിൻെറ പൊതുവിവരണം—ദക്ഷിണേന്ത്യൻ സംഗീതവും ഉത്തരേന്ത്യൻ സംഗീതവും തമ്മിലുള്ള താരതമ്യം—സംഗീതത്തിൻെറ നാടൻ—ക്ലാസിക്കൽ രൂപങ്ങളും അഭിനയകച്ചേരിരൂപങ്ങളും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ.

## 3. കഥകളിച്ചെണ്ട.

1-ാം കൊല്ലം.

പ്രയോഗം.

കഥകളിമേളം പഠിയ്ക്കാൻ തുടങ്ങുന്നതിനുമുൻപ് ചെണ്ട വിദ്യാത്ഥിക്ക് ഗണപതിക്കൈ കൊട്ടുവാനും തക്കിട, തരികിട, വലത്തേതിൽ തക്കിട, ഇടത്തേതിൽ തക്കിട എന്നീ നാലു് പാഠക്കൈകളും നാലു കാലത്തിൽ സാധകം ചെയ്യുവാനും ചെറിയ തായമ്പക കൊട്ടുവാനും വശമായിരിയ്ക്കണം. കഴിഞ്ഞ പാഠങ്ങളെ ശുദ്ധമല്ലെങ്കിൽ തിരുത്തുകയും തായമ്പകയെ പുതുക്കി ആവൎത്തിയ്ക്കുകയും ചെയ്യുക. പുറപ്പാടു്, മേളപ്പദം എന്നിവ പഠിക്കുക. പുറപ്പാടിലെ കിടതകിധിംതോം ആണു് കൊട്ടിയ്ക്കുക. അങ്ങിനെ ക്രമേണ 4 നോക്കുകളും അടന്തവട്ടം മുതൽ പുറപ്പാടു് കഴിയുന്നതുവരെയും മേളപ്പദവും—സാധകമുറകൾ എല്ലാ ദിവസവും ചെയ്തുകൊണ്ടിരിയ്ക്കണം—താളങ്ങളുടെ പാഠം.

സിദ്ധാന്തം.

(എ) പാഠക്കൈകൾ, തായമ്പക, പുറപ്പാടു്, മേളപ്പദം എന്നിവയുടെ സ്വഭാവവും സ്വരൂപവും—പാഠക്കൈ സാധകം ചെയ്യുന്നതിന്റെ ആവശ്യം—സാധകം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാൎയ്യങ്ങൾ—രണ്ടു് കയ്യിലും കോലെടുത്തുകൊണ്ടുള്ള തക്കിട സാധകത്തിന്റെ ആവശ്യം.

(ബി) പ്രസിദ്ധ ചെണ്ട മദ്ദളവാദകരുടെ ജീവചരിത്രങ്ങൾ.

(സി) കേരളത്തിലെ ചൎമ്മവാദ്യങ്ങളുടെ പേരും സ്വരൂപവും.

2-ാം കൊല്ലം.

പ്രയോഗം.

ആദ്യവൎഷത്തെ പാഠങ്ങളായ പുറപ്പാടു്, മേളപ്പദങ്ങൾ, തായമ്പക എന്നിവ കൊട്ടി പരിചയിക്കുകയും, പതിഞ്ഞവട്ടംവെച്ചു് കലാശം, ഇടമട്ടിലുള്ള കലാശങ്ങൾ, ഇടക്കലാശങ്ങൾ, ചെറിയ ഇരട്ടികൾ എന്നിവ പഠിയ്ക്കുകയും ചെയ്യുക. സുഭദ്രാഹരണത്തിൽ കൃഷ്ണൻ, കല്യാണസൗഗന്ധികത്തിൽ കൃഷ്ണൻ, ഉത്തരൻ, ദൂതന്മാർ എന്നിവൎക്കാണു് ഈ പഠനംകൊണ്ടു് കൊട്ടുവാൻ കഴിയുക. ചൊല്ലിയാടിക്കുന്ന

കളരിയിൽ അദ്ധ്യാപകൻ ഒന്നിച്ചിരുന്നു് ഇവ കൊട്ടിയ്ക്കണം. ഈ വഷത്തിൻെറ അവസാനത്തിൽ അരങ്ങേററം കഴിക്കാവുന്നതാണു്.

സിദ്ധാന്തം.

താളവാദ്യങ്ങളെപ്പററി പൊതുവേയും ഇന്ത്യയിലെ താളവാദ്യങ്ങളെ—പ്രത്യേകിച്ചു് അവനദ്ധ്യവാദ്യങ്ങളെക്കുറിച്ചു് വിശേഷമായും പഠിക്കുക. അവയുടെ സ്വതന്ത്രവാദനവും നൃത്തഗീതാഭിനയങ്ങൾക്കുള്ള വാദനവും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ പഠിക്കുക.

3_ാം കൊല്ലം.

ആദ്യവസാനം ചൊല്ലിയാടുന്ന കളരിയിൽ സ്വന്തം അദ്ധ്യാപകൻെറ മേൽനോട്ടത്തിൽ കൊട്ടുകയും വലിയ ഇരട്ടികൾ, പഞ്ചാരി, ചമ്പ, അടന്ത, മുറിയടന്ത എന്നീ താളങ്ങളിലുള്ള ഇരട്ടികളും തോങ്കാരങ്ങളും കേകിയുടെ ഇരട്ടിയും അഷ്ടകലാശം മുതലായ എല്ലാ ആദ്യവസാനച്ചടങ്ങുകളും പഠിക്കുകയും ചെയ്യുക.

സിദ്ധാന്തം.

(എ) മുദ്രകൾ, കഥാസന്ദർഭങ്ങൾ, ആട്ടങ്ങൾ എന്നിവയുടെ ഗ്രഹിതം ഉണ്ടാക്കുക. കിടതകധിംതാം, പതിഞ്ഞ കിടതകധിംതാം അഞ്ചുകിടതകധിംതാം എന്നിവയുടെ സ്വരൂപങ്ങളും വിനിയോഗങ്ങളും.

(ബി) അഞ്ചുകിടതകധിംതാംവെച്ച കൊട്ടിക്കൊണ്ടും മററുമുള്ള പാത്രപ്രവേശനവിധങ്ങൾ, അടന്ത, ത്രിപുട, മുറിയടന്ത എന്നീ വട്ടങ്ങളിലുള്ള ആട്ടങ്ങളുള്ള സന്ദർഭങ്ങൾ, വലന്തല മേളം വേണ്ടതായ സന്ദർഭങ്ങൾ എന്നിവയും അവയുടെ പ്രയോജനങ്ങളും.

(സി) കേരളത്തിലെ താളവാദ്യങ്ങളുടെ—പ്രത്യേകിച്ചു് ചമ്മവാദ്യങ്ങളുടെ ചരിത്രപരവും സാങ്കേതികവുമായ പഠനം. സ്വതന്ത്രവും സംഗീതനൃത്താഭിനയാംഗവുമായ രണ്ടു് തരത്തിലുള്ള വിവിധ വാദനരൂപങ്ങളും ഈ പഠനത്തിൽ ഉൾപ്പെടുത്തണം.

(ഡി) കേരള താളമുറകളുടേയും കർണ്ണാടക താളപദ്ധതിയുടേയും താരതമ്യ പഠനം.

4-ാം കൊല്ലം.

പ്രയോഗം.

അദ്ധ്യാപക സഹായം കൂടാതെ കളി ആശാൻെറ മേൽനോട്ടത്തിൽ സ്വതന്ത്രമായി ചൊല്ലിയാട്ടത്തിന്നു് കൊട്ടുകയും ഉത്ഭവം, തോരണയുദ്ധം മുതലായ കഥകളിൽ മേളത്തിന്നുള്ള ചിട്ടകളും മററും പഠിക്കുകയും ചെയ്യുക. വേഷാദ്ധ്യാപകൻെറ മേൽനോട്ടത്തിൽ കളരിയിലുള്ള ഈ പരിചയത്തെ ആശ്രയിച്ചാണു് ചെണ്ടക്കാരൻെറ മുഴുവൻ വളർച്ചയും സ്ഥിതിചെയ്യുന്നതു്. താളമേതു്, കാലമേതു്, അതെവിടെ താഴണം, എവിടെ മുറുകണം എന്നു് തുടങ്ങുന്ന എല്ലാ കാര്യങ്ങളും കളരിയാശാൻെറ മുട്ടിയിൽനിന്നുള്ള മുന്നറിയിപ്പിൽനിന്നു് അയാറംക്കു് ഗ്രഹിക്കാറാകണം.

സിദ്ധാന്തം.

(എ) ആട്ടത്തിന്നു് കൊട്ടുന്നതിൽ ചെണ്ടക്കാരനും മദ്ദളക്കാരനും ശ്രദ്ധിക്കേണ്ടതായ കാര്യങ്ങറം, കാലമാററത്തിൻെറ പ്രയോജനം.

(ബി) കഥകളി മേളം — അതിൻെറ പൊതു സ്വരൂപവും സ്വഭാവവും അതിലെ ഘടകങ്ങളും അവയുടെ സ്വരൂപവും മേളത്തിൽ അവയ്ക്കുള്ള പങ്കം — രസഭാവങ്ങളെ പോഷിപ്പിച്ചുകൊണ്ടു് നൃത്തത്തിന്നും അഭിനയത്തിന്നും കൊട്ടൽ — മേളക്കൊഴപ്പു് എന്നാലെന്തു്?

(സി) കഥകളി മേളത്തിന്നു് അടുത്തകാലത്തായി വന്നിട്ടുള്ള മാററങ്ങളും അവയെക്കുറിച്ചുള്ള നിരൂപണവും — കഥകളി മേളത്തിൻെറ ഭാവി.

## 4. മദ്ദളം.

1–ാം കൊല്ലം.

പ്രയോഗം.

കഥകളി മേളം പഠിപ്പാൻ തുടങ്ങുന്നതിനുമുൻപ് മദ്ദളവിദ്യാൎത്ഥിക്ക് പാഠക്കയ്യുകൾ നല്ലപോലെ സാധകം ചെയ്യുന്നതിനും ചെറിയ കേളി കൊട്ടുന്നതിന്നും വേണ്ടത്ര പൂർവ്വപരിചയം സമ്പാദിക്കുന്നതു് നന്നായിരിക്കും. ആദ്യമായി ക്രമത്തിൽ ഗണപതിക്കൈ കൊട്ടുവാനും താഴെ പറയുന്ന 5 പാഠക്കൈകൾ 4 കാലത്തിൽ സാധകം ചെയ്യുവാനും പഠിക്കണം.

1. തധിതോംനാം.
2. ത ധിധ്ധിതോം തോം നാം നാം.
3. ധിക്കിണ്ണ ധിക്കിണ്ണ ധിധി ധിക്കിണ്ണ ധിക്കിണ്ണധിം
4. ധിംതകത ധിംതകത ക്കിണ്ണ ധിം
   തകത ധിംതകത ക്കിണ്ണ.
5. തംകിണ കിടതകി തത കിണ കിടതകി.

മദ്ദളത്തിലെ സ്ഥാനങ്ങൾ ഉറച്ചുകിട്ടുന്നതുവരെ ഈ പാഠക്കൈകൾ സാധകം ചെയ്തതിന്നുശേഷം കേളിക്കയ്യും ചോറിട്ട കയ്യും പഠിക്കുക. കേളിക്കയ്യിന്നു് ക്രമപ്രകാരം അലങ്കാരക്കയ്യ് (മുഖം), ചെമ്പട വട്ടം, കൂറു്, മൂന്നാംവട്ടം, ഇടനില, ഇരികട എന്നിങ്ങനെ ആറു് ഭാഗങ്ങളുണ്ടു്.

സിദ്ധാന്തം.

(എ) പാഠക്കയ്യുകൾ, കേളിക്കയ്യ്, ചോറിട്ടകയ്യ് എന്നിവയുടെ സ്വരൂപവും സ്വഭാവവും. പാഠക്കയ്യ് സാധകം ചെയ്യുന്നതിൻെറ ആവശ്യം. സാധകം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ.

(ബി)
(സി) } ചെണ്ട വിദ്യാൎത്ഥിയുടേതുപോലേ.

2–ാം കൊല്ലം.

പ്രയോഗം.

തോടയം, പുറപ്പാടിൻെറ മേളത്തിന്നു കൂടൽ, മേളപ്പദം

മുതലായവ പഠിയ്ക്കുകയും മുൻ പാഠങ്ങൾ പരിചയിക്കുകയും ചെയ്യുക. വർഷാവസാനത്തിൽ അരങ്ങേററം കഴിക്കാവുന്നതാണ്.

സിദ്ധാന്തം.

തോടയം, പുറപ്പാട്, മേളപ്പദം എന്നിവയുടെ സ്വരൂപം -- അവയിൽ മദ്ദളത്തിന്നുള്ള സ്ഥാനം.

(ബാക്കി ചെണ്ടവിദ്യാർത്ഥിയുടേതുപോലെ)

3-ാം കൊല്ലം.

പ്രയോഗം.

പതികാലം, പതിഞ്ഞ പഞ്ചാരി, ചമ്പ, അടന്ത മുതലായ കൂറുകൾ, എടവട്ടം, മൂന്നാംവട്ടം, ഇടനില, ഇരികട എന്നീഘട്ടങ്ങളുള്ളതായ തായമ്പകയുടെ കാലത്തിലുള്ള കേളിക്കയ്യും സ്ത്രീവേഷ കലാശങ്ങൾ, ഇരട്ടികൾ, വലന്തല മേളത്തിൽ കൊട്ടേണ്ടതായ ക്രമങ്ങൾ, പൊതുവെ ചൊല്ലിയാട്ടത്തിന്ന് കൊട്ടൽ എന്നിവയും പഠിക്കുക. ഈ വർഷം മുതൽ കളരിയിൽ പരിശീലിച്ചുതുടങ്ങണം.

സിദ്ധാന്തം.

കേളിയുടെ സ്വരൂപവും പ്രാധാന്യവും.

(ബാക്കി ഭാഗം ചെണ്ട വിദ്യാർത്ഥിയുടേതുപോലെ)

4-ാം കൊല്ലം.

പ്രയോഗം.

മുൻ പാഠങ്ങൾ ഉറപ്പിയ്ക്കുകയും ആശാന്മാരുടെ സഹായമില്ലാതെ കളരിയിൽ പരിശീലിക്കുകയും ചെയ്യണം. വലന്തല മേളങ്ങൾക്ക് ഇടതുത്തിക്കൊട്ടാറാവാൻ പഞ്ചവാദ്യപഠനം ഉപകരിക്കും. അതിനാൽ 4-ാം വർഷത്തിൽ രണ്ട് മാസത്തോളം തിമിലക്കാരനുമായി കൂടികൊട്ടിപരിചയിയ്ക്കുണം.

സിദ്ധാന്തം.

(ചെണ്ട വിദ്യാർത്ഥിയുടേതുപോലെ)

## 5. ചുട്ടിയും കോപ്പുപണിയും.

1-ാം കൊല്ലം.

പ്രയോഗം.

(എ) ചുട്ടിപ്പണി—കഥകളിച്ചുട്ടിയിൽ പ്രധാനമായി പച്ച, കത്തി, ചുകന്ന താടി, വെള്ളത്താടി, കാട്ടാളൻ, കരി, നരസിംഹം എന്നിങ്ങനെ 7 തരങ്ങൾ ഉണ്ട്. ഇതിന്നുപുറമെ കത്തിയുടെ അവാന്തരവിഭാഗമായ നെടുങ്കത്തിയും ചുകന്ന താടിയിലെ വിഭാഗങ്ങളായ ബാലി, സുഗ്രീവൻ, വീരഭദ്രൻ എന്നീ വേഷങ്ങളുമുണ്ട്. ആദ്യത്തെ വഷ്ത്തിൽ പച്ച, കത്തി, നെടുങ്കത്തി, ചുകന്ന താടി, വെള്ളത്താടി എന്നിവയെങ്കിലും പഠിക്കണം.

ആദ്യം പച്ചച്ചുട്ടി പഠിക്കുക. കാഴ്ചക്ക് വിഷമം കുറഞ്ഞതും എന്നാൽ കോട്ടം തീൻ കിട്ടി പഠിഞ്ഞുവരാൻ ഏററവും പ്രയാസമുള്ളതുമാണ് ഇതു്.

ഇതോടുകൂടി കഥകളിയിൽ മുഖത്തേപ്പിന്നാവശ്യമായ നിറക്കൂട്ടുകൾ ഉണ്ടാക്കുന്നതിന്നുള്ള ചായില്യം, മനയോല, ചെഞ്ചില്യം, നീലം, മഷി മുതലായ സാധനങ്ങളും നിറക്കൂട്ടുകൾ ഉണ്ടാക്കുന്ന വിധങ്ങളും ആയി പരിചയപ്പെടുവാൻ തുടങ്ങണം.

(ബി) കോപ്പുപണി—കോപ്പിലെ ഇനങ്ങൾ പഠിക്കുന്നതോടെ താഴെ പറയുന്നവ പരിശീലിക്കുവാൻ തുടങ്ങുക.

I തുന്നൽപ്പണി (കൈത്തുന്നൽ മാത്രം)

(1) കഴുത്താരം – നൂല് പേക്കുക, ചരട് പിരിക്കുക, മണികൾ കോക്കുക, പട്ടം തുന്നിപ്പിടിപ്പിക്കുക, പൊട്ടപ്പുകെട്ടി കാളാഞ്ചി കോത്തുകെട്ടുക.

(2) നാടകൾ—നെററിനാടയും കഴുത്തുനാടയും—വിളക്കുനാടമേൽ ചുവപ്പുതുണിയും കറുപ്പുതുണിയും തുന്നിപ്പിടിപ്പിച്ച് നടുക്ക് മണി തുന്നിക്കെട്ടുക.

(3) തണ്ടപ്പുതപ്പ്—ശീലകൊണ്ടു് തിരി തിരച്ച് ചകലാസുകൊണ്ടു് പൊതിഞ്ഞു് തുന്നി നാട പിടിപ്പിക്കുക.

(4) കെച്ചമണി—പതുപ്പു തുണി നാട പിടിപ്പിക്കുക.

(5) തലമുടി—വക്കനാര് ചരടിൽ മെടഞ്ഞു് ചായം മുക്കുക, ചീകി വേർവിടത്തുക.

II മുടിപ്പണി:

(1) ചൂരൽ പാകപ്പെടുത്തി കുനിയ്ക്കുക (കരിമുടിയ്ക്ക്)

(2) ശീലപശയിടുക—ശീലപശതേച്ച് ഒട്ടിച്ച് കോട്ടം തീക്കുക.

(3) കെട്ടുകച്ച പിടിപ്പിക്കുക. പാകത്തിനു് തുണി വെട്ടി കൈകൊണ്ടു് തുന്നിപ്പിടിപ്പിക്കുക.

III മരംകൊണ്ടുള്ള മെയ്യാഭരണങ്ങരം അലങ്കരിയ്ക്കൽ:

(1) ചരടു് കോക്കൽ—കൊരലാരത്തിന്നും പടിയരഞ്ഞാണത്തിന്നും ചരടു് കോക്കൽ.

(2) കല്ലുപതിയ്ക്കൽ—കൊരലാരം, പടിയരഞ്ഞാൺ തുടങ്ങിയവയിൽ ചില്ലോ കല്ലോ പാകപ്പെടുത്തി പതിക്കുക.

(3) ചകലാസു് പതിക്കൽ—കൊരലാരം, പടിയരഞ്ഞാൺ തുടങ്ങിയവയിൽ ചകലാസു് മെഴുകിൽ പതിക്കുക.

(4) തകിടു് ഇടൽ—മേൽ പറഞ്ഞ കോപ്പുകളിൽ തകിടു് പാകത്തിന്നു് വെട്ടിപ്പതിയ്ക്കുക.

(5) പൊടുപ്പു് കെട്ടുക—ആവശ്യമുള്ളവയിൽ കാളാഞ്ചിയിൽ കോത്തു് പൊടുപ്പു് കെട്ടുക.

സിദ്ധാന്തം.

ചതുർവ്വിധാഭിനയത്തിൽ ആഹാൎയ്യത്തിന്നുള്ള സ്ഥാനം – അതിനെക്കുറിച്ച് ഭരതാദികളുടെ മതം—നൃത്തനൃത്യനാട്യങ്ങളിലെ ആഹാൎയ്യങ്ങരം തമ്മിലുള്ള വ്യത്യാസം—ആഹാൎയ്യത്തിലെന്തെല്ലാം പെടുന്നു? വൎണ്ണസങ്കലനത്തിൻെറ തത്വം—വൎണ്ണങ്ങളുടെ ഭാവോദ്ദീപനശക്തിയും പ്രതിരൂപാത്മകത്വവും—ആഹാൎയ്യത്തിലുരംക്കൊള്ളുന്ന ചിത്രമെഴുത്തു്, കൊത്തുപണി മുതലായ കലകരം.

കേരളത്തിലെ വിവിധ നാടൻ (ദേവതാരാധനാപരവും അല്ലാത്തവയും) കലകളിലേയും നാടനല്ലാത്തവയിലേയും (കൂടിയാട്ടം etc.) ആഹാൎയ്യം—അവയിലെ വൎണ്ണസങ്കലനരീതി, അനുകരണം, ശൈലീകരണം, കേവലീകരണം മുതലായവ. കൊത്തുപണി, ചുമർ ചിത്രങ്ങരം, മററു ചിത്രങ്ങരം, പ്രതിമാനിൎമ്മാണം, വാസ്തുശില്പം, കളമെഴുത്തു്, പൊയ്മുഖ നിൎമ്മാണം മുതലായവ ഈ പഠനത്തിനു് വിഷയമാകണം. അതിൻെറ അടിസ്ഥാനത്തിൽ കഥകളിയിലെ ആഹാൎയ്യത്തിൻെറ ചരിത്രവും സ്വഭാവവും അൎത്ഥവും പഠിക്കുക.

2–ാം കൊല്ലം.

പ്രയോഗം.

(എ) ചട്ടിപ്പണി—പഠിക്കാൻ ബാക്കിയുള്ളതു് പഠിക്കുക.

(ബി) കോപ്പുപണി.

I തുന്നൽപ്പണി (കൈത്തുന്നൽ മാത്രം)

(1) ഉത്തരീയം—കൊട്ട പൊതിഞ്ഞു് കണ്ണാടിവെച്ചു് തുന്നിപ്പിടിപ്പിക്കുക—അലങ്കാരപ്പണി നടത്തുക.

(2) ഒററനാക്ക്—ശീലകൊണ്ടും കടലാസുകൊണ്ടും തുന്നി പൈപ്പിങ്ങ്വെച്ചു് പൊടിപ്പു് തുന്നി വെള്ളിച്ചന്ദ്രക്കല, പൂവു്, കുമിള എന്നിവ പിടിപ്പിക്കുക—കാളാഞ്ചിയും പൊടിപ്പും കെട്ടുക.

(3) ഋഷിത്താടി—ചാമരം മെടഞ്ഞു് കച്ചിയിൽ പിടിപ്പിച്ചു് താടിയാക്കുക.

II മുടിപ്പണി.

(1) കൃഷ്ണമുടി—ചൂരൽ പാകപ്പെടുത്തി കുനിയ്ക്കുക, ശീല പശയിടുക, കെട്ടുകച്ച പിടിപ്പിക്കുക, വണ്ടോടു് വെക്കുക, കരിമുടിക്കും കൃഷ്ണമുടിക്കും വണ്ടോടു് മെഴുകിൽ പതിക്കുക.

(2) കരിമുടിപ്പണി മുഴമിക്കുക. ചൂരലും പീലിയും കെട്ടി അററത്തു് കുററിയും കണ്ണും വെച്ചു് കൊക്കട തുന്നിപ്പിടിപ്പിച്ചു് മുകളിൽ അടച്ചു് മുടിപ്പിടിപ്പിക്കുക.

(3) കൃഷ്ണമുടി മുഴമിപ്പിക്കുക—ചകലാസ്സിൽ വെള്ളിപ്പൂവു് തുന്നിപ്പൊതിഞ്ഞു് പിഞ്ചരത്തിൽ കുററിയും കണ്ണും വെച്ചു് അടപ്പിട്ടു് അലുക്കു് പിടിപ്പിച്ചു് പിന്നിൽ മുടിത്തുന്നുക.

III മരപ്പണി.

(1) ചരടു് കോക്കൽ—ചെവിപ്പൂവു്, തോട, തോറംപ്പൂട്ടു്, പരുത്തിക്കായമണി, വള, ഹസ്തകടകം ഇവയിൽ ആവശ്യമുള്ളവക്കു് ചരടു് കോക്കുക.

(2) കല്ലു് പതിക്കുക—മേൽ പറഞ്ഞവയിൽ കല്ലോ ചില്ലോ പാകപ്പെടുത്തിവെക്കുക,

(3) ചകലാസ്സു് പതിക്കുക—വെള്ളിതുന്നി ചകലാസ്സു് മെഴുകിൽ പതിക്കുക.

(4) നിറമിടുക—മേൽ പറഞ്ഞവയിൽ തകിട്ട് പതിക്കുക.

(5) പൊട്ടപ്പ് കെട്ടുക—ആവശ്യമുള്ളവക്ക് കാളാഞ്ചി കോത്ത്
പൊടിപ്പ് കെട്ടുക.

2-ാം കൊല്ലം. (രണ്ടാം പകുതി)

പ്രയോഗം.

കോപ്പുപണി (തുടച്ച്)

IV തുന്നൽപ്പണി (കൈത്തുന്നലും മിഷ്യൻ തുന്നലും)

(1) തിരശ്ശീല, മേലാപ്പ്, കുപ്പായങ്ങൾ, ചോപ്പുവാല് മുത
ലായവ പാകത്തിന്നു വെട്ടി മിഷ്യനിൽ തുന്നുക.

(2) താടികൾ—കമ്പിളിനൂലുകൊണ്ടും ചാമരംകൊണ്ടും ചുവന്ന
താടി, കറുത്ത താടി, വെളുത്ത താടി മുതലായവ മെടഞ്ഞു
തുന്നി വെട്ടി ഭംഗിയാക്കുക. തോലിന്മേൽ ചാമരംകൊണ്ട്
തുന്നി ബ്രാഹ്മണത്താടി ഉണ്ടാക്കുക.

(3) വാല്, കച്ച ഇവ വക്ക തൈക്കുക.

V മുടിപ്പണി.

(1) ഹനുമാൻമുടി—ചൂരൽ പാകപ്പെടുത്തി വേണ്ടപോലെ കു
നിച്ച് വണ്ടോട് വെക്കുന്നതുവരെ മററു മുടികൾപോലെ.

(2) അടിഭാഗത്ത് പൂവ് തുന്നിച്ച കടലാസ്സ് തുന്നിപ്പിടിപ്പിച്ച്
മുകളിൽ പഞ്ഞികൊണ്ട് പൊതിഞ്ഞു കോട്ടംതീത്ത്
ഫ്ളാനൽകൊണ്ട് പൊതിയുക.

(3) അലുക്ക് ചുവട്ടിൽ തുന്നി അവസാനമായി തട്ടിന്നുമുകളിൽ
ഫ്ളാനൽ പൊതിയുക.

(4) മുകളിൽ മകുടം വെച്ച് തലമുടി പിടിപ്പിക്കുക.

VI മരപ്പണി.

(1) ഋഷിമുടി—മരംകൊണ്ടുണ്ടാക്കിയതിൽ കെട്ടുകച്ച പിടി
പ്പിച്ച് ചില്ലോ കല്ലോ പതിക്കുക. വണ്ടോട് പതിച്ച്
ചകലാസ്സ് കെട്ടി വെള്ളി പിടിപ്പിച്ച് മുടി തുന്നൽപ്പണി
മുഴുമിക്കുക.

(2) കിരീടം—നെററി കുനിച്ച് പശയിട്ട് കെട്ടുകച്ച തുന്നിപ്പി
ടിപ്പിക്കുക. ചില്ലോ കല്ലോ പതിക്കുക. വണ്ടോട് പ
തിക്കുക—ചകലാസ്സ് വെട്ടി വെള്ളി തുന്നിപ്പതിക്കുക—

തകിട്ട് പതിക്കുക—വെള്ളി തുന്നി താരയിലൊട്ടിച്ച് പീലി കെട്ടുക—അലുക്ക് നിറക്കുക—ചരടിട്ട് കൂട്ടിയിണക്കുക.

(3) കുററിച്ചാമരം—പീലികെട്ടുന്നതുവരെയെല്ലാം കേശഭാരകിരീടംപോലെ. കേശഭാരത്തിൻെറ വക്കത്തു് പീലിച്ചുരുളും പൊട്ടപ്പും കെട്ടുക. പ്രഭയുടെ വക്കത്തു് പൊട്ടപ്പ് കെട്ടുക. അലുക്ക് തറച്ച് കൂട്ടിയിണക്കുക.

(4) ആയുധങ്ങരം തുടങ്ങി ചായം തേക്കേണ്ടതെല്ലാം ചായം തേക്കുക.

സിദ്ധാന്തം.

കഥകളിയിലെ ആഹാര്യകലയുടെ നിഷ്കൃഷ്ടപഠനം—പാത്രസ്വഭാവവും നൃത്തവുമായി വേഷവിധാനത്തിന്നുള്ള ബന്ധം. വർണ്ണങ്ങളുടെ സന്നിവേശവൈചിത്ര്യത്തിൻെറ അർത്ഥം. ആഹാര്യകലക്ക് അടുത്തകാലത്തുണ്ടായ വളർച്ച. അതിൻെറ നിരൂപണം. വ്യക്തിസ്വഭാവം കൂടുതൽ പ്രകാശിക്കുന്നതുസംബന്ധിച്ചും പുതിയ പാത്രങ്ങളുടെ വേഷവിധാനം സംബന്ധിച്ചുമുള്ള പ്രശ്നങ്ങരം—കഥകളി സ്റ്റേജ്—ആവശ്യമായ സംസ്കരണത്തിന്നുള്ള സാദ്ധ്യത ഇത്യാദി.

## 6. ഓട്ടൻതുള്ളൽ.

1-ാം കൊല്ലം.

പ്രയോഗം.

(എ) ഒരു മാസത്തെ കച്ചകെട്ട്, മെയ്യടവ്, ഉഴിച്ചിൽ എന്നിവയും കണ്ണുസാധകവും നിത്യേനയുള്ള ധിത്തത്തത്ത എന്ന കാൽ സാധകത്തിൻേറയും തൈഹിതധിതി, തൈഹിതധോം തോം എന്ന ഇരട്ടിവട്ടത്തിൻേറയും പരിശീലനവും താളങ്ങൾ പിടിച്ച് പരിചയിയ്ക്കലും ഇരുന്നുകൊണ്ട് മുദ്രയോടുകൂടിയുള്ള പദാഭിനയവും.

(ബി) ചെമ്പട താളത്തിൽ അരങ്ങുവന്ദനത്തിനുള്ള അരങ്ങുതാളമെന്ന നൃത്തവിശേഷവും ഗണപതിവന്ദനത്തിനുള്ള നാട്ടരാഗശ്ലോകവും സരസ്വതീവന്ദനത്തിനുള്ള തോടിരാഗശ്ലോകവും കൃഷ്ണനെ വന്ദിക്കാനുള്ളതും കേദാരഗൗളത്തിലുള്ളതുമായ ''കൊണ്ടൽനേർനിറമുടയവനെ'' എന്ന പദവും ''ഗുരുചരണാംബുജയുഗളം'' എന്നു് തുടങ്ങുന്ന മുഖാരിയിലുള്ള ഗുരുവന്ദനവും പാടാനും തുള്ളാനും പഠിയ്ക്കുക.

(സി) പാത്രചരിതം, കിരാതം, അന്തകവധം ഇവയിലൊന്നു് ചൊല്ലിയാടുവാനും മററു രണ്ടെണ്ണം പിന്നിൽനിന്നു പാടുവാനും പഠിയ്ക്കുക.

(ഡി) കർണ്ണാടക സംഗീതം—സാധകക്രമംതൊട്ട് സ്വരാവലി വരിശകൾ, ജണ്ടവരിശകൾവരെ.

ആദ്യത്തെ ആറുമാസത്തിന്നുശേഷമേ ചൊല്ലിയാട്ടം തുടങ്ങേണ്ടു. വർഷാവസാനം അരങ്ങേററമാവാം.

സിദ്ധാന്തം.

(എ) കർണ്ണാടക സംഗീതം—സംഗീതം, ശ്രുതി, ചതുരശ്രജാതി ത്രിപുടയുടെ അംഗലക്ഷണം.

(ബി) കുഞ്ചൻനമ്പ്യാരുടെ ജീവചരിത്രവും തുള്ളലിൻെറ ഉല്പത്തിയും. മൂന്നുതരം തുള്ളലുകൾ.

2-ാം കൊല്ലം.

പ്രയോഗം.

(എ) ഒരു മാസത്തെ ഉഴിച്ചിലിന്നും ഒന്നാം കൊല്ലത്തെ സാധകമുറകൾക്കും പുറമെ രസാഭിനയം, പദാഭിനയം മുതലായവ.

(ബി) പാടാൻ പഠിച്ചതിൽ ചൊല്ലിയാടാൻ ബാക്കിയുള്ള

രണ്ടു് കഥകഠം ചൊല്ലിയാട്ടകയും കല്യാണസൗഗന്ധികം, രാമാനു ചരിതം, സന്താനഗോപാലം എന്നീ മൂന്നു കഥകഠം പാടാൻ പഠിക്കുകയും ചെയ്യുക.

(സി) കർണ്ണാടക സംഗീതം—ജണ്ടവരിശകഠം, മദ്ധ്യസ്ഥായിവരിശകഠം, താരസ്ഥായിവരിശകഠം, മന്ദ്രസ്ഥായിവരിശകഠം, ധാട്ടുവരിശകഠം.

സിദ്ധാന്തം.

(എ) ലോകത്തിലെ പ്രധാനപ്പെട്ട ക്ലാസിക്കൽ നൃത്തനൃത്യങ്ങളേയും അവയോടു് ബന്ധപ്പെട്ട പ്രസിദ്ധ കലാകാരന്മാരേയും കുറിച്ചു് ചെറുവിവരണം.

(ബി) തുള്ളൽ നൃത്യരൂപത്തിന്റെ ഉല്പത്തിയും ചരിത്രപരവും സാങ്കേതികവുമായ വളച്ച, അവയ്ക്കു് പ്രേരകമായേക്കാവുന്ന മററു കലകഠം എന്നിവയെക്കുറിച്ചു് പഠനം.

3-ാം കൊല്ലം.

പ്രയോഗം.

(എ) രണ്ടാം കൊല്ലം പോലെ.

(ബി) കല്യാണസൗഗന്ധികം, രാമാനുചരിതം, സന്താനഗോപാലം എന്നിവ ചൊല്ലിയാട്ടകയും രുഗ്മിണീസ്വയംവരം, പാഞ്ചാലീസ്വയംവരം, സുന്ദരീസ്വയംവരം എന്നിവ പാടാൻ പഠിക്കുകയും ചെയ്യുക.

(സി) മുഖത്തു് തേയ്ക്കാനും കച്ചയിടുവാനും ശീതങ്കനുള്ള കൊണ്ടത്തോമര മുതലായ കുരുത്തോലയാഭരണങ്ങഠം ഉണ്ടാക്കുവാനും പഠിക്കുക.

(ഡി) കർണ്ണാടക സംഗീതം—മുപ്പത്തഞ്ചു് താളാലങ്കാരങ്ങളും വ്യത്യസ്ത താളരാഗങ്ങളിൽ മൂന്നു് ഗീതങ്ങളും ഒരു സ്വരജതിയും.

സിദ്ധാന്തം.

(എ) കർണ്ണാടക സംഗീതം—മുപ്പത്തഞ്ചു് താളങ്ങളുടെ ജാതികളും അംഗലക്ഷണങ്ങളും—സ്വരസ്ഥാനങ്ങളുടെ പേരുകഠം.

(ബി) പഠിച്ച കഥകളിലെ താളരാഗലക്ഷണങ്ങഠം. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിവയിൽ ഉപയോഗിച്ചിട്ടുള്ള വിവിധ വൃത്തങ്ങളുടെ സാമാന്യപരിചയം.

(സി) ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിവ തമ്മിലുള്ള സാങ്കേതിക വ്യത്യാസങ്ങൾ.

(ഡി) തുള്ളൽ സാഹിത്യത്തിൻെറ സാമാന്യ സ്വഭാവം.

4-ാം കൊല്ലം.

പ്രയോഗം.

(എ) രുഗ്മിണീസ്വയംവരം, പാഞ്ചാലീസ്വയംവരം, സുന്ദരീസ്വയംവരം, പുളിന്ദീമോക്ഷം എന്നിവ ചൊല്ലിയാടുക; പഠിച്ചവ കൂടുതൽ ഉറപ്പിയ്ക്കുകയും ചെയ്യുക. ഇതിന്നു പുറമെ ബകവധം, കൃഷ്ണലീല, നളദൂതു് എന്നിവ ചൊല്ലിപ്പഠിയ്ക്കുക.

(ബി) കർണ്ണാടക സംഗീതം—ഒരു ജതിസ്വരം, രണ്ടു് താനവർണ്ണം, ഒരു കീർത്തനം.

സിദ്ധാന്തം.

(എ) കർണ്ണാടക സംഗീതം—സഞ്ചാരിഗീതം, ലക്ഷണഗീതം, ജതിസ്വരം, സ്വരജതി, വർണ്ണം, കീർത്തനം ഇവയുടെ ലക്ഷണം.

(ബി) തുള്ളലിലെ നൃത്താഭിനയങ്ങളുടെ സ്വഭാവം—അവയുടെ നാട്യധർമ്മിത്വത്തിൻെറ തോതു്. ഏകാഹാര്യമെന്ന നിലയിൽ തുള്ളലിൻെറ പഠനം. സമാനനൃത്തരൂപങ്ങളുമായും (ഭരതനാട്യം, മോഹിനിയാട്ടം മുതലായവ) നൃത്യബന്ധങ്ങളുമായുള്ള താരതമ്യം.

(സി) അടുത്തകാലത്തായി തുള്ളലിലെ ചതുർവ്വിധാഭിനയങ്ങളിൽവന്ന പരിഷ്ക്കരണങ്ങളും അവയെക്കുറിച്ചു് നിരൂപണവും. തുള്ളലിൻെറ ഭാവി.

## 7. മൃദംഗം.

1—ാം കൊല്ലം.

പ്രയോഗം.

1. ആദിതാളം, രൂപകതാളം എന്നിവയുടെ പാഠങ്ങൾ.
2. ആദിതാളങ്ങളിൽ ഒന്നാംകാലമിട്ടു് ചൊല്ലുകളും മദ്ധ്യമ കാലമിട്ടു് ചൊല്ലുകളും.
3. ആദിതാളം, രൂപകതാളം, മോറ (ചെറിയതു്)

സിദ്ധാന്തം.

1. സപ്തതാളങ്ങളും അവയുടെ ലക്ഷണങ്ങളും.
2. താളദശപ്രാണങ്ങൾ.
3. പ്രസിദ്ധ മൃദംഗ വിദ്വാന്മാരുടെ ജീവിതകഥ.
4. കേരളത്തിലെ ചർമ്മവാദ്യങ്ങളുടെ പേരും സ്വരൂപവും.

2—ാം കൊല്ലം.

പ്രയോഗം.

1. ചാപ്പുതാളം, ദ്രുതകാലച്ചൊല്ലുകൾ.
2. മോറ—ഒരാവർത്തനം മുതൽ നാലാവർത്തനംവരെ.
3. ത്സമ്പതാളം—മോറ.
4. ആദി, രൂപകം എന്നീ താളങ്ങളിൽ വലിയ മോറ.
5. മദ്ധ്യമകാലമിട്ട ചൊല്ലുകൾ.
6. ത്സമ്പതാളത്തിൽ ഒന്നാംകാലമിട്ട ചൊല്ലുകൾ.

സിദ്ധാന്തം.

1. കാലം, മാർഗ്ഗം, ക്രിയ, അംഗം, ഗ്രഹം എന്നിവയെപ്പററി വിവരണം.
2. മൃദംഗവാദ്യ ലക്ഷണം.
3. താളവാദ്യങ്ങളെപ്പററി പൊതുവേയും ഇന്ത്യയിലെ താള വാദ്യങ്ങളെ പ്രത്യേകിച്ചു് ചർമ്മവാദ്യങ്ങളെപ്പററി വിശേഷിച്ചും പഠിയ്ക്കുക.
4 താളവാദ്യങ്ങളുടെ—വിശേഷിച്ചു് ചർമ്മവാദ്യങ്ങളുടെ സ്വതന്ത്രവാദനവും സംഗീത നൃത്താഭിനയങ്ങൾക്കുള്ള വാദനവും തമ്മിലുള്ള വ്യത്യാസം.

3-ാം കൊല്ലം.

1. ഝമ്പതാളം—മധ്യകാലമിട്ടു് ചൊല്ലൽ.
2. ഝമ്പ 16 ആവൎത്തനം വലിയ മോറ.
3. ആദി, രൂപകം എന്നീ താളങ്ങളിൽ ½ ആവൎത്തനം മുതൽ 2 ആവൎത്തനംവരെ മുത്തായിപ്പ സമ്പ്രദായം.
4. ചാപ്പുതാളത്തിൽ 4 ആവൎത്തനം മോറ.
5. ചാപ്പു്, ആദി, രൂപകം എന്നീ താളങ്ങളിൽ ''തധിംകിണതോം'' സമ്പ്രദായം.
6. ചാപ്പുതാളം മധ്യമകാലമിട്ട ചൊല്ലൽ.
7. ആദിതാളം തനിയാവൎത്തനസമ്പ്രദായം.

സിദ്ധാന്തം.

1. ജാതി, കള, ലയം, യതി, പ്രസ്താരം എന്നിവയെപ്പററി വിവരണം.
2. പഞ്ചതാളങ്ങളും അതിൻെറ ലക്ഷണവും.
3 കേരളത്തിലുള്ള താളപ്രയോഗങ്ങളുടെ പഠനം.
4. തമിഴ് നാട്ടിലെ മററു ചൎമ്മവാദ്യങ്ങളുടെ ചുരുങ്ങിയ വിവരണം.

4-ാം കൊല്ലം.

പ്രയോഗം.

1. ആദി, രൂപകം എന്നിവയിലെ തധിംകിണതോം സമ്പ്രദായം.
2. ആദിയിൽ 4 ആവൎത്തനത്തിൽ വലിയ മോറ.
3. രൂപകത്തിൽ 12 ആവൎത്തനത്തിൽ വലിയ മോറ.
4. ചാപ്പുതാളത്തിൽ 8 ആവൎത്തനത്തിൽ വലിയ മോറ.
5. ഝമ്പതാളത്തിൽ 12 ആവൎത്തനത്തിൽ വലിയ മോറ.
6. ഇടങ്ങളിൽ തനിയാവൎത്തനസമ്പ്രദായം.
7. രൂപകചാപ്പു താളങ്ങളിൽ തനിയാവൎത്തനസമ്പ്രദായം.
8. ജാതികഠം മാററുന്ന സമ്പ്രദായം.

സിദ്ധാന്തം.

1. നവസന്ധിതാളമെന്നാലെന്തു്?
2. കീൎത്തനങ്ങഠം, പല്ലവി ഇവയുടെ സാമാന്യ ലക്ഷണം.

## 7. മോഹിനിയാട്ടവും ഭരതനാട്യവും.

1-ാം കൊല്ലം.

പ്രയോഗം.

(എ) ഡാൻസ്സ്.

1. നിലകരം ... 10
2. തട്ടടവുകരം ... 7
3. നാട്ടടവുകരം ... 8
4. താതൈതൈതത് ... 2
5. തൈഹ തൈഹി ... 5
6. തതൈ താഹ ... 4
7. ധിതിതൈ (തധിംകിണതോം) ... 1
8. കിടതകതരികിടതോം ... 1

മേൽ കൊട്ടത്ത 35 അടവുകളും 3 കാലത്തിൽ നല്ലവണ്ണം അഭ്യ നിക്കുകയും കഴുത്തു്, കണ്ണു്, കയ്യ് എന്നിവയുടെ ചലനങ്ങരം ശീലിക്കുകയും ചെയ്യതിന്നുശേഷം

9. തിശ്രത്തിൽ അലാരിപ്പു്.

(ബി) സംഗീതം.

സാധകക്രമം തുടങ്ങി സ്വരാവലി വരിശ്ശുകരം, ജണ്ടവരിശകരം, മധ്യസ്ഥായിവരിശകരം, താരസ്ഥായിവരിശകരം, ധാട്ടുവരിശകരം.

സിദ്ധാന്തം.

(എ) ഡാൻസ്സ്.

1. നൃത്തനൃത്യനാട്യഭേദം, പഠിച്ച അടവുകളിൽ വരുന്ന നൃത്തഹസ്തങ്ങളെപ്പററി പ്രാഥമിക പരിജ്ഞാനം, സംയുക്താസംയുക്തഹസ്തങ്ങരം, കണ്ഠഭേദങ്ങരം, ദൃഷ്ടിഭേദങ്ങരം.

2. ഭാവരാഗതാളങ്ങരം, താണ്ഡവലാസ്യവിഭാഗം, സ്ഥാനം, മണ്ഡലം, ചാരി, അംഗശുദ്ധി.

(ബി) സംഗീതം.

സംഗീതം, നാദം, ശ്രുതി, സ്വരം, സ്ഥായി, ആരോഹണം, അവരോഹണം, ആദിതാളത്തിൻെറ അംഗലക്ഷണം

2-ാം കൊല്ലം.

പ്രയോഗം.

(എ) ഡാൻസ്സ്.

| | | | |
|---|---|---|---|
| 1. | താതൈതൈത | ... | 4 |
| 2. | തൈയ്യ തൈയ്യി | ... | 2 |
| 3. | തതൈതൈതാഹ | ... | 4 |
| 4. | തതൈതൈതാം | ... | 6 |
| 5. | തൈതൈതൈതത്ത | ... | 3 |
| 6. | തിതൈതന്തതാതൈ | ... | 3 |
| 7. | മണ്ഡി അടവ് | ... | 2 |
| 8. | ചതുക്കലടവ് | ... | 2 |
| 9. | (ധിതിതൈ) ധിംകിണതോം | | 4 (4 ജാതി) |

മേൽ പറഞ്ഞ 30 അടവുകളും 3 കാലത്തിൽ അഭ്യസിക്കുക.

| | | | |
|---|---|---|---|
| 10. | അലാരിപ്പ് | ... | 1 + 1 = 2 |
| 11. | ജതിസ്വരം | ... | 2 |
| 12. | ചെറിയ പദം | ... | 1 |

(ബി) സംഗീതം.

35 അലങ്കാരങ്ങരം, സപ്തതാളാലങ്കാരങ്ങരം, 2 സഞ്ചാരിഗീതം, 1 ലക്ഷണഗീതം, 1 സ്വരജതി, പഠിച്ചുകഴിഞ്ഞ നൃത്തഗാനങ്ങരം.

സിദ്ധാന്തം.

(എ) ഡാൻസ്സ്.

1. ജതി, അടവ്, തീരുമാനം, ചൊൽക്കെട്ട്, രേചകം, ലോകധർമ്മി, നാട്യധർമ്മി.
2. ചതുർവ്വിധാഭിനയം, സംയുക്താസംയുക്ത ഹസ്തങ്ങളുടേയും കണ്ഠദൃഷ്ടിഭേദങ്ങളുടേയും വിനിയോഗം.
3. ഭാവരസങ്ങരം.
4. താളപദ്ധതി—ചൊൽക്കെട്ട് 3 കാലങ്ങളിൽ പറയുക.
5. ഭരതനാട്യത്തിൻെറ സംക്ഷിപ്ത ചരിത്രം.

(ബി) സംഗീതം.

1. പ്രകൃതിവികൃതി സ്വരങ്ങരം, ജനകരാഗജന്യരാഗങ്ങളുടെ വ്യത്യാസം, ജന്യങ്ങളുടെ പിരിവുകരം, 72 മേളകർത്താ

രാഗങ്ങളുടേയും 12 ചക്രങ്ങളുടേയും പേരുകൾ.

2. 35 താളങ്ങളുടെ അംഗലക്ഷണങ്ങൾ.

3. സഞ്ചാരിഗീതം, ലക്ഷണഗീതം, ജതിസ്വരം, സ്വരജതി എന്നിവകളുടെ ലക്ഷണങ്ങൾ.

3-ാം കൊല്ലം.

പ്രയോഗം.

(എ) ഡാൻസ്.

| | | | |
|---|---|---|---|
| 1. | അലാരിപ്പ്. | ... | 1 + 2 = 3 |
| 2. | ജതിസ്വരം. | ... | 1 + 2 = 3 |
| 3. | ശബ്ദം | ... | 1 |
| 4. | പദം | ... | 2 + 1 = 3 |
| 5. | വർണ്ണം | ... | 1 |
| 6. | തില്ലാന | ... | 1 |
| 7. | മോഹിനിയാട്ടം ചൊൽക്കെട്ട് | | 1 |
| 8. | മോഹിനിയാട്ടം ജതിസ്വരം | | 2 |

(ബി) സംഗീതം.

1. ആദിതാളത്തിലും അടതാളത്തിലും ഓരോ താനവർണ്ണം.

2. പഠിച്ചുകഴിഞ്ഞ നൃത്തഗാനങ്ങൾ.

സിദ്ധാന്തം.

(എ) ഡാൻസ്.

1. നാട്യശാസ്ത്രം, അഭിനയദർപ്പണം എന്നിവയെപ്പററിയുള്ള വിവരണം—കലകളുടെ ഉല്പത്തിയും വളർച്ചയും.

2. ഭരതനാട്യ മോഹിനിയാട്ട ചരിത്രങ്ങളുടെ വിസ്തൃതതരമായ പഠനം.

3. ദേവഹസ്തങ്ങൾ, ബന്ധുഹസ്തങ്ങൾ, ദശാവതാര ഹസ്തങ്ങൾ.

4. ഭരതനാട്യ പരിപാടിയുടേയും അതിലെ ഉരുപ്പടികളുടെ പൌർവ്വാപര്യക്രമത്തിൻേറയും പ്രാധാന്യം.

5. നടൻേറയും ഗുരുനാഥൻേറയും ഗുണങ്ങൾ.

(ബി) സംഗീതം.

താനവർണ്ണം, പദവർണ്ണം എന്നിവയുടെ ലക്ഷണങ്ങൾ.

4-ാം കൊല്ലം.

പ്രയോഗം. (എ) ഡാൻസ്.

| | | | |
|---|---|---|---|
| 1. | ജതിസ്വരം | ... | 1 |
| 2. | ശബ്ദം | ... | 2 |
| 3. | വർണ്ണം | ... | 2 |
| 4. | പദം | ... | 3 |
| 5. | തില്ലാന | ... | 2 |
| 6. | ജാവളി | ... | 1 |
| 7. | ശ്ലോകം | ... | 1 |
| 8. | മോഹിനിയാട്ടവർണ്ണം | ... | 1 |
| 9. | മോഹിനിയാട്ടപദം | ... | 2 |

(ബി) സംഗീതം.

1. അഭിനയപദങ്ങൾ.
2. പദവർണ്ണങ്ങൾ.
3. ജാവളി
4. തില്ലാന
5. ശ്ലോകം

(3–5) } നൃത്തത്തിന്നു് പഠിച്ചവ.

സിദ്ധാന്തം.

(എ) ഡാൻസ്.

1. ഭരതനാട്യത്തിൻേറയും മോഹിനിയാട്ടത്തിൻേറയും വിസ്തരിച്ച പഠനവും കഥകളി, കഥക്, മണിപ്പുരി, ഭാഗവതമേള, കുച്ചിപ്പുടി, ഒഡിസ്സി എന്നിവയോടു് അവയെ താരതമ്യപ്പെടുത്തലും കേരളത്തിലേയും അയൽ സ്റ്റേററുകളിലേയും നാടൻ നൃത്തങ്ങൾ

2. രസഭാവങ്ങളുടേയും നായികാനായക ഭാവത്തിൻേറയും വിസ്തരിച്ച പഠനം.

3. അംഗോപാംഗപ്രത്യംഗങ്ങൾ.

4. ഭരതനാട്യമോഹിനിയാട്ടങ്ങളിലെ ആഹാര്യവും പിന്നണി വാദ്യവും.

5. നട്ടുവാംഗത്തിൻെറ ചെറുപരിചയം

6. താളലക്ഷണവും അതിൻെറ ഉപയോഗവും.

(ബി) സംഗീതം.

വർണ്ണങ്ങൾ, കീർത്തനങ്ങൾ, ജാവളി, തില്ലാന എന്നിവയുടെ ലക്ഷണം.

3-ാം കൊല്ലാവസാനത്തിൽ അരങ്ങേറിയാൽ മതിയാകും. പഠിക്കുന്ന വർണ്ണങ്ങളിലും പദങ്ങളിലും തഞ്ചാവൂർ സഹോദരന്മാർ, വെങ്കിട്ടരാമശാസ്ത്രി, ക്ഷേത്രജ്ഞൻ മുതലായവരുടെ കൃതികൾകൂടി ഉൾപ്പെടുത്തണം.

## 8. തിമില

തിമില അഭ്യാസത്തിൻെറ ഒന്നാം കൊല്ലം.

ആദ്യമായി തിമില ചുമലിൽ ഇട്ടു് ഒന്നാമത്തെ പാഠക്കൈ ആയ ത ക്കിട്ട രണ്ടു് കയ്യിലും എളുപ്പും വെപ്പുമായി കൊട്ടിക്കണം. ഇടത്തു ചുമലിൽ തിമിലയുംകൂടിയുള്ളതിനാൽ കൂടുതൽ ബലമായി ഇടത്തുകൈ കൊട്ടിവശമാക്കണം. അങ്ങിനെ രണ്ടുകയ്യും ഭേദമെന്യേ കൊട്ടിക്കണം. ഉദ്ദേശം ഒരു മാസം ആയാൽ അതിൻെറ ഇരട്ടി കാലം കൊട്ടിക്കണം. അങ്ങിനെ അതു് സ്വാധീനമായാൽ രണ്ടാമത്തെ പാഠക്കൈ ആയ തക്കെതക്കിട്ട എന്ന പാഠക്കൈ തുടങ്ങാം. അതും സ്വാധീനമായാൽ മൂന്നാമത്തെ പാഠക്കൈ ആയ തക്കെ തക്കെ തക്കിട്ട എന്ന പാഠക്കൈ കൊട്ടിക്കാം. കുട്ടിയുടെ കഴിവനുസരിച്ചു് 2 കാലം ഇരട്ടിവരെ കൊട്ടിച്ചു് കൈ കഴപ്പുകളെ മാററി, കൈ വേദനയും, ചുമൽ വേദനയും മാററി സാധകം വരുത്തണം.

2 മാസം കഴിഞ്ഞാൽ പഞ്ചവാദ്യത്തിൻെറ ഒരു രൂപം ചൊല്ലിച്ചു് പഠിപ്പിക്കണം. ഒന്നാം കാലം, രണ്ടാം കാലം, മൂന്നാം കാലം, നാലാം കാലം, അഞ്ചാം കാലം, ഏക താളത്തിൽ കലാശവും പഠിപ്പിച്ചു ഹൃദിസ്ഥമായാൽ ആയതിനെ തിമിലയിൽ കൊട്ടിച്ചു് പഞ്ചവാദ്യത്തിൻെറ മാതൃക മുഴുവനും ആക്കണം.

2-ാം കൊല്ലം.

പഠിച്ച പാഠക്കൈകരം മൂന്നു് കാലം ഇരട്ടിയാക്കി സാധകം ചെയ്യിക്കണം. പുറമെ തക്കിട തക്കെ എന്ന പാഠക്കൈയും; തകത, തികത എന്ന പാഠക്കൈകരം കൂടി പഠിപ്പിച്ചു് സാധകം ചെയ്യിപ്പിക്കണം. പഴയ പഞ്ചവാദ്യത്തിൻെറ പാഠത്തിന്നു പുറമെ 224, 112, 56 എന്ന മൂന്നു് അക്ഷരകാലത്തിൽ ചൊല്ലിച്ചു് പഠിപ്പിച്ചു് ത—തൊം എന്ന കൈകരം ശുദ്ധമാക്കി കൊട്ടിക്കണം. രൂപട വട്ടങ്ങളിൽ ഓരോ ഇരട്ടിയും കൊട്ടിച്ചു് പഞ്ചവാദ്യം മുഴമിച്ചു് കലാശിക്കാറാക്കണം. കാലം നിരത്തലും വശമാക്കണം.

3-ാം കൊല്ലം.

സാധകക്ലാസ്സിൽ കുട്ടികളുടെ കഴിവനുസരിച്ചു് പാഠക്കൈകളെ 4 കാലം ഇരട്ടി കൊട്ടിക്കുവാൻ ശ്രമിക്കണം. പ്രധാനമായ ഒന്നാമത്തെ പാഠക്കൈ ഒരു ദിവസവും മററു പാഠക്കൈകരം പിന്നത്തെ ദിവസവുമായി ഊഴമിട്ടു് സാധകം ചെയ്യിക്കണം.

പഞ്ചവാദ്യത്തിന്റെ 448 അക്ഷരകാലതാളവട്ടം മുതൽ മുഴുവനും കൊട്ടിച്ച് ഹൃദിസ്ഥമാക്കണം. ഒന്നാംകാലം അവതരിപ്പിക്കുമ്പോൾ അതിന്ന് ഉതകുന്ന കാലം നിരത്തൽക്കൂടി മനസ്സിരുത്തണം.

4-ാം കൊല്ലം.

മുൻകൊല്ലത്തെപ്പോലെ സാധകം നിർബ്ബന്ധമായി നടത്തണം. അതിൽ ഒന്നാംപാഠക്കൈയ്യിൽ മദ്ധ്യമകാലത്തിൽ പലമാതിരിയിലുള്ള എണ്ണങ്ങളെ ഏററിച്ചുരുക്കുവാൻ പരിശീലിപ്പിക്കണം. വിശേഷിച്ച് 1792 അക്ഷരകാലതാളവട്ടവും അതിന്റെ കൂട്ടിക്കൊട്ടും പഠിപ്പിക്കണം. അതുമുതൽ മുഴുവൻ പഞ്ചവാദ്യവും ആക്കി ഭംഗിയായി ത—തൊം വേണ്ട ദിക്കിൽ വേണ്ടതുപോലെ ആക്കി കൊട്ടിക്കണം.

ഓരോ അക്ഷരകാലതാളവട്ടങ്ങളിലെ ചെമ്പട വട്ടത്തിൽ വരുന്ന ഖണ്ഡങ്ങളും, ഓരോ ഖണ്ഡങ്ങളിലെ അക്ഷരങ്ങളും വിവരിച്ച് പഠിപ്പിച്ചുവശമാക്കണം. ഇതിൽ വരുന്ന ഏതു് ചോദ്യങ്ങൾക്കും ഉത്തരമെഴുതാറാക്കണം.

പാഠക്കൈകൾ കൈകാര്യം ചെയ്യേണ്ടതു് ഇരുകൈകളിലും

1. ത ക്കി ട്ട 3 അക്ഷരം.

ഇരട്ടി തരി കിട ത

തരി കിട തക്കെ ത്ത

2. തക്കെ തക്കിട്ട 5 അക്ഷരം

തരി കിട തരി കിട ത

തരികിട തക്കെ തരികിട തക്കെ ത്ത

തരികിട തരികിട തരികിട തരികിട ത

3, ത ക്കെ തക്കെ തക്കിട്ട 7 അക്ഷരം

തരി കിട തരി കിട തരി കിട ത

തരികിട തക്കെ തരികിട തക്കെ തരികിട തക്കെ ത്ത

തരികിട തരികിട തരികിട തരികിട തരികിട

തരികിട ത

4. ത ക്കിട ത ക്കെ 4 അക്ഷരം

തക്കിട തക്കെ തക്കിട തക്കെ

5. ത ക ത  തി ക ത  ഏകം

തകത തികത തകത തികത

6. ഇക്ക തക്ക തൊങ്കെ തക്കിട  ചതുശ്രനട 4 അക്ഷരം.

ഇതുകരം എല്ലാം ആയാൽ തിമില എടച്ചിൽ (വറവ്) എന്നു് പറയും.

| വാദ്യങ്ങരം: | 5 കാലങ്ങരം. | |
|---|---|---|
| 1. തിമില | 56 അക്ഷരം | |
| 2. മദ്ദളം | 28 | ,, |
| 3. എടക്ക | 14 | ,, |
| 4. താളം | 7 | ,, |
| 5 കൊമ്പു് | $3\frac{1}{2}$ | ,, |

ശംഖു് നാദത്തിൽനിന്നു് ആരംഭിക്കുക മാത്രം. അതിനാൽ ശംഖു് ഇതിലെ വാദ്യമല്ല.

പൊതുസംഗതികരം.

പഞ്ചവാദ്യത്തിൻെറ താളം അടതാളം (ത്രിപുട) ആണു്. എന്നിരുന്നാലും 8 അക്ഷരമുള്ള ആദിതാളം (ചെമ്പട) വട്ടത്തിൽ കണക്കാക്കിയാണു് പഞ്ചവാദ്യത്തിൻെറ ഒന്നാംകാലം അവതരിപ്പിക്കുന്നതു്. 7 ചെമ്പട വട്ടത്തിൽ 27 ഖണ്ഡങ്ങളായിട്ടാണു് അവതരിപ്പിക്കുക.

ഇന്നു് പുറമെ നടക്കുന്ന കാലം നിരത്തൽ ചടങ്ങു് 64 അക്ഷരകാലത്തിലാണു്. പഞ്ചവാദ്യത്തിൻെറ ഒന്നാംകാലം 56 അക്ഷരമായതിനാൽ നടപ്പുള്ള 64 അക്ഷരകാലത്തിൽ കാലം നിരത്തുന്നതിൽ ഒരത്ഥവുമില്ല. കലാകാരന്മാർ ഇങ്ങിനെയാണു് നടന്നുവരാറുള്ളതു് എന്നുമാത്രം പറയും.

ഓരോ താളവട്ടവും തുടങ്ങുന്നതിൻെറ അടയാളങ്ങരം: കാലം നിരത്തലിൻെറ അവസാനത്തെ അടി ബ്രാക്കറ്റിൽ കാണിച്ചതു മുതൽക്കാണു് തുടക്കം.

1792 അക്ഷരകാലത്തിലായാൽ

(×) — — — — — ത — ത — — — ത്ത — — —

896 (×) — — തത — ത്ത — തൊം.

448 (×) — ത തതതൊം.

224 (×) — തൊം — തരി കിടതൊം
112 (×) — തതൊം തരി കിടതൊ കിട ത തതൊം
56 (തതൊം) കിടതൊം തര ।കിട തൊംകിട തരികിട

ബ്രാക്കററിലുള്ള അടി മുതൽ കഴിഞ്ഞ താളവട്ടത്തിൻെറ അടി മുതൽ എന്നൎത്ഥം.

## താളലക്ഷണങ്ങരം.

ത്രിശ്രം: തക്കിട്ട 3 അക്ഷരം
മിശ്രം : തക്കിട്ട തക്കധിമി 7 അക്ഷരം
(തക്കെ തക്കെ തക്കിട)
ചതുശ്രം: തക്കധിമി 4 അക്ഷരം (തക്കിട തക്കെ)
ഖണ്ഡം : തക്ക തക്കിട 5 അക്ഷരം
സങ്കീൎണ്ണം: തക്കധിമി തക്ക തക്കിട 9 അക്ഷരം

ഇവയെല്ലാം അറിഞ്ഞിരിക്കണം.

---

## 9. മിഴാവ്.

ഒന്നാം വൎഷം

കൈസാധകം വരുത്തുവാനുള്ള പാടകൈകരം കൊട്ടിപ്പിക്കുക.

മിഴാവൊച്ചപ്പെടുത്തുന്നതിൽ, ഗോഷ്ഠികൊട്ടുന്നതിന്നു്, മറയിൽ ക്രിയ, നിത്യക്രിയ ഇവകളുള്ള എണ്ണങ്ങരം അതാതു് താളങ്ങളിൽ കൊട്ടി ശീലിപ്പിക്കുക. അംഗുലിയാങ്കത്തിൻെറ ക്രിയകളുടെ എണ്ണങ്ങരം കൊട്ടിക്കുക. ഇങ്ങനെയുള്ള അഭ്യാസങ്ങരംക്കുപുറമെ ത്രിപുട താളം വിളംബിതകാലത്തിലും ദ്രുതകാലത്തിലും നിലനിന്നു് അതിൽ വകകരം കൊട്ടുവാനുള്ള അഭ്യാസവും കൊടുക്കുന്നു.

അരങ്ങു് തളിപ്പാനുള്ള ശ്ലോകങ്ങരം, പ്രബന്ധശ്ലോകങ്ങരം ഇവ കാണാതെ ചൊല്ലുവാൻ പഠിപ്പിക്കുന്നു. പുരാണ കഥകരം പറഞ്ഞു കൊടുക്കുന്നു. ക്രിയകരം കൊട്ടുന്നതിൻെറ വായ്ത്താരി താളം പിടിച്ചു ചൊല്ലിക്കുന്നു.

സിദ്ധരൂപം, ബാലപ്രബോധം, അമരകോശം, ശ്രീരാമോദന്തം ഇവ പഠിപ്പിക്കുന്നു. നാഗരി ലിപിയിൽ എഴുതുവാനും വായിപ്പാനും ഉള്ള പരിശീലനം കൊടുക്കുന്നു.

രണ്ടാം വർഷം.

കൈസാധകം വരുത്തുവാനുള്ള പാഠകൈകൾ കൊട്ടിക്കുന്നു. മൂന്നുതരം പാഠക്കൈകൾ ഈ കൊല്ലം കൊട്ടിക്കുന്നു.

ചൊല്ലിയാട്ട ക്ലാസ്സിൽ കൊട്ടിക്കുന്നു:—

മത്തവിലാസം കൂത്തിന്റെ ക്രിയകളും വിദൂഷകന്റെ ക്രിയയും കൊട്ടിച്ച് പഠിപ്പിക്കുന്നു. ശൂർപ്പണഖാങ്കം കൂടിയാട്ടത്തിലെ ശൂർപ്പണഖ കാണിക്കുന്ന ക്രിയകൾ തുടങ്ങിയവകളും, ശ്രീരാമന്റെ ക്രിയകൾ, ആട്ടങ്ങൾ ഇവകളും, കേശാദിപാദം, കാമശരംകൊള്ളൽ തുടങ്ങിയ ആ അങ്കം നാടകത്തിലെ എല്ലാ അഭിനയങ്ങൾക്കും അനുസരിച്ച് കൊട്ടുവാനുള്ള എണ്ണങ്ങൾ പഠിപ്പിക്കുകയും ഏക താളം വിദൂഷകന്റെ ഏക താളം തുടങ്ങിയ താളങ്ങളിൽ കൊട്ടുവാനും ഇടയ്ക്ക് നാലാം കൊല്ലത്തെ പാഠങ്ങളെ കൊട്ടിക്കുകയും ചെയ്യുന്നു.

ശ്രീകൃഷ്ണവിലാസം കാവ്യം രണ്ട് സർഗ്ഗം.

അമരകോശം

സംസ്കൃതത്തിലുള്ള ചെറിയ ഗദ്യപുസ്തകങ്ങൾ വായിപ്പിയ്ക്കുക.

പ്രബന്ധശ്ലോകങ്ങൾ (രാമായണത്തിൽ ചില ഭാഗം) പാഞ്ചാലീസ്വയംബരം അന്വയിച്ച് പഠിപ്പിക്കുന്നു. അരങ്ങ് തളിപ്പിനുള്ള ശ്ലോകങ്ങൾ പഠിപ്പിക്കുന്നു. തമിഴ് ചൊല്ലുവാൻ പഠിപ്പിക്കുക. വായ്ത്താരികൾ ചൊല്ലി പിടിച്ച് ഉറപ്പിക്കുക. പുരാണ കഥകൾ പറഞ്ഞുകൊടുക്കുക തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്നു. ഇതിനു പുറമെ മുദ്രകളെപ്പററിയുള്ള സാമാന്യ വിവരണവും കൊടുക്കുന്നു.

മൂന്നാം വർഷം

കൈസാധകം വരുത്തുവാനുള്ള പാഠക്കൈകൾ കൊട്ടിക്കുക. തലേക്കൊല്ലങ്ങളിൽ പഠിച്ച ക്രിയകളും മററും സമയോചിതംപോലെ കൊട്ടിക്കുക.

ബാലിവധാങ്കം, തോരണയുദ്ധം ഈ കൂടിയാട്ടങ്ങളിൽ വരുന്ന ആട്ടങ്ങൾക്കും, ക്രിയകൾക്കും യുദ്ധചാരി, കൈലാസോദ്ധാരണം, പാർവ്വതീവിരഹം, പടപ്പുറപ്പാട് തുടങ്ങിയ പ്രത്യേക ആട്ടങ്ങൾക്കുള്ള എണ്ണങ്ങളും പഠിപ്പിക്കുന്നു. ചെമ്പട, അടന്ത, ധ്രുവം എന്നീ താളങ്ങളിൽ നിലനിന്ന് വകകൾ കൊട്ടുവാനുള്ള അഭ്യാസം കൊടുക്കുന്നു. ഇതിനുപുറമെ ചൊല്ലിയാട്ടത്തിന്ന് കൂടെ കൊട്ടിപ്പിച്ച് പരിശീലനം കൊടുക്കുകയും ചെയ്യുന്നു.

സാഹിത്യ ക്ലാസ്സിൽ: രഘുവംശം കാവ്യം, അമരകോശം.

കിരാതം, കൗന്തേയാഷ്ടകം, രുഗ്മാംഗദ ചരിതം, രാമായണത്തിലെ ചില ഭാഗങ്ങൾ ഈ പ്രബന്ധങ്ങൾ അന്വയിച്ച് പഠിപ്പിക്കുന്നു. പാഠകം പറയുവാനുള്ള മംഗളശ്ലോകം, പീഠിക ഇവയും പഠിപ്പിക്കുന്നു. പുറമെ തമിഴ് ചൊല്ലുവാനും പഠിപ്പിക്കുന്നു. മുദ്ര, സ്വരം, വിശേഷാട്ടങ്ങൾ തുടങ്ങിയവയുടെ സാമാന്യജ്ഞാനം ഉണ്ടാകുവാനുള്ള വിവരങ്ങൾ പഠിപ്പിക്കുന്നു.

നാലാം വർഷം

കൈസാധകത്തിന് പാഠക്കൈകൾ കൊട്ടിക്കുന്നു. പഠിച്ച ക്രിയകൾ മററു എണ്ണങ്ങളും കൊട്ടിക്കുന്നു.

സുഭദ്രാധനഞ്ജയം, തപതീസംവരണം ഈ നാടകങ്ങളുടെ ഒന്നാമങ്കം, കൂടിയാട്ടത്തിൻെറ ആട്ടങ്ങൾക്ക് കൊട്ടുവാനുള്ള എണ്ണങ്ങൾ കൊട്ടിക്കുക, ചൊല്ലിയാട്ടത്തിന്ന് കൊട്ടിക്കുക, മന്ത്രാങ്കം കൂത്തിലെ വസന്തകൻ, ഭ്രാന്തൻ ഇവരുടെ ക്രിയകൾ മൂന്നാം താളത്തിൽ പുറപ്പെടുക, ക്രീഡ, കോപ്പണി, വലിയകേശാദിപാദം തുടങ്ങിയവകളുള്ള എണ്ണങ്ങൾ അതാതു് താളങ്ങളിൽ കൊട്ടി ശീലിപ്പിക്കുക തുടങ്ങി പലതും ഈ ക്ലാസ്സിൽ പഠിപ്പിക്കുന്നു. ഇതിനുപുറമെ ജടായുവധം, അശോകവനികാങ്കം തുടങ്ങിയ ഏതാനും പ്രധാനങ്ങളായ കൂടിയാട്ടങ്ങളിൽ അസാധാരണയായി വരുന്ന ആട്ടങ്ങൾ, താളം ചവിട്ടൽ തുടങ്ങിയ പ്രത്യേകതകളേയും പഠിപ്പിക്കുന്നു.

സാഹിത്യം: മാഘം, കാവ്യം, നാടകം, തക്സംഗ്രഹം, അലങ്കാരം, നാട്യശാസ്ത്രം തുടങ്ങിയവ.

രാമായണം പ്രബന്ധത്തിലെ ചില ഭാഗങ്ങൾ, ഭഗവദ്ദൂത്, സ്യമന്തകം ഈ പ്രബന്ധങ്ങൾ അന്വയിച്ച് പഠിപ്പിക്കുന്നു. പാഠകരൂപത്തിൽ പറയിച്ച് പരിശീലിപ്പിക്കുകയും ചെയ്യുന്നു. മാററു് മടക്കൽ തുടങ്ങി കൂടിയാട്ടത്തിനു വേണ്ടിവരുന്ന മററു് ഉപകരണങ്ങൾ ഉണ്ടാക്കുവാനും പരിശീലനം കൊടുക്കുന്നു.

മിഴാവ്: ഉപരിപഠനം.

കൈസാധകം വരുത്തുവാനുള്ള പാഠക്കൈകൾ—ഇപ്പോൾ പുതിയതായി രണ്ടുമൂന്നുതരം കൈസാധകത്തിന്നുള്ള പാഠക്കൈകൾ കൊട്ടിക്കുന്നു.

ചൊല്ലിയാട്ടത്തിന്നു് കൊട്ടിക്കക. മിഴാവിൽ തായമ്പക കൊട്ടുവാൻ പഠിപ്പിക്കുക. നാഗാനന്ദം, സ്വപ്നവാസവദത്തം, കല്യാണസൌഗന്ധികം തുടങ്ങിയ നാടകാഭിനയങ്ങളിൽ വരുന്ന വിശേഷാട്ടങ്ങളുടേയും, മന്ത്രാങ്കം, അംഗുലീയകം തുടങ്ങിയ കൂത്തുകളെപ്പററിയും മററു കൂത്തുകളിലും കൂടിയാട്ടങ്ങളിലും വരുന്ന വിഷയങ്ങളെ പഠിപ്പിക്കുന്നു.

സാഹിത്യം :

നാടകങ്ങൾ—ശാകുന്തളം, ചൂഡാമണി.

കാവ്യം—മാഘം.

അലങ്കാരം—നാട്യശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ.

പാഠകം പറയുവാൻ പരിശീലിപ്പിക്കുക, തമിഴ് ചൊല്ലാൻ പഠിപ്പിക്കുക, ഭഗവദ്ദൂതു്, സന്താനഗോപാലം തുടങ്ങിയ പ്രബന്ധങ്ങൾ പഠിപ്പിക്കുക.

---

## കൂത്തും കൂടിയാട്ടവും

### പഠിക്കാനുള്ള വിഷയങ്ങൾ 6 വർഷത്തേയ്ക്കു്

1. ചൂഡാമണിനാടകം — ശൂർപ്പണഖാങ്കം കൂടിയാട്ടം
2. അഭിഷേകനാടകം—ബാലിവധം—തോരണയുദ്ധം കൂടിയാട്ടം.
3. സുഭദ്രാധനഞ്ജയം—കൂടിയാട്ടം അങ്കം—1
4. തപതീസംവരണം—കൂടിയാട്ടം അങ്കം—1
5. രാമായണം പ്രബന്ധം—ഗദ്യപദ്യസഹിതം
6. സിദ്ധരൂപം—അമരകോശം—ശ്രീരാമോദന്തം
7. കാവ്യങ്ങൾ:
   a) ശ്രീകൃഷ്ണവിലാസം സർഗ്ഗം—2
   b) രഘുവംശം ,, 2
   c) കുമാരസംഭവം ,, 2
   d) മാഘം ,, 2
8. അലങ്കാരം—കുവലയാനന്ദം
9. ലഘുകൌമുദി

10. തക്സംഗ്രഹം—അന്നംഭട്ടീയം
11. നാട്യശാസ്ത്രം—രസപ്രമാണങ്ങൾ
12. ഹസ്തലക്ഷണദീപിക
13. നിർവ്വഹണ ശ്ലോകങ്ങൾ—രാഗപ്രമാണങ്ങൾ
14. വിദൂഷക ശ്ലോകങ്ങൾ—പുരുഷാത്ഥങ്ങൾ
15. ആട്ടപ്രകാരങ്ങൾ
16. ക്രമദീപികകൾ
17. a) ശ്രീകൃഷ്ണചരിതം
b) അതിൻെറ ആട്ടപ്രകാരം—അഭിനയം
18. അക്കിത്തങ്ങൾ
19. ആളാമശ്ലോകങ്ങൾ—അരങ്ങുതളി ശ്ലോകങ്ങൾ
20. മത്തവിലാസം
21. ക്രിയകൾ

ആദ്യവഷം കൂടിയാട്ടം അഭ്യസിക്കേണ്ടവയും—ക്രമവും.

1. പ്രഭാതക്ലാസ്സ്—രണ്ടു് മാസം ചവുട്ടി ഉഴിച്ചിൽ. ആ കാലത്തു് 30 മിനുട്ടു് കണ്ണു് സാധകം. ശേഷം സമയം മെയ്യൊറപ്പിൻെറ എണ്ണങ്ങൾ, കൈകാൽ വീശുക, ചാട്ടം മുതലായവ. (സ്ത്രീകൾക്കു് ഉഴിച്ചിൽ ആവശ്യമില്ല,

ഉഴിച്ചിൽകാലം കഴിഞ്ഞാൽ പ്രഭാത ക്ലാസിൽ കണ്ണു് സാധകം, ശബ്ദസാധകം, ശ്ലോകം ചൊല്ലുക, മെയ്സാധകം. കൈ-കാൽ വീശുക, ചാട്ടം മുതലായവ. താളത്തിൽ ചവുട്ടുക:- 1. ശ്രീകണ്ഠി, 2. പുറനീരു്, 3. തൊണ്ടു്, 4. അന്തരി. 5. ചേടീപഞ്ചമം, 6. ഇന്ദളം. ഈ 6 രാഗങ്ങളിലാണു് ആദ്യവഷം ചൊല്ലിശീലിക്കേണ്ടതു്. അതിനു് സ്തോത്രങ്ങളും നിർവ്വഹണത്തിലെ ശ്ലോകങ്ങളും ചൊല്ലി പഠിപ്പിക്കണം.

പ്രധാന ക്ലാസിൽ നിത്യക്രിയ, അംഗുലീയാങ്കക്രിയ, ശൂപ്പണഖാങ്കം, കൂടിയാട്ടത്തിലെ നിർവ്വഹണം, ചൂഡാമണി നാടകം ഒന്നും—രണ്ടും അങ്കം നാടകം ചൊല്ലി ശീലിക്കുകയും അതിലെ ഇളകിയാട്ട ശ്ലോകങ്ങൾ ആടി ശീലിക്കുകയും.

ചൊല്ലിയാടുമ്പോൾ നല്ലവണ്ണം വശമായ ഭാഗങ്ങൾ കൊട്ടിനു് ഒപ്പിച്ചു് ആടി പരിചയിക്കണം. തോന്നാത്ത ഭാഗങ്ങൾ കൊട്ടോടുകൂടി കാണിക്കരുതു്. സ്ത്രീവേഷം പഠിക്കുന്ന വിദ്യാത്ഥികൾക്കു് അംഗുലീയാങ്കക്രിയ ആവശ്യമില്ല. അക്കിത്ത ചൊല്ലുക, താളം

പിടിക്കുകയും ശീലിച്ചാൽ മതി. നിത്യക്രിയയും ശൂർപ്പണഖാങ്കത്തിൽ ലളിതയുടെ പുറപ്പാടും നിർവ്വഹണവും അഭ്യസിക്കണം. നിർവ്വഹണ ശ്ലോകങ്ങൾ ചൊല്ലുകയും വേണം.

സിദ്ധരൂപം, അമരകോശം ഇവ ഉരുവിട്ടു് പഠിക്കുക.

രാമായണം പ്രബന്ധം ഉരുവിട്ടു് പഠിക്കുക. ആദ്യഘട്ടം 3 മാസം കഴിഞ്ഞാൽ ശ്രീരാമോദന്തം പഠിച്ചുതുടങ്ങും—അന്വയിച്ചു് പഠിക്കണം.

## രാത്രി ക്ലാസിൽ

കണ്ണു് സാധകം, മുഖസാധകം, മുദ്രകൾ പഠിക്കുക. മുദ്രകൾ ഉറക്കാൻ രാമായണം സംക്ഷേപം കാട്ടി ശീലിക്കണം. കഥകൾ പറഞ്ഞുകൊടുത്തു് പഠിപ്പിക്കണം. ആദ്യവഷം അവസാനിക്കുമ്പോൾ നിത്യക്രിയ. സൂത്രധാരപ്രവേശം, ശൂർപ്പണഖാങ്കം കൂടിയാട്ടത്തിൻെറ നിർവ്വഹണ ശ്ലോകങ്ങൾ, രാമായണം സംക്ഷേപം മുദ്രയോടുകൂടിയതു്, രാമായണം പ്രബന്ധം ബാലകാണ്ഡം, കാണാഗപാരം കഴിഞ്ഞിരിക്കണം.

## രണ്ടാം വർഷം

രണ്ടു് മാസം ഉഴിച്ചിൽ. ഉഴിച്ചിൽ കാലത്തു് അരമണിക്കൂർ കണ്ണുസാധകം വേണം. ഉഴിച്ചിൽകാലം കഴിഞ്ഞാൽ—കണ്ണു് സാധകം, ശബ്ദസാധകം, മെയ് സാധകം. ആദ്യവർഷത്തെ രാഗങ്ങൾക്കു് പുറമെ 1. മുരളീന്ദളം, 2. വേളാധൂളി, 3. തക്കൻ, 4. ദുഃഖഗാന്ധാരം ഈ 4 രാഗങ്ങൾ ഉൾപ്പെടെ ആകെ 10രാഗങ്ങൾ ചൊല്ലിശീലിക്കണം.

## പ്രധാന ക്ലാസു്

നിത്യക്രിയ, അംഗുലീയാങ്കക്രിയ ഒന്നിടവിട്ട ദിവസങ്ങളിൽ കാട്ടുക.

ശൂർപ്പണഖാങ്കം കൂടിയാട്ടം—നിർവ്വഹണസഹിതം മുഴവൻ പഠിച്ചുകഴിയണം.

## സാഹിത്യ ക്ലാസു്

1. ശ്രീകൃഷ്ണവിലാസം 2-സർഗ്ഗം, 2. രഘുവംശം ഒരു സർഗ്ഗം, 3. രാമായണം പ്രബന്ധം ബാലകാണ്ഡം അന്വയിച്ചു പഠിക്കണം. 4. രാമായണം പ്രബന്ധം അയോദ്ധ്യാകാണ്ഡം, 5. അമരകോശം ആദ്യകാണ്ഡം കാണാപ്പാഠമാക്കുക.

കണ്ണുസാധകം, രസാഭിനയം, നിർവ്വഹണം (ശൂർപ്പണഖാങ്കം), കൂടിയാട്ടത്തിൻെറ അത്ഥം, കഥാസാരം എന്നിവ പഠിക്കുക.

രണ്ടാം വർഷം അവസാനിക്കുമ്പോഠം ശൂർപ്പണഖാങ്കം കൂടിയാട്ടം മുഴവനും, രാമായണ പ്രബന്ധം ബാലകാണ്ഡവും 3 സർഗ്ഗം കാവ്യവും പഠിച്ചുകഴിഞ്ഞിരിക്കണം.

## മൂന്നാം വർഷം

രണ്ടു് മാസം ഉഴിച്ചിൽ വേണം. കണ്ണുസാധകം 10 തരത്തിൽ ശീലിക്കണം. ശബ്ദസാധകം, മെയ് സാധകം മുൻ കൊല്ലങ്ങളിലെ രാഗങ്ങഠംക്കു് പുറമെ 1. കോരകുറുഞ്ഞി, 2. വീരതക്കൻ, 3. ആത്തൻ എന്നീ മൂന്നു് രാഗങ്ങഠംകൂടി ശീലിക്കണം. ശബ്ദസാധകത്തിൽ പതിഞ്ഞാട്ടത്തിനു് ഉപയോഗിക്കുന്ന ആത്തൻ മുതലായ രാഗങ്ങഠം മുദ്രയോട്ടുകൂടി ചൊല്ലി ശീലിക്കണം.

നിത്യക്രിയ, അംഗുലീയാങ്കക്രിയ, യുദ്ധചാരി ബാലിവധം കൂടിയാട്ടം മുഴവൻ അഭ്യസിച്ചുതീരണം. വിദ്യാരംഭത്തിനുശേഷം കൊട്ടോടുകൂടി ചൊല്ലിയാടണം. ബാലിവധം കൂടിയാട്ടത്തിലെ നിർവ്വഹണങ്ങഠം, ആട്ടപ്രകാരം മുദ്രകഠംസഹിതം പഠിച്ചുതീക്കണം. ബാലിവധം സംബന്ധിച്ച നാടകം, അത്ഥം, കഥകഠം എല്ലാം രാമായണ പ്രബന്ധം അഗസ്ത്യാശ്രമംവരേയും അന്വയിച്ചു പഠിച്ചിരിക്കണം. അമരകോശം ദ്വിതീയ കാണ്ഡവും കഴിയണം. രണ്ടു് സർഗ്ഗം കാവ്യവും പഠിച്ചുകഴിഞ്ഞിരിക്കണം. ശ്രീകൃഷ്ണചരിതം (കൃഷ്ണാവതാരം). രഘുവംശം 2-ാം സർഗ്ഗം, കുമാരസംഭവം 1-ാം സർഗ്ഗം. (സ്ത്രീ വേഷക്കാക്കു് രാമായണം പ്രബന്ധം വേണ്ട.)

## നാലാം വർഷം

രണ്ടു് മാസം ഉഴിച്ചിൽ (ഉഴിച്ചിൽകാലത്തും അരമണിക്കൂർ കണ്ണുസാധകം). കണ്ണുസാധകം, ശബ്ദസാധകം, മുൻകൊല്ലങ്ങളിലെ രാഗങ്ങഠംക്കു് പുറമെ 1. മുഡൻ, 2. ദാണം, 3. ശ്രീകാമരം, 4. ഭിന്നപഞ്ചമം എന്നീ നാലു് രാഗങ്ങഠംകൂടി ശീലിക്കണം.

നിത്യക്രിയ, അംഗുലീയാങ്കക്രിയ എന്നിവ ആഴ്ചയിൽ ഒരു ദിവസം മതി. പടപ്പുറപ്പാടു് യുദ്ധം, കൈലാസോദ്ധാരണം, പാർവ്വതീവിരഹം, രാജധാനി വണ്ണന കോപ്പണിയിക്കുക. ക്രീഡ— തോരണയുദ്ധം കൂടിയാട്ടം നിർവഹണത്തോടുകൂടി മുഴവനും അഭ്യസിക്കണം. സ്ത്രീവേഷത്തിനു് ധനഞ്ജയം ഒന്നാമങ്കത്തിലെ നായിക

യുടെ അഭിനയങ്ങളും അക്കിത്തകാം മുഴവനും പഠിക്കണം.

കുമാരസംഭവം ഒരു സർഗ്ഗം, മാഘം ഒരു സർഗ്ഗം, രാമായണം പ്രബന്ധം അഗസ്ത്യാശ്രമം മുതൽ ബാലിവധം കഴിയുന്നതുവരെ. അമരകോശം മൂന്നാമത്തെ കാണ്ഡം കഴിയണം. സ്ത്രീവേഷത്തിന് ശ്രീകൃഷ്ണചരിതം കഴിയണം. തോരണയുദ്ധം നാടകം—അൎത്ഥം, കഥാസാരം.

അഞ്ചാം വർഷം

രണ്ടു് മാസം ഉഴിച്ചിൽ. കണ്ണുസാധകം, ശബ്ദസാധകം, കൈശികി, പൌരാളി, വീരപഞ്ചമം, ഘട്ടന്തരി ഈ സ്വരങ്ങളും ചൊല്ലി ശീലിക്കണം. മെയ് സാധകം—ജടായുവിന്റെ പ്രാവേശികം.

സുഭദ്രാധനഞ്ജയം ഒന്നാമങ്കം കൂടിയാട്ടം. വലിയ കേശാദിപാദം, ശിഖിനി ശലഭത്തിന്റെ അഭിനയങ്ങൾ, ചലകുവലയം, സൌന്ദൎയ്യം, സുകുമാരതാ മുതലായ അഭിനയങ്ങൾ പ്രധാനം; നിത്യക്രിയ, പടപ്പുറപ്പാട്, കൈലാസോദ്ധാരണം, പാർവ്വതീവിരഹം ആഴ്ചയിൽ ഒരു ദിവസംവീതം കാണിക്കണം.)

കുവലയാനന്ദം, അലങ്കാരം, രാമായണ പ്രബന്ധം, ബാലിവധത്തിനുശേഷം യുദ്ധകാണ്ഡംവരെ. നാട്യശാസ്ത്രം, രസപ്രകരണം, സുഭദ്രാധനഞ്ജയം നാടകം, നിർവ്വഹണം, വിദൂഷക, ശ്ലോകങ്ങളും പുരുഷാൎത്ഥങ്ങളും.

ആറാം വർഷം

ഉഴിച്ചിൽ, കണ്ണുസാധകം, ശബ്ദസാധകം, മെയ്സാധകം എന്നിവ പഴയപടിതന്നെ. ശബ്ദസാധകത്തിൽ എല്ലാ രാഗങ്ങളും ഊഴമിട്ടു് ചൊല്ലി ശീലിക്കണം.

തപതീസംവരണം കൂടിയാട്ടവും. ജടായുവധം കൂടിയാട്ടവും പഠിക്കണം. കൈലാസോദ്ധാരണം, പടപുറപ്പാട്, പാർവ്വതീവിരഹം, കോപ്പണിയിക്കൽ, ഉദ്യാനഭഞ്ജനം എന്നിവ ഇടവിട്ടു്. കാണിക്കേണ്ടതാണ്. മത്തവിലാസവും പഠിക്കേണ്ടതാണ്.

രാമായണ പ്രബന്ധം രാവണവധംവരെ, ലഘുസിദ്ധാന്തകൌമുദി, തൎക്കസംഗ്രഹം—അന്നംഭട്ടീയം, ചൂഡാമണി നാടകം.

മുഖാഭിനയങ്ങൾ,
വിദൂഷക ശ്ലോകങ്ങൾ,

മത്തവിലാസം നിർവ്വഹണം.

ആറാം വർഷം അവസാനിക്കുമ്പോഴ രാമായണം പ്രബന്ധം മുഴവനും, ശൂർപ്പണഖാങ്കം, ബാലിവധം, തോരണയുദ്ധം, ധനഞ്ജയം സംവരണം, ജടായുവധം എന്നീ കൂടിയാട്ടങ്ങഠം ഇവയുടെ നിർവ്വഹ ണങ്ങഠം അടക്കം പരിപൂർണ്ണമായി അഭ്യാസം കഴിഞ്ഞിരിക്കണം.

## കൂടിയാട്ടം ഉപരിപഠനം

1. അശോകവനികാങ്കം — ചൂഡാമണി അഞ്ചാമങ്കം — 12 ദിവസം നിർവ്വഹണസഹിതം
2. നാഗാനന്ദം — നിർവ്വഹണസഹിതം 15 ദിവസം — രണ്ടാമങ്കം
3. അംഗുലീയാങ്കം — 12 ദിവസം
4. മന്ത്രാങ്കം — 41 ദിവസം
5. ഭഗവതജ്ജുകം — ചുരുക്കിയത്
6. മായാസീതാങ്കം — ചുരുക്കി ചിട്ടപ്പെടുത്തിയത്
7. ശാകുന്തളം — രണ്ട് ദിവസത്തേക്ക്
8. കല്യാണസൌഗന്ധികം — രണ്ട് ദിവസം
9. നാഗാനന്ദം മൂന്നാമങ്കം — ഒരു ദിവസം
10. സ്വപ്നവാസവദത്തം നാലാം അങ്കം — രണ്ട് ദിവസം

## പ്രബന്ധം

1. ദൂതവാക്യം
2. സുഭദ്രാഹരണം
3 രാജസൂയം
4 കിരാതം — വ്യാസോല്പത്തി
5. പാഞ്ചാലീസ്വയംവരം
6. സ്യമന്തകം — ത്രിപുരദഹനം
7. പാത്രചരിതം — പാർവ്വതീസ്വയംവരം
8. കുചേലവൃത്തം — നൃഗമോക്ഷം
9. രുഗ്മാംഗദ ചരിതം
10. ദക്ഷയാഗം
11. സന്താനഗോപാലം
12. രുഗ്മിണീസ്വയംവരം

അലങ്കാരം — പ്രതാപരുദ്രീയം

തക്കം — മുക്താവലി

കൌമുദി—പൂർവ്വാദ്ധം
നാട്യശാസ്ത്രം
ശാകുന്തളം നാടകം

---

## 10. കച്ചകെട്ട്.

രാവിലെ ശരീരശുദ്ധി വരുത്തിയശേഷം കച്ചകെട്ടി ഉദരഭാഗമൊഴിച്ച് മററെല്ലാടവും മെഴുക്കു് നല്ലവണ്ണമിടുക. അനന്തരം പ്രദിക്ഷണമോ നീളത്തിലോ ആയി ഒന്നിൽ ഇടവിടാതെ ചുരുങ്ങിയതു് 25 എന്ന തോതിൽ നാലു് പരിവൃത്തി ചാടുക. ആകെ 100 ചാട്ടത്തിൽ കുറയരുതു്. അതിനുശേഷം കുമ്പിട്ടു് വ്യായാമമുറകൾ (മെയ്യടവു് അല്ലെങ്കിൽ മെയ്യുറപ്പടവു്) എടുക്കുക.

മെയ്യടവിനുശേഷം കാൽ സാധകം, ഇരട്ടിവട്ടം (നാലുകാലത്തിൽ), ധീവട്ടം കുടയൽ, തത്തകത, തക്കിട കിടതകി, കുത്തുകാൽ, പരുന്തുകാൽ മുതലായവ യഥാവസരം ചവിട്ടി (സാധകം ചെയ്തു) പരിചയിക്കുക.

എന്നാൽ ആരംഭത്തിൽ കുറച്ചുദിവസം അതാതു് കുട്ടിയുടെ സാദ്ധ്യതയ്ക്കനുസരിച്ചേ എന്തും ശാസിച്ചു ചെയ്യിക്കാവൂ.

മേൽപ്പറഞ്ഞ സാധകങ്ങൾ (കാൽ സാധകവും ഇരട്ടിവട്ടവുമൊഴിച്ച് മററെല്ലാം ഓരോ ദിവസവും മാറി മാറി പ്രവൎത്തിയ്ക്കാം) കുറെയൊക്കെ കഴിഞ്ഞാൽ ഒരു ചുററു ചാടിച്ച് തെരികകൾ വെച്ച്" കിടത്തി ഉഴിച്ചിൽ (കാലുകൊണ്ടു്) നടത്തുക. കുട്ടികളുടെ സഹനശക്തിയ്ക്കനുസരിച്ചേ ആദ്യത്തിൽ കുറച്ചുദിവസം ഉഴിച്ചിലിൽ വായു ചെലുത്താവൂ. ചിലപ്പോൾ ചില കുട്ടികൾക്കു് ചില ഭാഗത്തു് കൈകൊണ്ടുള്ള ഉഴിച്ചിലും വേണ്ടിവന്നേക്കും.

ഉഴിച്ചിൽ കഴിഞ്ഞെഴുന്നേററാൽ എട്ടുപത്തു് ചാടി കൈകൾ വീശി പിന്നെ കൈകൾ ചുമരിൽ കുത്തി കാൽ വീശി തിരിയുക. അനന്തരം വളച്ചുവീശൽ, തിരിച്ചുകുത്തൽ, തൊഴുക്കുത്തൽ, മറിച്ചിൽ, തൊഴുക്കുത്തി മടമ്പു് പിടിച്ചു നിൽക്കൽ, സൂചിയ്ക്കിരുത്തൽ മുതലായവ ചെയ്തശേഷം കുമ്പിട്ടു് കച്ചയഴിക്കുക. വഴിയെ നല്ല എണ്ണ തലയിൽ തേച്ച് പച്ച ഗോമാവിൻ തൊലിയും പച്ചമഞ്ഞളും കൂട്ടി അരച്ച് മെഴുക്കിളക്കി പച്ചവെള്ളത്തിൽ കുളിക്കുക.

ഉഴിച്ചിലിന്നു് ശരീരത്തിൽ തേയ്ക്കേണ്ടതു് പൂവ്വത്തെണ്ണയോ, മുക്കൂട്ടായി (പൂവ്വത്തെണ്ണ, നല്ലെണ്ണ, വേപ്പെണ്ണ) കാച്ചിയ തൈലമോ ആണു്. അല്ലെങ്കിൽ നല്ലെണ്ണയായാലും മതി. കുളികഴിഞ്ഞ ശേഷം പ്രാതലിന്നു് ജീരകം മൂപ്പിച്ചു് നെയ്യൊഴിച്ച കഞ്ഞിയാണു് വേണ്ടതു്.

കച്ചകെട്ടാരംഭത്തിൽ 14 ദിവസമെങ്കിലും പകൽ ഉറങ്ങിക്കൂടാ. ശരീരസ്വാസ്ഥ്യം ലഭിച്ചശേഷം ഓരോ മണിക്കൂർ ഉറങ്ങുന്നതിന്നു് വിരോധമില്ല. എങ്കിലും പനി വരുന്നതു് സൂക്ഷിക്കണം.

അരയ്ക്കു് വായു ശരിയ്ക്കു് കിട്ടുവാൻ ഞെരുക്കമുള്ള കുട്ടികളെ വ്യായാമസമയത്തു് ബണ്ഡ് പിടിച്ചിരുത്തുന്നതു് നന്നായിരിക്കും. അതുപോലെ വേണ്ടിവന്നാൽ കുറഞ്ഞദിവസം, അതായതു് 41 ദിവസത്തെ ഉഴിച്ചിലിന്നുശേഷം, ചുമക്കിട്ട (ചുമരിൽ പററിച്ചു കിടത്തി) ഉഴിയുകയുമാവാം. പക്ഷെ അക്കാര്യത്തിൽ അദ്ധ്യാപകൻ (ഉഴിയുന്ന ആരം) വളരെ സൂക്ഷിക്കേണ്ടതാണെന്നുകൂടി പ്രത്യേകം എടുത്തു പറയേണ്ടതാണു്.

## കഥകളിച്ചിട്ടയിലെ അഞ്ചു് കുമ്പിടൽ

(നമസ്ക്കാര പഞ്ചകം)

1. കാലടികരം കൂട്ടിവെച്ചു് മുട്ടു് തിക്കി അരയിൽ അമർത്തി നിന്നു് കൈപ്പടങ്ങരം മലർത്തി മാറിൽനിന്നു് ഒരു ചാൺ മുന്നോട്ടുവിട്ടും അന്യോന്യം ഒരിഞ്ചു് അകത്തിയും പിടിച്ചും രണ്ടു് കൈകളെക്കൊണ്ടുംകൂടി സമഗതിയോടെ ശിരസ്സിൽനിന്നു് നാലുവിരൽ മുകളിൽ തൊഴുകയ്യാക്കി ചേർത്തുപിടിച്ചശേഷം വലംകാൽ അടി മലർത്തി മുട്ടിന്നുയരത്തിൽ മടക്കിപ്പൊക്കിപ്പിടിച്ചു് മുന്നോട്ടു് ഒരു ചാൺ അകലേയ്ക്കു് നിരക്കിവെക്കുകയും ആ കാലിന്നനുയോജ്യമായി തൊഴുകൈ മാറിന്നുസമം താഴ്ത്തിക്കൊണ്ടുവിരകയും ആ വലങ്കാലിൽനിന്നു് ഒരടി അകത്തിയും അര അടി മുന്നോട്ടുനീക്കിയുംകൊണ്ടു് ഇടങ്കാലും മുന്നോട്ടുവെച്ചു് അരയിലെ വായു വിടാതെ കാലടികളുടെ വക്കുകളിൽനിന്നു് മുട്ടുകളും മടമ്പുകളും നല്ലവണ്ണം തിക്കി (പുറത്തോട്ടുപിടിച്ചു്) മാറും മുഖവും ക്രമത്തിൽ മുട്ടുയരുംവരെ താഴ്ത്തുകയും അതോടെ തൊഴുകൈ മാറിന്നുമദ്ധ്യേ അടുപ്പിച്ചു പിടിക്കുകയും ചെയ്തു് കുനിഞ്ഞുനിന്നശേഷം രണ്ടു് കൈപ്പടങ്ങളും

മാറിൻെറ സമാന്തരത്തിൽ (വിസ്താരത്തിൽ) നിലത്തുവെച്ച് വലകാലിൻെറ മടമ്പ് പൊക്കി മുട്ട് വലത്തുഭാഗത്തേക്ക് അകത്തിക്കുത്തി അരയിലെ വായു വിടാതെ മാറിന്നുള്ളം കഴുത്തും അയച്ച് സ്വല്പം കുനിഞ്ഞിരിക്കുക. ഇതാണ് സാധാരണ 'കുമ്പിടുക' എന്നു പറയുന്ന കമ്മം. ഇതിൽ കൈ കുത്തി മുട്ടുകുത്തൽ സാധാരണയിൽ പെട്ടതല്ലതാനും.

2. അനന്തരം കൈകൾ നിലത്തുനിന്നെടുത്ത് അഞ്ജലി ബന്ധിച്ച് സാവധാനത്തിൽ എഴുന്നേററ് അമൎന്നനിന്ന് തൊഴുകൈ തമ്മിൽ വേർപെടുത്തി പടങ്ങൾ ഉള്ളോട്ട് തിരിച്ചുപിടിച്ച് ഇരുവശത്തേക്കുമായി സ്വല്പം പൊക്കിക്കൊണ്ട് മുട്ടിൽ ചെറുമടക്കോടെ നിവൎത്തി മണിക്കണ്ഡം ഒടിച്ച് (അയച്ച് കൈപ്പടം കമഴ്ത്തി ത്തൂക്കി) ചുമലിൽനിന്ന് ഒരു വിരൽ പൊങ്ങിനില്ക്കുംവിധത്തിൽ ഇട്ടശേഷം ഇടങ്കാൽ തൂക്കി പിന്നോട്ട് അമൎന്നമാറി വലങ്കാലും കൂട്ടിവെച്ച് മുൻപടി തൊഴുതുകുമ്പിട്ട് കൈകൾ കുത്തി വലങ്കാൽമുട്ടും നിലത്തുകുത്തി കുനിഞ്ഞിരിക്കുക—ഇങ്ങനെ രണ്ട് പ്രാവശ്യം.

3. ആ നിലയിൽനിന്ന് മുൻ പറഞ്ഞപ്രകാരംതന്നെ എഴുന്നേററ് കൈകൾ ഇരുവശത്തേക്കുമിട്ട് ഇടംകാൽ തൂക്കി പിൻമാറി തൊഴുതു കുമ്പിട്ടുനില്ക്കുക.

4. മൂന്നാമത്തു് കുമ്പിട്ടുനില്ക്കുന്ന നിലയിൽനിന്ന് മാറും മുഖവും പിന്നോട്ട് പൊക്കി നിവൎത്തിപ്പിടിച്ച് സാവധാനത്തിൽ എഴുന്നേററ് ഇടങ്കയ്യിൻെറ പെരുവിരൽ കച്ചച്ചാറിനുള്ളിൽ പൊക്കിളിന്നു നേരെ ഉള്ളോട്ടിറക്കി കച്ചച്ചറവ് പിടിക്കുകയോ, അഥവാ പൊക്കിളിന്നുനേരെ മുൻവശത്തു് ആ കൈപ്പടം മലൎത്തിപ്പിടിക്കുകയോ ചെയ്തു്, വലകൈ ശിരസ്സിന്നുനേരെ പടം മുന്നോട്ട് തിരിച്ച് മുട്ട് പൊക്കി മടക്കിപ്പിടിച്ച്, വലങ്കാൽ മലൎത്തിത്തൂക്കി പിന്നോട്ട് വലിച്ച് മാറുന്നതോടെ ഒരു പ്രദക്ഷിണത്തിരിച്ചിലോടെ നേരെ വന്നു നിന്നശേഷം വീണ്ടും അഞ്ജലിബന്ധിച്ച് കുമ്പിടുക. അങ്ങിനെ നാലു് കുമ്പിടൽ കഴിഞ്ഞു്

5. നാലാമത്തു് കുമ്പിട്ടുനിവൎന്നശേഷം വലങ്കാൽ മടക്കിപ്പൊക്കി വലത്തോട്ട് അകലെ ചവിട്ടിയമൎന്ന് ആ കാൽതന്നെ ഇടത്തോട്ട് കെട്ടിവെച്ച് തല കുനിയാതെ അരയിലമൎന്നുകൊണ്ട് ഗണപതി വന്ദനം ചെയ്തു് കാൽ കൂട്ടിവെച്ച് മുൻപടി ഒന്നുകൂടി കുമ്പിട്ടുനിവൎന്ന് അവസാനിപ്പിക്കുക.

## മെയ്യുടവിൻക്രമം.

1. കച്ചകെട്ടൽ. കച്ചയ്ക്ക് അവരവരുടെ കയ്യിന്നു ചുരുങ്ങാതെ ഒരു ചാൺ വീതിയും ഒമ്പതുമുഴം നീളവും ഉണ്ടായിരിക്കണം. എന്നാലേ അരയിൽ മൂന്നു ചുററെത്തു.

2. മെഴുക്കിടൽ. കയ്യിൽ എണ്ണയെടുത്തു രണ്ടു കൈകൊണ്ടും പതച്ചു കൈക്കൂപ്പി കന്നി രാശിയിലേക്കു (തെക്കുപടിഞ്ഞാറെ കോണിലേക്കു) ഒന്നു കുമ്പിട്ടുനിവന്നു വലങ്കാൽ അവരവരുടെ കയ്യിന്നു മൂന്നു ചാൺ അകത്തിച്ചുവിട്ടി താണുനിന്നു എണ്ണക്കൈകൾ രണ്ടു തുടയിലും ഒപ്പം അടിച്ചു രണ്ടുമൂന്നുപ്രാവശ്യം നീട്ടി ഉഴിയുക. ഈ ചടങ്ങിന്നുശേഷം വഴിയേ യഥേഷ്ടം ഉദരപ്രദേശമൊഴിച്ചു എല്ലാടവും. എന്നാൽ മുഖത്തു മെഴുക്കു അധികം ഉപയോഗിക്കരുതു. നല്ലവണ്ണം മെഴുക്കിടുക.

3. ചാട്ടം. ഒന്നര പ്രദക്ഷിണംകൊണ്ടു 25 ചാട്ടം വീതം നാലാവൃത്തി അതായതു ഒട്ടാകെ 100ചാട്ടമെങ്കിലും നിർബ്ബന്ധമാക്കുക.

4 നമസ്ക്കാരപഞ്ചകം. വീണ്ടും കന്നിരാശിയിൽത്തന്നെ പരദേവതയ്ക്കു പരമ്പരാചാരപ്രകാരമുള്ള അഞ്ചു നമസ്ക്കാരം ചെയ്യുക.

5. അടവാരംഭം. മേൽപ്പറഞ്ഞ നമസ്ക്കാരത്തിനുശേഷം യഥാസ്ഥാനത്തു വന്നുനിന്നു അഭിമുഖമായി രണ്ടു നമസ്ക്കാരം— അതായതു ഒന്നു കുമ്പിട്ടുനിവന്നു വലങ്കാൽ വലത്തോട്ടു അകത്തിച്ചുവിട്ടിയമന്നുവീണ്ടും വലങ്കാൽ കെട്ടിവെച്ചമന്നു (സ്വസ്തിക നിലയിൽ) ഗണപതിവന്ദനം ചെയ്തു ഒന്നുകൂടി കുമ്പിടുക.

6. കാലടവു്. കാൽ കൂട്ടിയമന്നുനിന്നു കൈകൾ ചെറുമടക്കിൽ മേല്പോട്ടു പൊക്കിപ്പിടിച്ചു മുന്നോട്ടു ഈ രണ്ടു കാൽ പൊക്കിയകത്തിച്ചുവിട്ടിയമന്നു പിൻകാലെടുത്തു മുകളോട്ടു (കൈപ്പടത്തിലേയ്ക്കു) ശക്തിയോടെ വീശുക. ഇതിൽ ആരംഭവും അവസാനവും വലങ്കാലുകൊണ്ടാകുന്നു.

അങ്ങിനെ വലം, ഇടം എന്നീ ക്രമത്തിൽ നാലുകാൽ (രണ്ടുംകൂടി) വീശിക്കഴിഞ്ഞാൽ അഞ്ചാമത്തേയും ആറാമത്തേയും കാലുകൾ മുന്നോട്ടു വീശിയശേഷം ആ കാൽതന്നെ പിന്നോട്ടു തിരിഞ്ഞും ഓരോന്നു വീശണം.

ഏഴാമത്തേയും എട്ടാമത്തേയും കാലുകരം മുന്നോട്ട് വീശി കൂട്ടി വെച്ച് ചാടുകയും ചാട്ടത്തോടുകൂടി ആ കാൽതന്നെ വീണ്ടും ഒന്നു കൂടി വീശുകയും വേണം.

അനന്തരം വലങ്കാൽ മുതൽ വലങ്കാൽവരെ മൂന്നു് കാൽകൂടി ആരംഭത്തിലെന്നപോലെ വീശിക്കഴിഞ്ഞാൽ ഒരു നമസ്ക്കാരത്തോടുകൂടി സമാപിക്കുക.

ഈ അടവിൽ ആകെ പതിനൊന്നാവൃത്തിയും പതിനഞ്ചു് വിക്ഷേപവും ഉൾക്കൊള്ളുന്നു.

7. പരക്കംവെച്ചടവു്. മേൽപ്പറഞ്ഞ നമസ്ക്കാരത്തിൽ നിന്നു് നിവൎന്നു് കൈകരം ചതുരശ്രമാക്കി കമിഴ്ത്തിപ്പിടിച്ചു് വലം ഇടം കാലുകരം രൂക്കി പിന്മാറി വലങ്കാൽ പരത്തിച്ചവിട്ടിയമൎന്നുനില്ക്കുക.

അതിൽനിന്നു് ഇടംകാൽ ഇടത്തോട്ടും വലങ്കാൽ വലത്തോട്ടും രൂക്കിവെച്ചമൎന്നു് ഇടങ്കാലെടുത്തു് സ്വസ്തികമാക്കിവെച്ചമൎന്നുനിന്നു് വലങ്കാൽ മുന്നോട്ടാഞ്ഞു് അകലെ ചവിട്ടി ഇടങ്കാൽ ഇടത്തോട്ട് പരത്തിച്ചവിട്ടിയമൎന്നു് വലം, ഇടം കാലുകരം രൂക്കി പിന്നോട്ടുനീട്ടി മാറി വലങ്കാൽ പരത്തിച്ചവിട്ടിയമൎന്നുനിന്നു് ഊരുക്കളുഴിഞ്ഞു് മുട്ടിന്മീതെ കൈപ്പടമമൎത്തിവിടൎത്തിപ്പിടിച്ചു് കൈകളൂന്നി വരികരം രണ്ടുവശത്തേയ്ക്കും തിരിച്ചു പൊട്ടിയ്ക്കുക. അതിനെത്തുടൎന്നു് ചെവി പിടിച്ചിരുത്തലും മററും.

അതായതു് നാട്യശാസ്ത്രോക്തമായ ശിഖരമുദ്ര (പെരുവിരൽ നിവൎത്തിപ്പിടിച്ച മുഷ്ടി) മുന്നോട്ട് നീട്ടിപ്പിടിച്ച ഇടംകയ്യിലും കപിത്ഥമുദ്ര (ആയുധമുദ്ര) ശരീരത്തോടൊതുക്കി മടക്കി ചെവിയ്ക്കടുത്തായി വലംകയ്യിലും പിടിച്ചു് (വാളും പരിചയും ധരിച്ചതുപോലെ) നിന്നു് ഇടങ്കാൽ നേരെ ഇടത്തോട്ട് ചെടുക്കനെ നീട്ടി മടമ്പൂന്നി കാൽപ്പടം മേല്പോട്ടു് നിവൎത്തി പെരുവിരൽ പുറകോട്ടുപിടിച്ചു് മററു നാലു് വിരലുകളെക്കൊണ്ടു് ഉള്ളോട്ടു മറിച്ചുപിടിച്ചും അഥവാ നീട്ടിയ കാലിൻെറ പടം വളച്ചു കമിഴ്ത്തി നിലത്തുപററിച്ചും വലങ്കാലിൻെറ മുന്നടി വളച്ചു് മടമ്പു് അകത്തിപ്പിടിച്ചു് മുട്ടു് അകത്തി മടമ്പിൽ തൊടാതെ അരയ്ക്കുനേരെ നടുക്കു് വായു തള്ളി അമൎന്നിരിക്കുക അതിൻെറ വിപരീതമായി ഇടത്തും ഇരുത്തുക. ഇതിൽ കൈകരംക്കു് മാററമില്ല. അങ്ങിനെ വലം ഇടം ക്രമത്തിൽ എട്ടു് ഇരുത്തൽ.

തുടൎന്നു് വലിഞ്ഞിരുത്തൽ — ഇടംകാലിൽ വരുന്ന എട്ടാമത്തെ

ചെവി പിടിച്ചിരുത്തലിൻശേഷം രണ്ടു് കൈകൊണ്ടുംകൂടി ''വരി കുതെട്ടിമലൻചുഴിച്ചു്'' നീട്ടിയിരിക്കുന്ന വലങ്കാലിലേക്കു് വരി കൊണ്ടു് തിരിഞ്ഞു് മാറു് ആ തുടയോടണപ്പിച്ചുകൊണ്ടു് കമിഴ്ന്നു താണുകൊണ്ടു് (നുഴുന്നപോലെ) വലംകാലിലേയ്ക്കു് വലിയ്ക്കുക. ആ വലിവിൻെറ അവസാനത്തോടെ വലങ്കാൽ മടക്കി മടമ്പകത്തി പടം വളച്ചു് മുന്നടിയിൽ അരയമന്നു് കൈ രണ്ടും നേരെ മുന്നിൽ നിവൎത്തികുത്തി വലങ്കാലിൻെറ മുട്ടു് വലങ്കയ്യിൻെറ വലഭാഗത്തേയ്ക്കു് (പുറത്തേക്കു്) അകത്തിപ്പിടിച്ചു് അര പിന്നോട്ടു് വളച്ചമന്നു് മടമ്പിൽ തൊടാതെ കൈകരം നിലത്തു് പററിച്ചൂന്നി മാറും മുഖവും ശരിയ്ക്കുടുത്തുപിടിച്ചുനില്ക്കുക. അതിൻെറ വിപരീതമായി ഇടം കാലിലേക്കും അതുപോലെയെല്ലാം പ്രയോഗിക്കുക. അങ്ങിനെ വലം ഇടം എന്ന ക്രമത്തിൽ രണ്ടുവശവുംകൂടി എട്ടാവൃത്തി ഈ അടവും എടുക്കുക. ഇതിൽ നീട്ടുന്ന കാലിൻെറ പടം ചെടുക്കനെ നിവൎത്തിപ്പിടിക്കുകയും വേണം.

അതിനെത്തുടൎന്നു് ഇടംകാലിൽ വരുന്ന 8-ാമത്തെ 'കൈകുത്തി നിവരൽ' കൈകരം നിലത്തുനിന്നെടുക്കാതേയും അര പൊങ്ങിക്കാതേയും ആ നിലയിൽത്തന്നെ നിന്നു് വലങ്കാൽ വലിച്ചുകൂട്ടി അനന്തരം ഇടങ്കാൽ പിന്നിലേക്കു് ഇടത്തുപുറെ ചുഴിച്ചു് തിരിഞ്ഞു് ഇടം കാലിലേയ്ക്കു് വലിഞ്ഞു് നിവരുക. വഴിയെ വലങ്കാൽ മുൻപോലെ വലിച്ചുകൂട്ടി ഇടംകാൽ പിന്നോട്ടു് നീട്ടി കൈകരം നേരെ മുന്നിലേക്കു് തിരിഞ്ഞു നിരക്കിവെച്ചു് വലങ്കാലിൻെറ മുന്നടിയിൽ മടമ്പു് തൊടാതെ അമൎന്നിരിക്കുക.

''വലിഞ്ഞുനിവൎന്നു് വലിച്ചുകൂട്ടിയമരൽ''

അനന്തരം മുൻപറഞ്ഞപോലെ വലങ്കാലിൽ അമൎന്നിരുന്ന ശേഷം നിലത്തുകുത്തിയ കൈകരം മുഷ്ടിപിടിച്ചു് മേല്പോട്ടുയൎത്തി നീട്ടിക്കൊണ്ടു് വലിഞ്ഞുകൊണ്ടു് വലങ്കാലിൽത്തന്നെ എഴുന്നേററു് അര ഇടംകാലിലേക്കു് നീക്കി വായുവിടാതെ കാൽമുട്ടു് മടക്കി തിക്കി കുമ്പിട്ടു് (കുനിഞ്ഞു്) കൊണ്ടു് ഇരുകൈകളും മുട്ടു മടക്കാതെ നിലത്തുകുത്തി കഴുത്തയച്ചു് മുഖം കമഴ്ത്തിപ്പിടിച്ചു് വലംകാൽ വലിച്ചുകൂട്ടി രണ്ടു് കാലിൻേറയും മടമ്പകത്തി പടം വളച്ചു് മുന്നടി ചേൎത്തുവെച്ചു് അങ്ങിനെ കുനിഞ്ഞമൎന്നുനിന്നശേഷം ആ നിലയിൽ നിന്നുതന്നെ വലംകാൽ വലത്തോട്ടുതന്നെ നിരക്കിയകത്തി (മൂന്നു് ചാണകലെ) നില്ക്കുക. വീണ്ടും ഇടങ്കാലിൽ വലിഞ്ഞുനിവൎന്നു് മേൽ പറഞ്ഞപോലെ ഈ അടവും എട്ടാവൃത്തിയെടുക്കുക.

അങ്ങിനെ 8-ാമത്തെ കഴിഞ്ഞാൽ ഇടംകാൽ വലിച്ചുകൂട്ടിയ മന്നുനിന്നശേഷം ആ നിലയിൽ നിന്നുകൊണ്ടു് വലങ്കാലെടുത്തു പൊക്കി പിന്നോട്ടു് ഒരടി അകലേയ്ക്കു് വലിച്ചുമാററിയശേഷം ചെവിപിടിച്ചിരുത്തലിൽ പറഞ്ഞ ആയുധധാരണഹസ്തങ്ങൾ (ശിഖര കപിത്ഥങ്ങൾ) പിടിച്ചു് നിവന്നുനിന്നു് പിന്നോട്ടാക്കിയ വലങ്കാൽതന്നെ പിന്നോട്ടെടുത്തുമടക്കി പടം മലത്തി പൊക്കിപ്പിടിച്ചു് മുന്നോട്ടു് മൂന്നുചാണകലേയ്ക്കു് നിരക്കി (ചെറുവിരലിൻെറ വക്കകൊണ്ടു്) വെച്ചു ഇടംകാലെടുത്തു് വലംകാലിൻെറ ഒരടി അകലെ മുന്നോട്ടാഞ്ഞു് ചവിട്ടി കച്ചയുടെ നാക്കു് (തുങ്ങിയ തല) ഇടംകാലിൻെറ പെരുവിരലിനുമുന്നിൽ ഇഴയത്തക്കവണ്ണം അരക്കു് വായു തള്ളിപ്പിടിച്ചു് അമന്നുനില്ക്കുക.

8. <u>ചുമർപിടിച്ചിരുത്തൽ</u> ചുമരിൽനിന്നു് രണ്ടിടവിട്ടുനിന്നു് കൈകൾ ചുമരിൽ നേരെ നിവത്തിക്കുത്തി കാൽ കൂട്ടിവെച്ചു് സ്വല്പം മടക്കി മുട്ടകുത്തി അരസ്സു് വായു കൊടുത്തു് അമന്നുനിന്നശേഷം വലങ്കാൽ മലത്തി മടക്കിയെടുത്തുപൊങ്ങിച്ചു് ഇടംകാലിൽ നിന്നു് ഒരടി പിന്നോട്ടു് വലിച്ചുമാററി മുൻപറഞ്ഞപോലെ കച്ച നാക്കു് മുൻകാലിൻെറ മുന്നിൽ ഇഴയത്തക്കവണ്ണം അമരുക. അങ്ങിനെതന്നെ കാൽ കൂട്ടിച്ചേത്തശേഷം ഇടംകാൽകൊണ്ടും ചെയ്യു് കാൽ വലിച്ചുകൂട്ടിയശേഷം അങ്ങിനെതന്നെ കൂട്ടിവെച്ചു് മുന്നടിയിലും അമന്നുനിന്നു് നിവരുന്നതോടുകൂടി തൊഴകൈ മേല്പോട്ടുപൊക്കി നിവത്തിക്കൊണ്ടു് അരയിൽ പിന്നോട്ടു് നല്ലവണ്ണം വളയുക.

9. <u>ചെവിപിടിച്ചമന്നുവെച്ചു് ചവിട്ടൽ.</u> (തഞ്ചംവെച്ചുംതാഴൽ) മുൻ വിവരിച്ച ശിഖരകപിത്ഥഹസ്തങ്ങൾ പിടിച്ചു് കാൽ കൂട്ടിയമന്നു് 7-ാം അടവുകളുടെ അവസാനത്തിൽ പറഞ്ഞപോലെ മുന്നോട്ടുവെച്ചു് ചവിട്ടിത്താഴുക. ഈ കമ്മം ഓരോ അടവുകളുടേയും അവസാനത്തിൽ ആവത്തിയ്ക്കപ്പെടേണ്ടതാകുന്നു.

10. <u>തൊഴതടികൂട്ടിത്താണടവു്.</u> കൈകൾ തൊഴുതുകൊണ്ടു് പൊക്കിപ്പിടിച്ചു് കാൽകൂട്ടിയമന്നിരുന്നു നിവന്നു് വലങ്കാൽ മലത്തിപ്പൊക്കി മുന്നോട്ടു് നിരക്കി (തൂക്കിവെച്ചു്) ഇടംകാലെടുത്തു പൊക്കി കൂട്ടിച്ചവിട്ടിയമന്നുനിന്നു് കൈകൾ കക്കടഹസ്തമാക്കി (വിരൽ തമ്മിൽ കോത്തു്) മേലോട്ടു് മലത്തിമറിച്ചു് ശരീരം വലിഞ്ഞു് കുമ്പിട്ടു് രണ്ടു് കൈപ്പടങ്ങളും കാൽമുട്ടു് മടങ്ങാതെ നില

ത്തമത്തിയശേഷം ആ നിലയിൽനിന്നു് രണ്ടുകൈകളുംകൂടി വലം, ഇടം ചുവടെ അദ്ധ്ചന്ദ്രാകാരത്തിൽ ശക്തിയോടെ വീശുക. അങ്ങിനെ വീശുമ്പോഠം കഴുത്തയച്ചിടണം; വരിയും മുഖവും വീശുന്നതിനനുസരിച്ചു് തിരിഞ്ഞുമലരണം. കൈകഠം അങ്ങോട്ടുമിങ്ങോട്ടും വീശവേ നിലം തൊടണം. അങ്ങോട്ടുമിങ്ങോട്ടും തിരിയുമ്പോഠം മുഖം മലത്തി നേരെ മുകളിൽ നോക്കുകയും വേണം.

അങ്ങിനെ വലം, ഇടംകൂടി എട്ടു് വീശിക്കഴിഞ്ഞാൽ വലത്തോട്ടു് വീശുന്നതിന്നൊപ്പം വലങ്കാലും ഇടത്തോട്ടു് വീശുന്നതിന്നൊപ്പം ഇടംകാലും മുട്ടിൽ മടക്കിമലത്തി മുട്ടോളമുയരത്തിൽ പൊക്കിയശേഷം സ്വസ്ഥാനത്തുതന്നെ കുട്ടിവെയ്ക്കുക. അതുപോലെ (വിപരീതം) ഇടഭാഗവും ചെയ്യുക. അതിന്നെ തുടന്നു് കൈവീശൽ നിത്താതെ വീണ്ടും വലങ്കാൽ മുൻപറഞ്ഞപോലെ ഒന്നുകൂടി മലത്തി തുക്കിച്ചേത്തുവെക്കുകയും അതോടുകൂടി ഇടംകാലിൽ മലന്നു മറിഞ്ഞു് (ഒരു വീശലോടുകൂടി) തിരിഞ്ഞുകൊണ്ടു് വലങ്കാൽ ചുററിയെടുത്തു് ഇടങ്കാലിന്നരികെ ചേത്തുവെക്കുകയും അവിടേയും കൈവീശൽ നിത്താതെ മുൻപറഞ്ഞപോലെ ഇടം, വലം കാലുകഠം തുക്കി (പൊങ്ങിച്ചു്) കുട്ടിവെച്ചു് വീണ്ടും ഇടങ്കാൽ ഒന്നുകൂടി തുക്കി കുട്ടിവെച്ചു് ആദ്യത്തേതിൻെറ വിപരീതമായും മറിയുക.

11. <u>മലക്കം മറിച്ചിൽ.</u> മേൽപറഞ്ഞ കുനിഞ്ഞു വീശി മറിയൽ കഴിഞ്ഞാൽ കാലുകഠം അന്യോന്യം 3 അടി അകലത്തിൽ വെച്ചു് മുട്ടയരത്തോളം അര താഴ്ത്തിനിന്നു് കാൽ മടങ്ങിയ മാതിരി കൈകളും മുകളിൽ വിടർത്തിപ്പിടിച്ചു് മുട്ടു് മടക്കി മണിക്കണ്ടം ഒടിച്ചു് കൈപ്പടം (ഉള്ളംകൈ) മുന്നോട്ടു് തിരിച്ചു് ശിരസ്സിനു സമം ഉയർത്തിപ്പിടിച്ചുനിന്നശേഷം ഇടത്തെ വാരി ഒടിച്ചു ഇടങ്കയ്യിൻെറ നടുവിരലിൻെറ തല നിലത്തുതൊട്ടു് വലങ്കാലെടുത്തു് തിരിഞ്ഞു് മൂന്നടി അകലെ വെയ്ക്കുന്നതോടൊപ്പം വലങ്കയ്യിൻെറ നടുവിരലും നില്ത്തുതൊട്ടു് (അവിടെ വലത്തെ വാരിയും ഒടിയണം) ആ വലംകാലിൽനിന്നു് മലന്നു തിരിഞ്ഞുമറിയുന്നതോടെ ഇടംകാലെടുത്തു് തിരിഞ്ഞു് മൂന്നടി അകലെ ചവിട്ടുന്നതോടെ തിരിഞ്ഞ് വീണ്ടും വലങ്കാൽ മൂന്നടി അകലെ ചവിട്ടി ആരംഭത്തിലെന്നപോലെ കൈകഠം പിടിച്ചു് താണുനില്ക്കുക. ഈ മറിച്ചിൽ നിർദ്ദേശിച്ച പ്രകാരം പിടിച്ച കൈകഠം വീശിക്കൊണ്ടായിരിക്കണം.

ഇതിൽ ആരംഭത്തിലെ നില അഭിമുഖവും വലങ്കാൽ തിരിഞ്ഞു് ചവിട്ടുന്നേടത്തു് പരാങ്മുഖവുമായിരിക്കും. അതായതു് അഭി

മുഖനിലയിൽനിന്നാരംഭിച്ച് ഒരു തിരിച്ചിലിനുശേഷം പരാങ്മുഖ നിലയിൽ അവസാനിപ്പിക്കുന്നു. ഇതാണ് മലക്കം എന്നു പറയു ന്നതു്. ഇതു് ഇടത്തോട്ടുമാത്രമേ മറിയാറുള്ളു; വലത്തോട്ടു് പതി വില്ല. ഇങ്ങിനെ ഈ അവസരത്തിൽ തുടച്ചയായി അഞ്ചു് മലക്കം മറിയുക.

12. അനന്തരം 9 ാം നമ്പറിൽ പറഞ്ഞ തഞ്ചംവെച്ച ചവിട്ടി ത്താഴൽതന്നെ.

13. പത്താം നമ്പറിൽ വിവരിച്ചപോലെ ആരംഭിച്ച് വ ഴിയെ കൈകോർത്തുനിവന്നുവലിഞ്ഞശേഷം രണ്ടു് കൈകളും പടം ചെരിച്ചുപിടിച്ച് (തമ്മിൽ ചേർത്തു) തോളിന്നുസമം മുന്നോട്ടു് നീട്ടിപ്പിടിച്ചശേഷം ഇടങ്കൈ ആ നിലയ്ക്കു് ഇളക്കാതെ നിർത്തി വ ലങ്കൈ ആദ്യം മുന്നോട്ടു് വട്ടത്തിൽ വീശുക (ചക്രം ഉരുളുന്നതു പോലെ). അനന്തരം അത്ര പ്രാവശ്യംതന്നെ പിന്നോട്ടു് വീശുക. ആ വിധം ഇടങ്കൈകൊണ്ടും കഴിഞ്ഞശേഷം രണ്ടു് കൈകളുംകൂടി അങ്ങിനെതന്നെ മുമ്പോട്ടും പിമ്പോട്ടും വീശുക.

ഇടങ്കയ്യിന്റെ പെരുവിരൽ പൊക്കിൾസ്ഥാനത്തു് ഉള്ളോട്ടി റക്കി കച്ചച്ചുററു് മുറുകെ പിടിച്ചു് വലങ്കൈ കമഴ്ത്തിയും മ ലർത്തിയുംകൊണ്ടു് 'എട്ടു്' എന്നു് വീശുക.

തുടർന്നു് രണ്ടു് കൈകളുംകൂടി 'എട്ടു്' എന്നു് ചെരിച്ചെഴുതുന്ന മാതിരി 'ȣ' കോണോടുകോണുകൾ യോജിപ്പിച്ചുകൊണ്ടു് വീശുക.

അതിനുശേഷം കൈകളുടെ വിരലുകൾ കൂട്ടിച്ചേർത്തു് താമര മൊട്ടുപോലെ പിടിച്ച് കൈമുട്ടുകൾ ശരീരത്തോടണച്ചു് താഴ്ത്തി പ്പിടിച്ചു് ആ കൂട്ടിപ്പിടിച്ച വിരലുകളുടെ അഗ്രം ചുമലിലേക്കു് ചേർ ത്തുവെച്ചു് (തൊടുവിപ്പിച്ചുകൊണ്ടു്) മുഖം തിരിയ്ക്കാതെ ശരിയ്ക്കു നിത്തി മാറിന്നുള്ളു് അയച്ചുപിടിച്ചുകൊണ്ടും പൃഷ്ഠഭാഗം ഇളകാ തേയും ഇരുവശത്തേക്കുമായി വരിയും ചുമലും നല്ലവണ്ണം തിരി ക്കുക. പിന്നീടു് കൈകൾ ചുമലിൽനിന്നെടുക്കാതെ മാറിന്നുനേരെ മുൻപിൽ കൈമുട്ടുകൾ തമ്മിൽ തൊടുവിച്ചുതൊടുവിച്ചുകൊണ്ടു് മു മ്പോട്ടും പിമ്പോട്ടും (കൈവീശും ക്രമത്തിൽ) ചുഴററുക. അനന്തരം രണ്ടു് കൈകളും നിവർത്തി മുൻപോലെ വട്ടത്തിൽ വീശിക്കൊണ്ടു് വലങ്കാൽ തൂക്കി വലത്തോട്ടു് മൂന്നടി അകലേയ്ക്കു്നിരക്കിയകത്തി വെച്ചു് (അര മുട്ടോളമമന്നു്) അങ്ങിനെ ഇടത്തോട്ടും വെച്ചമന്നു് വീണ്ടും വലങ്കാൽ തൂക്കി വലത്തോട്ടുതന്നെ വെച്ചു് ഇടംകാൽ

നിരക്കിക്കൂട്ടിച്ചാടി ഇടങ്കാൽ പൊക്കിപ്പിടിച്ച് വലങ്കാലിൽ വീണു നില്ക്കുക. അങ്ങിനെ ഇടത്തോട്ടും ചെയ്തു വലങ്കാൽ പൊക്കിപ്പിടിച്ച് വീണശേഷം വീണ്ടും വലങ്കാൽ വലത്തോട്ടുവെച്ച് ഇടംകാൽ കൂട്ടി ഒരു ചാട്ടത്തോടെ വലഭാഗം തിരിഞ്ഞുവന്ന് കാൽ കൂട്ടി നില്ക്കുക. വീണ്ടും ഇടങ്കാൽ ഇടത്തോട്ടുവെച്ച് അതിൻെറ വിപരീതമായി ഒരു ചാട്ടവും തിരിച്ചിലും.

14. അനന്തരം 9-ാംനമ്പറിൽ പറഞ്ഞ തഞ്ചംവെച്ച് ചവിട്ടി ത്താഴൽതന്നെ.

15. <u>വളച്ചുവീശൽ.</u> 7-ാംനമ്പറിൽ വിവരിച്ചപ്രകാരം ആരംഭിച്ച് വഴിയെ കാലുകരം തൂക്കി പിന്നോട്ടുമാറി ചവിട്ടിയമൎന്നനിന്ന ശേഷം ഇടംകൈപ്പടം മടക്കി (മുഷ്ടിയാക്കി) പ്പിടിച്ച് കൈത്തണ്ട പിന്നിലായി അരയിൽ അമൎത്തിയൂന്നി വലംകയ്യിൻെറ ചൂണ്ടാണി വിരൽകൊണ്ടു് ചുററും നിലത്തുവരയ്ക്കുമാറു് അമൎന്നനിന്നു് നേരെ മുന്നിൽനിന്നാരംഭിച്ച് വരിയൊടിഞ്ഞു് പിന്നോട്ട് മലൎന്ന് പിന്നോട്ട് തിരിഞ്ഞു (പിരിഞ്ഞു) വരുംവണ്ണം ശരീരത്തെ ചുഴററുക. ഇങ്ങിനെ വലവും ഇടവും ഒററക്കൈകൊണ്ടു് മുമ്മൂന്നപ്രാവശ്യം—പിന്നെ രണ്ടുകൈകളെക്കൊണ്ടും ഒന്നിച്ചും വലം ഇടം മുമ്മൂന്നപ്രാവശ്യം.

16. <u>തിരിച്ചിരുത്തൽ.</u> അനന്തരം കാൽകൂട്ടി മുട്ടുകരം നീക്കി (അകത്തി) കൈകളും മുന്നിൽ കുത്തി മുന്നടിയിൽ (മടമ്പു് പൊക്കിപ്പിടിച്ച്) അമൎന്നിരുന്നശേഷം വലകയ്യെടുത്തു് പിന്നോട്ട് തിരിച്ച് പിന്നിൽ കുത്തി ഇടംകൈ ചുവടെ കൊണ്ടുപോയി വലത്തെ വരി ഒടിച്ച് കാലുകരം നിലത്തുപററിച്ചൂന്നി അര മേല്പോട്ടുയൎത്തി മലൎന്ന് ഇടങ്കയ്യും നിലത്തൂന്നി അര മേല്പോട്ട് വായു കൊടുത്തു് തള്ളി വളഞ്ഞുനില്ക്കുക; തുടൎന്ന് ഇടത്തെ വരി ഒടിച്ച് ഇടംകൈ നിലത്തൂന്നി ആദ്യം ചുവടെ വൃത്തത്തിൽ മുന്നിലേയ്ക്കു് വലംകയ്യിനേയും വഴിയെ ഇടംകയ്യിനേയും കൊണ്ടുവരിക. അങ്ങിനെ തുടൎച്ചയായി മൂന്നു പ്രാവശ്യം. പിന്നീടു് അതുപോലെ അതിൻെറ വിപരീതവും മൂന്നു പ്രാവശ്യം.

അതിൽ ഇടത്തുവശത്തെ മൂന്നാംപ്രാവശ്യത്തിൽ കൈകരം രണ്ടും പിന്നിൽ കുത്തി അര മേല്പോട്ടു് വളച്ചുനിന്നാൽ ആ നില്പിൽനിന്നു് കൈകരം തൊഴുതുകൂട്ടി തമ്മിൽ വേറിടാതെ മുമ്പെ ശരീരവും വഴിയെ ആ തൊഴുകയ്യുമായി മേല്പോട്ടുപൊങ്ങി നിവൎന്നനിന്നു അമൎന്നു നില്ക്കുക.

17. ചവിട്ടിയമന്റു കെട്ടിപ്പിടിയ്ക്കൽ. മേൽപ്പറഞ്ഞ നിലയിൽനിന്നു് വലങ്കാൽ മലത്തി പൊങ്ങിച്ചെടുത്തു് നിന്നിരുന്ന സ്ഥാനത്തേക്കുതന്നെ ചവിട്ടിയമന്റു് വീണ്ടും മലത്തിയെടുത്തു് പൊങ്ങിച്ചു് മുട്ടു് നല്ലവണ്ണം മടക്കി മുഷ്ടിപിടിച്ചു് വലങ്കൈകൊണ്ടു് കണങ്കാലിന്റെ മദ്ധ്യത്തിൽക്കൂടേയും മുൻവശത്തുകൂടേയുമായി ചുവടെ കെട്ടിപ്പിടിക്കുക. ആ സമയത്തു് ഇടംകൈ സ്വല്പം മടക്കി മേല്പോട്ടുയർത്തി പടം മുന്നോട്ടു് തിരിച്ചുപിടിച്ചു് ഇടംകാലിൽ നിവന്റു നില്ക്കുകയും വേണം. ഇതിന്റെ വിപരീതമായും ചെയ്യുക. അനന്തരം ആ നിലയിൽതന്നെ രണ്ടു് കൈകളും പൊക്കിപ്പിടിച്ചു് വലങ്കാൽ ചവിട്ടിയമന്റു് (മൂന്നടി അകലെ) മലത്തിപ്പൊങ്ങിച്ചു് കാൽപ്പടം മലത്തിപ്പിടിച്ചു് വലങ്കൈകൊണ്ടു് ആ പൊങ്ങിയ കാലിന്റെ പെരുവിരലിന്റെ തലപിടിച്ചു് പിടി വിടാതെ കാൽമുട്ടു് ചെടുക്കനെ നിവരുമാറു് ശക്തിയോടെ മുന്നോട്ടു് കുടയുക. അങ്ങിനെതന്നെ ഇടങ്കാൽ ചവിട്ടിയമന്റു ചെയ്യുക.

18. പതിനൊന്നാം നമ്പറിൽ വിവരിച്ചവിധം മൂന്നു് മലക്കം മറിയുക.

19. വീണ്ടും അവസാനമായി 9–ാം നമ്പറിൽ വിവരിച്ച തഞ്ചംവെച്ചു് ചവിട്ടിത്താഴൽ.

20. സമാപന നമസ്ക്കാരം. ഇതിൽ 7–ാംനമ്പർ ക്രിയകളുടെ അവസാനത്തിൽ പറഞ്ഞ ''തഞ്ചംവെച്ചു് ചവിട്ടിത്താഴൽ'' എന്ന ക്രിയ 19–ാം നമ്പർകൂടി ആകെ 5 പ്രാവശ്യം വരുന്നതാണു്.

മെയ്യടവിന്നു് ചുരുങ്ങിയതു് അരമണിക്കൂറെങ്കിലും ശരീരം ഉപയോഗപ്പെടുത്തേണ്ടതാണു്. അതിൽ ചുരുങ്ങിയാൽ ഫലം നന്നെ തുച്ഛമാകാൻ ഇടയുണ്ടു്.

ഈ അടവുകളെല്ലാം വേണ്ടപോലെ എടുത്തവസാനിച്ചുകഴിഞ്ഞാൽ ചുരുങ്ങിയതു് മുമ്മൂന്നു പ്രാവശ്യമെങ്കിലും തൊഴക്കുത്തുകയും കരണംമറിയുകയും ചെയ്തശേഷം കാൽ സാധകം ആരംഭിക്കുക.

## ശരീരമർദ്ദനം (ഉഴിച്ചിൽ)

കച്ചകെട്ടിയഭ്യാസവും ഉഴിച്ചിലും നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തു് ആദ്യമായി സമനിലത്തുനിന്നു് 26 കോൽ 2 വിരൽ ഉയരത്തിലും ചുമരിൽനിന്നു് 20 വിരൽ അകലം വിട്ടും $2\frac{1}{2}$ വിരൽ

വണ്ണമുള്ള ഒരു ഉരുളൻ ദണ്ഡു് രണ്ടുതലയും ചുമരിൽ തുളച്ചുകൊട്ടത്തോ തലക്കൽ തുളച്ചുനാട്ടിയ കാലുകളിൽ കോത്തോ നല്ലവണ്ണം ഉറപ്പിൽ (ഇളകാത്തവിധം) സ്ഥാപിക്കണം. കാലുകറം നാട്ടുന്നതു് ഈരണ്ടു് കോൽ അകലത്തിലായിരിക്കുകയും വേണം. ആ രണ്ടു് കോൽ വിസ്താരത്തിലുള്ള സ്ഥലമുണ്ടായാലേ ഒരാളെ വേണ്ടുംവിധം ചവിട്ടിയുഴിയുവാൻ സാധിക്കൂ.

ഉഴിയുന്ന ആളുടെ അവലംബത്തിനുള്ള മേൽപ്പറഞ്ഞ ദണ്ഡിനു പകരം ചിലപ്പോറം കെട്ടിത്തൂക്കിയ കയർ പിടിച്ചുകൊണ്ടും ഉഴിച്ചിൽ നടത്തുക പതിവുണ്ടു്. പക്ഷെ അതു് വേണ്ടത്ര ഫലപ്രദമല്ല. കാരണം ഉഴിയുന്നവന്നു് വായുനിയന്ത്രണത്തിനു് കയറായാൽ സ്വാധീനം മതിയാകുന്നതല്ല. അതുകൊണ്ടു് ദണ്ഡു്തന്നെ ഉത്തമം.

ദണ്ഡിൻെറ രണ്ടു് തലയും കോത്തിരിക്കുന്ന കാലുകറംക്കു് മദ്ധ്യത്തിലായി ചുമരിന്നരികിൽനിന്നു് മുന്നോട്ടു് നീട്ടിവെച്ചിരിക്കുന്ന പായയിൽ കിടത്തി വേണം ഉഴിച്ചിൽ നടത്തുവാൻ അല്ലാതെ വെറും നിലത്തു് കിടത്തിക്കൊണ്ടാകരുതു്. ഒന്നിലധികം പേക്കു് ഒരുമിച്ചു് ഉഴിച്ചിൽ നടത്തേണ്ടിടത്തു് അത്രയും പേക്കു് ഈരണ്ടു കോൽ വിസ്താരം കിട്ടത്തക്കവണ്ണം ഇടക്കാലുകറം നാട്ടി സ്ഥലം ഏപ്പാടു് ചെയ്യണം.

ഉഴിയുവാനുള്ള വിദ്യാത്ഥി വ്യായാമം (മെയ്യുടവു്), കാൽ സാധകം മുതലായവകൊണ്ടു് നല്ലവണ്ണം വിയപ്പിച്ചശേഷം എട്ടുപത്തു് ചാട്ടം ചാടി ഉഴിച്ചിലിനു് നിശ്ചയിച്ച സ്ഥലത്തു് നേരെ മദ്ധ്യത്തിലായി മുട്ടിനൊപ്പം അമന്നുനില്ക്കുന്ന വടിവിൽ (കാൽമുട്ടുകറം സമകോണായി മടക്കി) കൈമുട്ടുകറം നിലത്തുകുത്തി കൈത്തണ്ടുകറം മുന്നോട്ടു് നീട്ടി പടങ്ങറം കമിഴ്ത്തിവെച്ചു് കാലടികറം ചുമരിന്നരികിൽ ചേത്തു് പരിച്ചുവെച്ചു് ചുമരിൽ പററിച്ചു ചവിട്ടി (മടമ്പു് പൊങ്ങാതെ) മാറും മുഖവും നേരെ മുന്നോട്ടു് നിവത്തിപ്പിടിച്ചു്, ചുമൽ ചുളുക്കാതെ മാത്തടം വിടത്തിപ്പിടിച്ചു്, അര (നാഭിപ്രദേശം) നിലംതൊട്ടുമാറു് യാതൊരുവിധ കോട്ടവും കൂടാതെകണ്ടു് കിടക്കുക.

അങ്ങിനെ കിടക്കുന്നതിന്നു്, വൈക്കോൽകൊണ്ടോ മറേറാ കെട്ടിയതിന്നുശേഷം, വാട്ടി ഈക്കിൽ ചീന്തിയ കുടപ്പനയോല കൊണ്ടു് പൊതിഞ്ഞു് വരിഞ്ഞതും മധ്യഭാഗം കുറഞ്ഞും സുമാർ 28 വിരൽ ചുററും രണ്ടര വിരൽ പൊക്കവുമായി ഉരുട്ടിയമത്തി വരിഞ്ഞ ഓരോ തെരികകളും കാൽമുട്ടുകറംക്കു് ചുവടെ വെയ്ക്കണം. ശരീ

രത്തിന്ന് അയവ് കിട്ടിയശേഷം അത്തരം തെരികകരം രണ്ടോ മൂന്നോ കൂട്ടിവെയ്ക്കുക പതിവുണ്ട്.

ഇങ്ങിനെയാണ് ഉഴിച്ചിലിന്ന് വിദ്യാത്ഥി ആദ്യമായി കിടക്കേണ്ടതു്. കിടക്കുമ്പോരം കച്ചയുടെ വാൽ വലിച്ചെടുത്തുകുത്തണം.

ഉഴിയുന്നവൻ (ആചാര്യനോ മറേറാ) ആദ്യമായി തൻെറ വലം കാലടി (ഉള്ളംകാൽ) ഉഴിച്ചിലിന്നു കിടക്കുന്ന വ്യക്തിയുടെ അരയിൽ കെട്ടിയ കച്ചച്ചുററിൽ രണ്ടുമൂന്നു പ്രാവശ്യം തുടക്കുന്നു. കാലിലെ മണ്ണ് പോകുവാനും എണ്ണ പുരളുവാനുമാണ് അങ്ങിനെ ചെയ്യുന്നതു്. അതോടെ അരക്കെട്ടൊരു വായ്യ കിട്ടുകയും ചെയ്യുന്നു. അതിന്നുശേഷം ഉള്ളംകാൽകൊണ്ടു് ഉഴിച്ചിൽ ആരംഭിക്കുന്നു.

ഉഴിച്ചിൽക്രമം.

1. ആദ്യമായി വലം പൃഷ്ഠ (സന്ധി) പ്രദേശത്തിനെ ഒന്നു ചുഴററിയെടുത്തു് അതോടുകൂടി ഞെരിയാണിവരെ കൊണ്ടുചെന്ന ശേഷം ഞെരിയാണിയ്ക്കു് താഴെ ഉഴിഞ്ഞു് കണങ്കാലിൽത്തന്നെ മൂന്നാവൃത്തി ഉഴിഞ്ഞു് വീണ്ടും കാൽ പൃഷ്ഠഭാഗത്തേക്കുതന്നെ കൊണ്ടുപോന്നു് പിന്നെ തുടമേലും (മുട്ടുവരെ) മൂന്നുപ്രാവശ്യം നീട്ടി ഉഴിഞ്ഞു് ഊരുമൂലത്തിൽക്കൂടെ (തുടയുടെ കടക്കൽക്കൂടെ) മുന്നോട്ടിറക്കി കുതികാൽകൊണ്ടു് തുടയുടെ അരുകുഭാഗം (മുട്ടുവരെ) മൂന്നു പ്രാവശ്യം ഉഴിഞ്ഞു് കാൽ ആദ്യം കീഴ്പ്പോട്ടിറക്കിയ വഴിക്കുതന്നെ മേല്പോട്ടു് അമത്തിക്കൊണ്ടു് വലിച്ചെടുക്കുന്നതോടുകൂടി പൃഷ്ഠാദ്ധത്തെ ഒന്നു് ചുഴററിയുഴിഞ്ഞുകൊണ്ടു് കച്ചയിൽക്കൂടെ കീഴ്പ്പോട്ടു തന്നെ ഇറക്കുക. ഈ ക്രമത്തിൽ ഇടംകാൽകൊണ്ടു് മറുവശത്തും ചെയ്യുക.

അനന്തരം ഘടികയിൽ (അരക്കെട്ടിൽ) കയറിനിന്നു് ഓരോ കാലുകൊണ്ടും ഓരോ പൃഷ്ഠഭാഗത്തെ ചുരുങ്ങാതെ ആറാറുവീതം ഉഴിഞ്ഞു് (ചവിട്ടി) അവസാനം ഘടികയുടെ അരികിൽക്കൂടി ഇരുഭാഗത്തേയ്ക്കുമായി ഒപ്പം ചവിട്ടിയിറക്കുക.

2. അനന്തരം ഉഴിയപ്പെടുന്നവൻ വലംകൈ മുകളോട്ടും ഇടംകൈ താഴോട്ടും കോണാകൃതിയിൽ നിവത്തി കൈപ്പടങ്ങരം പായയിൽ കമഴ്ത്തിപ്പററിച്ചു് മുഖം ഇടത്തോട്ടു് ചെരിച്ചു് വലംചെവി പായയിൽ പററിച്ചു കിടക്കുന്നു. ഈ സമയത്തെ അയാളുടെ മടമ്പുകരം ആദ്യം വെച്ച സ്ഥാനത്തുനിന്നു് വികൃതമാകരുതു്. അര മുന്നോട്ടു്

നീളകയുമരുതു്. അങ്ങിനെ കിടന്നശേഷം ഉഴിയുന്നവൻ ആദ്യമായി വലങ്കാൽകൊണ്ടു് ഘടികയിൽനിന്നാരംഭിച്ചു് വരികാം, കൈപ്പലക അടക്കമുള്ള പുറഭാഗത്തെ മൂന്നു് പ്രാവശ്യം തുടച്ചയായി ചുഴററി നാലാമത്തെ ചുഴററലോട്ടുകൂടി നേരെ കൈപ്പടാഗ്രംവരെ നീട്ടിയുഴിയുക. വീണ്ടും ഒരു പ്രാവശ്യം അതാവത്തിയ്ക്കുക.

പിന്നെ ഘടികയിൽ കയറിനിന്നു് വിലങ്ങത്തിൽ അരക്കെട്ടിനെ (കച്ചയുടെ മുകളിൽക്കൂടി) കാൽവക്കുകൊണ്ടു് മുമ്മൂന്നു് (ആകെ ആറു് കോൽ) ആവത്തി ചവിട്ടിയശേഷം, അതിന്നു തൊട്ടടുത്തു് രണ്ടു് തിണ്ടുപോലെ കാണുന്നിടത്തു് നല്ലവണ്ണം ചവിട്ടി മട്ടിക്കണം. ശരീരത്തിനു് നിവച്ച് കിട്ടുന്നതു് അവിടംകൊണ്ടാകയാൽ ഇതു് വളരെ പ്രധാനമാണു്.

അങ്ങിനെ ക്രമേണ ഉള്ളംകാൽ പരത്തിപ്പററിച്ചുവെച്ചുകൊണ്ടു് മുതുകിൽക്കൂടെ കൈപ്പലകവരെ വിലങ്ങായി ഉഴിഞ്ഞുഴിഞ്ഞു് ചെന്നശേഷം വലങ്കാൽകൊണ്ടു് നേരെ വലങ്കയ്യിൻെറ അഗ്രംവരെ ഒരാവത്തി നീട്ടിയുഴിഞ്ഞുവെയ്ക്കുക. പിന്നെ വലത്തെ പൃഷ്ഠഭാഗം ഉഴിഞ്ഞിറക്കുക (6 കോൽ). അതിനെ തുടന്നു് നട്ടെല്ലിൽക്കൂടെ കാലടി നീളത്തിൽ വെച്ചുകൊണ്ടു് കൈപ്പലകവരെ നീട്ടി മൂന്നുനാലുകോൽ ഉഴിഞ്ഞു് കാൽ നിലത്തേയ്ക്കു് ഇറക്കി വലങ്കാൽകൊണ്ടു് ഭുജാഗ്രം വരെ നീട്ടിയുഴിയുക.

പിന്നെ മടമ്പിൽ പിടിപ്പിച്ചു് മണിക്കണ്ടം മുതൽ ചുമൽവരെ തിരിച്ചും മറിച്ചും ചവിട്ടിക്കൊണ്ടുചെന്നു് ചുമലിൽ ചുഴററി ചവിട്ടിയശേഷം മണിക്കണ്ടത്തിൽനിന്നു് കൈവഴിക്കു് മുതുകിൽക്കൂടെ ഘടികവരെ രണ്ടുപ്രാവശ്യം നീട്ടിയമത്തിയുഴിയുക. അവിടെ മടമ്പു് പിടിവിടരുതു്. അങ്ങിനെ ആ നാലാമത്തെ നീട്ടിയുഴിച്ചിലിനെത്തുടന്നു് കൈപ്പലകയിൽനിന്നു് ഘടികവരെ രണ്ടു് കാൽകൊണ്ടും കൂടി ഇടകലന്നു് ഒരാറുകോൽ ഉഴിഞ്ഞു് അവസാനം രണ്ടു് കാലും ഒപ്പം ഘടിയ്ക്കിരുവശത്തുകൂടി അമത്തി കീഴ്പ്പോട്ടിറക്കുക. അതുമാതിരിതന്നെ ഇതരഭാഗത്തും ചെയ്യുക.

3. അനന്തരം വിദ്യാത്ഥി ആദ്യത്തിൽ കിടന്നപോലെതന്നെ കൈമുട്ടുകാംകുത്തി കിടക്കുക. അതിന്നുശേഷം ചുമൽ, കൈ, കൈപ്പടം, വിരലുകാം, വിരലിടകാം എന്നിവ ഉഴിഞ്ഞശേഷം മാർ പിന്നോട്ടു് നിവത്തിപ്പിടിച്ചുകൊണ്ടു് ചുമൽവഴിയ്ക്കു് മുതുകിൽക്കൂടെ അമത്തിയുഴിഞ്ഞുകൊണ്ടു് ഘടിയിൽക്കൂടി കീഴ്പോട്ടിറക്കുക.

അങ്ങിനെ ഇതരഭാഗത്തും ചെയ്യുക.

അതിന്നുശേഷം പൃഷ്ഠപ്രദേശത്തിൽ ഇടകലൻ്റ് രണ്ടു് കാലു കരംകൊണ്ടുംകൂടി പൃഷ്ഠഭാഗത്തു് മുമ്മൂന്നു കോൽ ചുഴററി ഉഴിഞ്ഞ ശേഷം രണ്ടു് കാലും ഒപ്പം ഘടികസ്സിരുവശത്തുകൂടെ ഉഴിഞ്ഞിറക്കുക.

4. അനന്തരം കാലും കയ്യും ചതുരശ്രമാക്കി മലത്തിക്കിടത്തുക. (അപ്പോരം എഴുന്നേല്ക്കരുതു്. ചെരിഞ്ഞുകൊണ്ടു് മലൻ്റ കിടക്കു കയേ ചെയ്യാവൂ.) അതിന്നുശേഷം മാറു്, കയ്യ്, ചുമൽ, വയറു് (വയറു് കൈകൊണ്ടേ ഉഴിയാവൂ). മുഖം (നെററി. പുരികം, കൺതടം, കൺപോള, പുരികാഗ്രം ചുഴററുക, കവിരം, മൂക്കു്, മൂക്കിൻെറ താഴെ, താടി, കവിരം) എന്നിവകളും കൈകൊണ്ടുഴിയുക.

മുഖവും വയറും പ്രത്യേകിച്ചു് കൈകൊണ്ടുഴിയാഞ്ഞാൽ ശരിയാവുകയില്ല. പണ്ടു് മുഖത്തും വയററത്തും കാൽകൊണ്ടാണുഴിഞ്ഞിരുന്നതു്. എങ്കിലും അതിന്നു് ഫലം പോരാ.

മുഖവും വയറും ഉഴിഞ്ഞുകഴിഞ്ഞാൽ ആരംഭത്തിലെന്നപോലെ തുടയും കണങ്കാലും ഞെരിയാണിക്കുതാഴേയും മുമ്മൂന്നുഴിഞ്ഞു് വീണ്ടും തുടയിൽ മുട്ടുവരെ ഒരു ഉഴിച്ചിലോടെ നിൎത്തി, അങ്ങിനെ ഇതരഭാഗത്തും ചെയ്തശേഷം രണ്ടു് കാലുകൊണ്ടും ഒപ്പം തുടകരം മുമ്മൂന്നുഴിഞ്ഞു് തുടകരം നിലത്തു് പററിച്ചുനിൎത്തിക്കൊണ്ടു് എഴുന്നേല്പിച്ചു് തിരിച്ചുപൊട്ടിക്കുക.

5. അനന്തരം കാൽ നീട്ടി പിന്നോട്ടിരുന്നു്, കൈകരം പിന്നിൽ കുത്തിയിരുത്തി തുട, കണങ്കാൽ, ഞെരിയാണി, കാലടി മുതലായവ (വലവും ഇടവും) വേണ്ടപോലെ ഉഴിയുക. അതിൽ മുട്ടിനെ ചുഴററുന്ന അവസരത്തിൽ മുട്ടിൻെറ മുകളിൽക്കൂടി ഉഴിയുന്ന കാൽ ചെല്ലരുതു്. അതു് അസ്വാസ്ഥ്യത്തിന്നു് കാരണമാകം.

അതിന്നുശേഷം രണ്ടു് കാലും കൂട്ടിച്ചേൎത്തു് നീട്ടിവെച്ചു് വലംകാൽകൊണ്ടു് രണ്ടു് കാലിലുംകൂടി നീളത്തിൽ മൂന്നുഴിഞ്ഞു് മുട്ടുവിട്ടു് മേൽഭാഗത്തും കാലുകളുടെ (കാലടികളുടെ) അഗ്രത്തിലുമായി കയറി നില്ക്കുക. ഉഴിച്ചിൽക്കാരൻ അങ്ങിനെ കയറിനില്ക്കുന്ന നേരത്തു് വിദ്യാൎത്ഥി കൈകരം പിന്നിൽ (അരയിൽ) കെട്ടി മലൻ്റ നിവൻ്റ കിടന്നു് ഒന്നുരണ്ടു് ദീൎഘശ്വാസം ചെയ്തു് എഴുന്നേററു് ഇരുവശത്തേയ്ക്കും കൈകരംകുത്തി തിരിച്ചുപൊട്ടിയ്ക്കുക.

അനന്തരം കാൽമുട്ടുകളുടെ മേൽവശത്തുനിന്നു് രണ്ടു് കാൽ

കൊണ്ടും ഒപ്പം ഉഴിച്ചിൽ അവസാനിപ്പിക്കുക.

ഇത്രയും കഴിഞ്ഞാൽ വിദ്യാൎത്ഥി ഉഴിയുന്നവന്റെ കാൽ കൈ കൊണ്ടു് അങ്ങോട്ടുഴിയുന്നു. അതിന്റെ ഇരിപ്പിന്നും വ്യവസ്ഥയുണ്ടു്.

അങ്ങിനെ ഉഴിച്ചിൽ കഴിഞ്ഞെഴുന്നേററാൽ ആദ്യമായി അഞ്ചാറു് ചാടുകയും കൈകാലുകൾ വീശുകയും അവശ്യം ചെയ്യേണ്ടതാണെന്നു് പ്രത്യേകം പ്രസ്താവ്യമാണു്.

നല്ല പരിചയസമ്പന്നനേ ഉഴിച്ചിൽ നടത്താൻ സാദ്ധ്യമാകു. ഇക്കാൎയ്യം പ്രത്യേകം ശ്രദ്ധേയമാണു്.

## ഇളകിയാട്ടപാഠം

മുദ്രകൾ കുറെയെല്ലാം ഇരുന്നു കാണിക്കാൻ ശീലിച്ചുകഴിഞ്ഞ വിദ്യാൎത്ഥി പിന്നെ ആ മുദ്രകളെത്തന്നെ താഴെ പറയുംവിധം 8 വിധത്തിൽ ഉരുവിട്ടുറപ്പിക്കാൻ തുടങ്ങുന്നു.

(1) പിന്നോട്ടു് ചാടി (2) കെട്ടിച്ചാടി (കോണക്കു്) (3) ചെരിഞ്ഞു ചാടി (കോണക്കു്) (4) മുന്നോട്ടു് ചാടി (5) വെച്ചു ചവിട്ടി (കോണക്കു്) (6) ചവിട്ടി മാറി (7) താണുനിന്നു് (8) കാൽ കൂട്ടിനിന്നു്.

1. പിന്നോട്ടു് ചാടി. കാൽ കൂട്ടിയമൎന്നുനിന്നു് കൈകളിട്ടു് വലം ഇടം കാലുകൾ മുന്നോട്ടു് നീട്ടി തിരക്കിവെച്ചു് വലങ്കാൽ പരത്തിച്ചവിട്ടിതാണു് ഒരടി അകലേക്കു് വലിച്ചുകൂട്ടി കൈകൾ മടക്കി മാറിന്നടുത്തു് മലൎത്തിപ്പിടിച്ചമൎന്നു് വലം, ഇടം വരികൾക്കു് നല്ലവണ്ണം തട്ടിച്ചുഴിച്ചമൎന്നു് പിന്നോട്ടു് ചാടി ഇടംകാൽ വലംകാലിൽനിന്നു് ഒരടി അകന്നും അര അടി മുന്നോട്ടു് തള്ളിയുംകൊണ്ടു് അമൎന്നുനിന്നു് കൈകളിട്ടശേഷം ഉദ്ദിഷ്ട മുദ്ര അമൎന്നെടുത്തു് ഇടംകാൽ പൊക്കി കാണിക്കുക. ഈ വിഭാഗത്തിൽപ്പെട്ട മുദ്രകളെല്ലാം വീണ്ടും താണുനിന്നു് ഓരോ പ്രാവശ്യം ആവൎത്തിയ്ക്കണം.

2. കെട്ടിച്ചാട്ടം. വലംകാൽ പൊക്കി വട്ടത്തിൽ വീശിച്ചാടി ഇടംകാൽ മുന്നോട്ടു് നിരക്കി അതിൽനിന്നു് ഒരടി മുന്നോട്ടു് വലങ്കാൽ പൊക്കിച്ചവിട്ടി അമരുന്നതോടെ ഉദ്ദേശിച്ച മുദ്രയും കാണിക്കുക. അങ്ങിനെ കെട്ടിച്ചാടിച്ചവിട്ടുമ്പോൾ കാൽവക്കുകൊണ്ടു് ചവിട്ടണം. പിൻകാൽ തള്ളുകയോ മടമ്പു് ഉള്ളോട്ടു് കൂട്ടുകയോ അരുതു്. പടം ഒടിച്ചുകുത്തി മടമ്പകത്തി പിടിക്കണം.

അനന്തരം കാൽ തൂക്കിയോ കുത്തിയോ പിന്നോട്ടു് (രണ്ടു് കാലും) മാറിയശേഷം ഇതരഭാഗത്തേയ്ക്കും ആ മുദ്രതന്നെ കാണിയ്ക്കണം.

3. ചെരിഞ്ഞു ചാട്ടം. കൈകളിട്ടു് കോണിലേക്കു് തിരിഞ്ഞു് പരത്തിച്ചവിട്ടിയമന്നു് കാൽ വലിച്ചുകൂട്ടി ഒന്നാംനമ്പറിൽ പറഞ്ഞപോലെ ചുഴിച്ചുചവിട്ടിയ കോണിലേയ്ക്കു് (പ്രേക്ഷകരുടെ അടുത്തേയ്ക്കു് നീങ്ങി) ചാടി താണുനിന്നു് കൈകളിട്ടശേഷം മുദ്ര കാണിക്കുക.

അനന്തരം രംഗത്തിലേക്കു് നേരെ തിരിഞ്ഞു് കയ്യിട്ടു് മുൻപോലെ പിൻവാങ്ങിയശേഷം ഇതരഭാഗത്തേക്കും ആ മുദ്ര കാണിക്കുക.

4. മുന്നോട്ടു ചാട്ടം. ഇടംകൈ ചൂണ്ടി (മുന്നോട്ടു്) വലംകൈ പൊക്കി ഓങ്ങിപ്പിടിക്കുന്നതോടൊപ്പം വലംകാലിന്നു് ഒരടി മുന്നോട്ടായി ഇടങ്കാൽ പൊക്കിച്ചവിട്ടിയമന്നു് മുന്നോട്ടു് ചാടി അഥവാ കൈകളിട്ടു് പറഞ്ഞപോലെ ചവിട്ടിയമന്നു് ഒന്നാംനമ്പറിൽ പറഞ്ഞപോലെ ചുഴിച്ചു് മുന്നോട്ടു് ചാടി മുദ്ര കാണിക്കുക. ഇതിലുള്ള മുദ്രകൾ ആവർത്തിക്കേണ്ടതില്ല. മുന്നോട്ടുചാടി നില്ക്കുമ്പോൾ പിൻകാൽ ഒടിച്ചുകുത്തി മടമ്പു് നല്ലവണ്ണം തിക്കണം. അല്ലാത്ത പക്ഷം വലിയ കോട്ടം വരും.

അനന്തരം മുൻപോലെ പിൻമാറി വീണ്ടും ഇടംകാൽതന്നെചവിട്ടിച്ചാടുക. ഇതിൽ ഒരിക്കലും കാലിന്നു് മാററമില്ല.

5. വെച്ചു ചവിട്ടൽ. കാൽകൂട്ടിയമന്നുനിന്നു് വലത്തെ കോണിലേക്കാണെങ്കിൽ ആദ്യം ഇടങ്കാലും ഇടത്തോട്ടാണെങ്കിൽ വലംകാലും പൊക്കി മുന്നോട്ടു് നീട്ടി നിരക്കിവെച്ചു് അതിന്നു് ഒരടിമുന്നിലായി മറെറ കാൽ പൊങ്ങിച്ചാഞ്ഞു് ചവിട്ടിയമന്നു് മുദ്ര കാണിക്കണം. ഇവിടേയും പിൻകാലിൻെറ മടമ്പിൽ ശ്രദ്ധിക്കണം. ഒരു ഭാഗത്തു് കാണിച്ചുകഴിഞ്ഞാൽ മുൻപറഞ്ഞപോലെ പിൻമാറി ആ മുദ്രതന്നെ ഇതരഭാഗത്തും കാണിക്കണം.

6. ചവിട്ടിമാറൽ. കയ്യിട്ടു് വലം ഇടം കാലുകൾ തൂക്കി മുന്നോട്ടു് നീട്ടി നിരക്കിവെച്ചു് വലംകാൽ പരത്തിച്ചവിട്ടുന്നതോടെ മുദ്രപിടിച്ചു് ഇടം വലം കാലുകൾ പിന്നോട്ടു് തൂക്കി മാറിച്ചവിട്ടുകയോ, നാലുകാൽ (ഇടം മുതൽ) കുത്തി മാറി ഇടംകാൽ പരത്തിച്ചവിട്ടുകയോ ചെയ്തു് മുദ്ര പൂർത്തീകരിക്കുക. ഈ മുദ്രകളും താണുനിന്നു്

ഓരോ തവണ ആവൎത്തിക്കണം.

7. താണുനില്ക്കൽ. കൈകളിട്ടു് കാൽ പരത്തി മുട്ടിന്നൊപ്പം അരയിൽ അമൎന്നുനിന്നുകൊണ്ടു് യഥോചിതം മുദ്രകൾ കാണിക്കുക.

8. കാൽ കൂട്ടിനില്ക്കൽ. ഏഴാം നമ്പറിൽ പറഞ്ഞപ്രകാരം താണുനില്ക്കുന്നേടത്തുനിന്നു് ഉദ്ദിഷ്ടമുദ്രയോടുകൂടി ഇടംകാൽ വലം കാലിന്നരികിലേയ്ക്കോ അഥവാ വലംകാൽ ഇടംകാലിന്നരികിലേയ്ക്കോ നിരക്കിച്ചേൎത്തുനിന്നു് മുദ്ര പൂൎത്തീകരിക്കുക. ഈ മുദ്രകളും (ചിലതൊക്കെ) ഇരുഭാഗത്തേക്കും കാണിച്ചു് ശീലിക്കേണ്ടവയാണു്.

മേൽ വിവരിച്ച മുദ്രാപ്രകടന പരിശീലനത്തിന്നു് കഥകളി അഭ്യാസത്തിൽ ''ഇളകിയാട്ടം ഉരുവിടൽ'' എന്നു് പറഞ്ഞുവരുന്നു.

ഈ എട്ടു് വിഭാഗങ്ങളിൽപെട്ട നന്നാലു മുദ്രകൾ ഉദാഹരണത്തിന്നു് താഴെ കൊടുക്കുന്നു.

1. പിന്നോട്ടു് ചാടി—ബ്രഹ്മാവു്, വിഷ്ണു, ശിവൻ, ദേവേന്ദ്രൻ.
2. കെട്ടിച്ചാടി—രാക്ഷസൻ, ജയം, വധം, ബന്ധനം ഇത്യാദി.
3. ചെരിഞ്ഞുചാടി—അവൻ, കല്പന, മാളിക, തേരു് ഇത്യാദി.
4 മുന്നോട്ടുചാടി—ശത്രു, കഠിനം, നാശം, ശാപം ഇത്യാദി.
5. വെച്ചുചവിട്ടി—ആഗമനം, സഹോദരൻ, മത്സരം, അസ്ത്രമോചനം ഇത്യാദി.
6. ചവിട്ടിമാറി—ലോകം, സകലം, സമൂഹം, സഞ്ചാരം ഇത്യാദി.
7. താണുനിന്നു്—താമര, സൂൎയ്യൻ, ചന്ദ്രൻ, ഭംഗി ഇത്യാദി.
8 കാൽ കൂട്ടിനിന്നു്—വിചാരം, ദുഃഖം, തപസ്സു്, ഭക്തി ഇത്യാദി.

ഇങ്ങിനെ മിക്ക മുദ്രകളും മേൽപ്പറഞ്ഞ 8 വിധത്തിലൊന്നിൽ ആദ്യമായിത്തന്നെ വിദ്യാൎത്ഥികളെക്കൊണ്ടു് കാണിപ്പിച്ചുറപ്പിക്കേണ്ടതാണു്. അതിനുശേഷം പദാഭിനയം (ചൊല്ലിയാട്ടം) തുടങ്ങുന്നു.

## കണ്ണു സാധകം.

തുടകളും കണങ്കാലുകളും നല്ലവണ്ണം നിലംപതിച്ചു് ചമ്മണപ്പടിയിട്ടിരുന്നു് അരയ്ക്കു് നല്ലവണ്ണം വായു കൊടുത്തു് തള്ളി തൎജ്ജന്യാംഗുഷ്ഠാഗ്രങ്ങളെക്കൊണ്ടു് കണ്ണുകളുടെ മേൽപ്പോളയുടെ വക്കും (പോള മേൽപ്പോട്ടു് മറിയാതെ) ചുവടും നേരെ നടുക്കായി നല്ലപോലെ നിവൎത്തിപ്പിടിക്കുക. മുദ്രാഖ്യമുദ്ര പിടിയ്ക്കുംപോലെ മററു

മൂന്നു വിരലുകളും ശിരസ്സിൽ സ്പർശിക്കാതെ നിവർത്തിപ്പിടിക്കയും വേണം.

അതിന്നുശേഷം ഓരോരോ ഭാഗവും പതിപ്പത്തു പരിവൃത്തി വരെ വളരെ സാവധാനത്തിലും തുടന്നു് നാല്പതീത പരിവൃത്തി ആദ്യത്തേതിൻെറ ഇരട്ടി വേഗത്തിലും ദൃഷ്ടി നടത്തുക.

അതായതു്, വട്ടത്തിൽ (ഇരുഭാഗവും) നീളത്തിൽ (ഇടം വലം), ഊൎദ്ധ്വാധോഗതം (മേല്പോട്ടും കീഴ്പ്പോട്ടും). കോണോടുകോൺ ഇരുവശവും, പിന്നീടു് അവ (കോൺ) ഇരുഭാഗവും സംയോജിപ്പിച്ചുകൊണ്ടും പിന്നീടു് പൂർവ്വാപരമായും — ഇങ്ങനെ അഞ്ചു് വിധത്തിൽ സാധകം ചെയ്യുക. പരിശീലനത്തെ അനുസരിച്ചു് രണ്ടോ മൂന്നോ കൊല്ലത്തിനുശേഷം കണ്ണു പിടിയ്ക്കാതെതന്നെ സാധകം ചെയ്തു തുടങ്ങണം. ആ അവസരത്തിൽ സാധകത്തിൻെറ എണ്ണവും കാലവും ഇരട്ടിയ്ക്കുകയും ചെയ്യാം. എല്ലാം ഒരേ കാലത്തിൽ മതിതാനും. അങ്ങിനെ സാധകാവസരത്തിൽ നിഷ്ക്രാന്തോദ്വൃത്തദൃഷ്ടിയാക്കി (മുമ്പാക്കം തള്ളിയും നല്ലവണ്ണം വിടൎത്തിയും) നേരെ നടക്കായി സ്വല്പസമയം അനക്കാതെ നിൎത്തിയശേഷം സാധകം അവസാനിപ്പിക്കുക.

പ്രസ്തുത കമ്മങ്ങളിലെല്ലാം കണ്ണിൻെറ ഉള്ളിൽനിന്നു് വായു തള്ളിപ്പിടിക്കുകയും അതാതു് കമ്മത്തിന്നൊപ്പം മനസ്സു് ദൂരത്തിൽ കല്പിയ്ക്കപ്പെട്ട സങ്കല്പമാർഗ്ഗത്തിലൂടെ ദൃഷ്ടിയെ അനുഗമിയ്ക്കുകയും വേണം.

കൺ പുളിച്ചു് വെള്ളം നിറയുമ്പോഴം വായു അയയ്ക്കുകയോ കൈവിട്ടു പിടിക്കുകയോ ചെയ്തുകൂടാ. വെള്ളം താനെ വാൎന്നുപോകണം.

ഓരോ ഭാഗവും നിശ്ചിതസംഖ്യ സാധകം കഴിയുന്നതുവരെ കൺ വിടുകയോ വായു അയക്കുകയോ അരുതു്.

സാധകത്തിൻെറ ആവൎത്തനക്കണക്കു് അവരവരുടെ മനസ്സിൽ ഉണ്ടായിരിക്കണം.

എല്ലാ ഭാഗവും എണ്ണം സമമായിരിയ്ക്കണം. വട്ടത്തിലുള്ളതു് (കമ്മം) ഒരു ചുററെത്തുമ്പോഴും മററുള്ളവ ആരംഭസ്ഥാനത്തുനിന്നു് എതിർഭാഗത്തെത്തി വീണ്ടും ആരംഭസ്ഥാനത്തു് മടങ്ങിയെത്തുമ്പോഴുമാണു് ഒന്നു് എന്നു് കണക്കാക്കേണ്ടതു്.

ദൃഷ്ടിമുഖത്തിന്നടുത്തുകൂടെ നടന്നാൽ അതു് സപ്പ്ദൃഷ്ടിക്കു് കാരണമായേക്കും. സാധക സമയത്തു് അതു് വരാതിരിപ്പാൻ പ്രത്യേകം മനസ്സിരുത്തേണ്ടതാണു്.

## തോടയം.

കഥകളി സംഗീത വിദ്യാൎത്ഥി തോടയം തുടങ്ങുന്നതിന്നുമുമ്പു് ചെമ്പട, ചെമ്പ, അടന്ത, പഞ്ചാരി (രൂപകം), ത്രിപുട എന്നീ താളങ്ങൾ 4 കാലങ്ങളിലും പിടിച്ചു് പഠിക്കുകയും ഈ താളങ്ങളിൽ സാമാന്യമായിവരുന്ന കലാശങ്ങളും മുറിക്കലാശങ്ങളും മററും താളം പിടിച്ചു് ചൊല്ലാറാക്കുകയും ചെയ്തിരിക്കേണ്ടതാകുന്നു.

തോടയക്രമം. ആദ്യമായി മദ്ദളക്കാരൻ കൊട്ടുകയും വേഷക്കാരൻ ചവിട്ടുകയും ചെയ്തുകഴിഞ്ഞാൽ പിന്നീടു് ചെയ്യേണ്ടുന്നവ താഴെ വിവരിക്കുന്നു.

1. മുറിയടന്ത (ത്രിപുട) താളം. ധിം തകിട ധിം തത്തൈ ധിമിതകിട തെയ്യത്തൈ എന്നു കാലമിട്ട ആരോഹണാവരോഹണ ക്രമത്തിൽ ത്രിസ്ഥാനം — സപസ — കലാശത്തിന്നു വട്ടം തട്ടുക. വട്ടം തട്ടുമ്പോൾ ആനന്ദ എന്നു് പാടണം. ആയതു് വലത്തുകാലിൽ ത്തന്നെ നോക്കി വേണംതാനും. ഇടംകാലിൽ ആനന്ദ പാടിക്കലാശിച്ചാൽ കലാശമെടുക്കാൻ വിഷമമാണു്. കലാശമെടുക്കുമ്പോൾ അടന്ത രണ്ടാം കാലം പിടിയ്ക്കണം. കലാശാനന്തരം താളം പഴയ മുറിയടന്ത രാഗം മുഖജാളം—മുറിയടന്ത എട്ടൊട്ട താളവട്ടംവരും ഓരോ ആവൎത്തനം പാടലിൽ. അതു് മുറയ്ക്കു് ത്രിസ്ഥാനക്രമത്തിൽ പാടി അവസാനിപ്പിച്ചു് കലാശത്തിന്നു് വട്ടംതട്ടി അതിൻെറ അവസാനത്തിൽ രണ്ടാംകാലത്തിലേക്കു് കടക്കുക.

തൈധിന്തക.........ന്തത്തൈ ധിമിതാതെയ്യത്തൈ എന്നു് രണ്ടാംകാലം പിടിച്ചു ഒന്നാംകാലത്തിൽ പാടിയ ക്രമത്തിൽ കാലം തള്ളിക്കൊണ്ടു് പാടുക. അവസാനം ത്രിസ്ഥാനം പാടി കലാശത്തിന്നു് വട്ടം തട്ടുക. കലാശമെടുക്കുമ്പോൾ അടന്ത മുറുകിയ കാലം തന്നെ പിടിക്കുക.

2. കലാശാനന്തരം ചെമ്പട താളം—തിത്തിത്തൈ പിടിച്ചു് നാട്ടരാഗം പൊന്നാനി ശങ്കിടികൾ പാടി ചെമ്പടയിൽതന്നെ കലാശിക്കുക. ചെമ്പടയുടെ കാലം 2 കള ചൌക്കമായിരിക്കണം.

കലാശിക്കുമ്പോഠം അവസാനത്തെ അടിയിൽനിന്നു് ''ഹരി ഹരവിധുനുത'' എന്നെടുത്തു് ''അമരപൂജിത'' എന്നുവരെയുള്ള പല്ലവി കൂടി പാടി കലാശിക്കുക.

''പിന്നീടു് വാരണാനന.............കാമിതഫലദായകരെ'' എന്നു് പാടി ഇടയിൽ കലാശം കഴിഞ്ഞു് വീണ്ടും കാമിതദായകരെ പാടി കലാശിച്ചു് 'തിത്തിത്തൈ' പിടിച്ചുകൊണ്ടു് 'ഹരിഹര' പാടി 'തധിം തനതധിത്താധികിതതൈത്തെ' എന്നു് കലാശിച്ചു്, താം, താം എന്നു കിടധികിധീംതാം എടുപ്പിച്ചു് പതിഞ്ഞ ചമ്പ പിടിച്ചു് തുടങ്ങുക.

3. ചമ്പ ഒന്നാം കാലത്തിൽ 'ജയബാലഗോപാല' പാടി കലാശിക്കുക. കലാശം രണ്ടു് താളവട്ടം കലാശാനന്തരം ആറാമത്തെ താളവട്ടത്തിന്റെ പകുതി മുതൽ ഇരട്ടി എടുപ്പിക്കുക. 'ജയ ജയ' എന്നു് പാടി കലാശം വലിയതു് ഒരു താളവട്ടം.

അനന്തരം ചമ്പ തള്ളിയ കാലത്തിൽ (പതിഞ്ഞ കാലംതന്നെ കുറഞ്ഞൊന്നു തള്ളിപ്പിടിക്കുക) 'ജയവിധൃത വനമാല' എന്നു് പാടി തത്തകിടധികത എന്നു് കലാശിച്ചു് കലാശാനന്തരം 6-ാം താളവട്ടത്തിൽ 'ജയ ജയ സുശീല' എന്നു് പാടി ആ താളവട്ടത്തിന്റെ പകുതി മുതൽ താളവട്ടാവസാനംവരെ താളം ഇരട്ടികാലത്തിൽ പിടിക്കുക. തുടന്നു് ജയ ജയ പാടി തൈധിതൈത്തെ എന്നു് കലാശിക്കുക.

പിന്നീടു് 'സകലജഗദാധാര' എന്നു് ചമ്പ രണ്ടാംകാലത്തിൽ പാടി തൈധിതൈത്തെ എന്നു് മുഴവനം എടുത്തു കലാശിക്കുക. വീണ്ടും പഴയപോലെ 6-ാം താളവട്ടത്തിൽ 'വല്ലവീജാര' എന്നു് പാടി അതിന്റെ മുഴവൻ താളവട്ടവും ഇരട്ടിതന്നെ പിടിച്ചു് ജയ ജയ പാടി തിത്തത്തത്താധിന്തത്താ എന്നു് കലാശിക്കുക.

അടുത്തതായി ചമ്പ മൂന്നാം കാലത്തിൽ 'പരിണതപയോധരണ' എന്നു് പാടി കലാശിക്കുക കലാശം രണ്ടു് താളവട്ടം നില്ക്കും. പഴയപടി 'പുരളീന്ദ്രശരണം' എന്നു് പാടി ഇരട്ടി പിടിക്കുകയും 'ജയ ജയ' പാടി കലാശിക്കുകയും ചെയ്യുക. കലാശം രണ്ടു് താളവട്ടം.

4. പിന്നീടു് പഞ്ചാരിയിൽ 'ജഹ്നുസുതാശ്രിതമൌലേ' എന്നു് പാടി കലാശിക്കുക. കലാശം കഴിഞ്ഞു് വീണ്ടും ജഹ്നുസുത...

കിന്നരസന്നുനതേ എന്നു് പാടി കലാശിക്കുക. കലാശം — തോം തത്തിന്തകത്തോം.

5. വീണ്ടും അടതാളത്തിൽ. 'സിന്ധുരവരചമ്മാംബരധര' എന്നു് പാടി കലാശം. കലാശം കഴിഞ്ഞു് 'സിന്ധുരവര' എന്നു് വീണ്ടും. 'ചിന്താമണേ ശംഭോ' എന്നു് രണ്ടുപ്രാവശ്യം പാടി തോം തത്തിന്തക്കത്തോം ധിത്താധികതത്തൈ എന്നു് കലാശം.

'പാലയ പാലയ ദേവി' എന്നു് പാടി 'തൈധിന്തക ധിത്തിതൈത്തെ' എന്നു് കലാശിച്ചു് 'പാലയ പാലയ........ജഗന്നായികേ മൂകാംബികേ' എന്നു് പാടി 'തൈധിന്തക ധിത്തിതൈത്തെ' എന്നു് കലാശിക്കുക

'സന്തതംനിൻ പാദാംബുജം' എന്നു് പാടി തൈധിന്തകധിത്തിതൈത്തെ' എന്നു് കലാശിച്ചു് വീണ്ടും 'സന്തതം നിൻ പാദാംബുജം..... സന്തതം മൂകാംബികേ ദേവി' എന്നു് പാടി കുലാശിക്കുക.

6. അനന്തരം മധ്യമാവതിരാഗത്തിലും ചെമ്പട താളത്തിലും 'പത്മാവല്ലഭ......മുരമഥന കൃഷ്ണ' എന്നു് പാടി കലാശം.

മൽക്കലിമോചന......ശുഭചരിതദേവ എന്നു് പാടി കലാശം. 'ജയ ജയ പങ്കജനാഭ ഹരെ കൃഷ്ണ' എന്നു് പാടി കലാശം.

നോട്ടു്:—പ്രയോഗശൈലിയും മററും ഗുരുമുഖത്തിൽനിന്നു് നേടേണ്ടതാണു്.

## പുറപ്പാടു്.

തോടയം കഴിഞ്ഞു് വന്ദനശ്ലോകങ്ങരം പാടാൻ ശീലിക്കുക. താളം പിടിച്ചുകൊണ്ടു് രാഗമാലപിക്കൽ കഥകളിയിലെ ഒരു പ്രത്യേകതയാണു്. കണ്ണ്ാടകസംഗീത സമ്പ്രദായത്തിൽ സാധാരണയായി ഇതു് കാണാറില്ല.

കേദാരഗൌള ശ്ലോകങ്ങളും 'ആനന്ദാസ്പദ'മെന്ന കാംബോജി ശ്ലോകവും നാലുപദങ്ങരംക്കും വ്യത്യസ്ത രാഗങ്ങളുള്ള 'കല്യാണീഖലുയൽ' എന്ന രാഗമാലിക ശ്ലോകവും പാടി 'കിടധികതധിം, തധിതാം—തധിതാം തധിതാം, താംകിടതകതകതധീം, തധിംധി, ധിതാംന്താം എന്നു് കലാശിച്ചു് ചെമ്പട താണകാലത്തിൽ 'തിതിതെയ്യംതത്ത' എന്നു് പിടിച്ചു് പുറപ്പാടിനു് രാഗം പാടുക. പുറപ്പാടിനു് ആദ്യമായി പഠിക്കേണ്ട രാഗം ശങ്കരാഭരണം. രാഗം പാടി

കലാശിച്ചതിനുശേഷം 'സാന്ദ്രാനന്ദാകുലാത്മാ' എന്നു് കൃഷ്ണന്റെ പുറപ്പാടിനുള്ള ശ്ലോകം ചൊല്ലുക. പഴയ സമ്പ്രദായപ്രകാരം ആദ്യം പഠിക്കുന്നതു് ഇതല്ല. ശ്ലോകത്തിന്നുശേഷം പതിഞ്ഞ കിടധികിതാം എന്നു് കൊട്ടുന്നു. ഈ സമയത്തു് തിതിതെയ്യംതത്ത എന്നു് ചമ്പട പിടിച്ചാൽ മതി. കലാശിപ്പിന്നു് നാലു കളചൗക്കത്തിൽ കാലമിട്ടു് പദം തുടങ്ങുക. നാലു് കളയിൽ പുറപ്പാടു് പാടുമ്പോഠം ഓരോ താളവട്ടത്തിലും നാലക്ഷരം വീതം (സാഹിത്യത്തിലെ) നില്ക്കും. എന്നാൽ നാലാമത്തെ താളവട്ടത്തിൽ മിക്കവാറും രണ്ടക്ഷരവും ചിലപ്പോഠം മൂന്നക്ഷരവുമേ ഉണ്ടാകു. അതിന്നു് നിയമമില്ല. സാഹിത്യാനുസൃതമേ വരു എന്നു് വ്യക്തം.

ചരണം 1, നോക്കു് 1. 'ദേവദേവൻ വാസുദേവൻ' എന്നതു മുതൽ 'കേവലം പാലിപ്പാൻ' എന്നതുവരെ 6 താളവട്ടം പാടി, 7-ാം താളവട്ടത്തിന്റെ ആദ്യം 'കേവലം പാലിപ്പാൻ' എന്നു് പാടി കലാശിക്കുക. കലാശത്തിന്നുശേഷം 'സേവചെയ്യും ജനങ്ങളെ' എന്നു മുതൽ 2 താളവട്ടം പാടി 3-ാം താളവട്ടത്തിന്റെ ആദിയിൽ പഴയപോലെ കലാശത്തിന്നു വട്ടംതട്ടുക. ഇതോടൊപ്പം ഒന്നാം നോക്കു കഴിഞ്ഞു.

ചരണം 2, നോക്കു് 2. 'രേവതീരമണനാകും' എന്നതു് രണ്ടു് താളവട്ടത്തിൽ പാടി രണ്ടാം താളവട്ടത്തിന്റെ ആദിയിൽ 'രമണനാകും' എന്നു് പാടുന്നതോടെ കലാശത്തിന്നു വട്ടംതട്ടുക. കലാശത്തിന്നുശേഷം വീണ്ടും രേവതീരമണ എന്നു് തുടങ്ങി 'ദേവകീദേവിയും വസുദേവരോടും' എന്നു് പാടുന്നതോടെ കലാശത്തിന്നു വട്ടം തട്ടുക. കലാശത്തിന്നുശേഷം കാലം കുറഞ്ഞൊന്നു് തള്ളിയും താളം കൂട്ടിപ്പിടിച്ചും ദേവകീദേവിയോടും എന്നു് രണ്ടു് താളവട്ടം പാടി വസുദേവരോടും എന്നും പാടി കലാശിക്കുക. കലാശാവസാനത്തോടെ കാലം തള്ളിയതു് പഴയ നിലയിലേക്കുതന്നെ വലിക്കണം. ഇതോടെ രണ്ടാംനോക്കു് കഴിഞ്ഞു.

ചരണം 3, നോക്കു് 3. ഉത്തമബുദ്ധിമാൻ എന്നു് പാടുക. ബുദ്ധിമാൻ എന്നിടത്തു് കലാശത്തിന്നു വട്ടംതട്ടുക. വീണ്ടും ഉത്തമബുദ്ധിമാൻ എന്നു് തുടങ്ങി 'പുരുഷോത്തമഭക്തരിൽ' എന്നതുവരെ 4 താളവട്ടം പാടി കാലം കുറഞ്ഞൊന്നു തള്ളുന്നപോലെ കൂട്ടിപ്പിടിച്ചു് 'ഉത്തമോത്തമനായിടും ഉദ്ധവരോടും' എന്നു് പാടി കലാശത്തിന്നു വട്ടംതട്ടുക. കലാശം കഴിഞ്ഞു് കൂട്ടിപ്പിടിച്ചു് കാലം ചെറു

തായൊന്നു കയററി 'ഉത്തമോത്തമൻ' എന്നു് തുടങ്ങി 'ഉദ്ധവരോടും' കൂടി എന്നുംകൂടി പാടി 'തത്തത്തധീം' എന്നു് വട്ടംതട്ടി ഇരട്ടിവട്ടവും കഴിഞ്ഞു് കലാശിക്കുക. കലാശത്തിന്നുശേഷം കാലം 4 കളയിൽ നിന്നു് 2 കളയാക്കി ചുരുക്കി (മധ്യമകാലം).

ചരണം 4, നോക്കു് 4. തോടിയിൽ 'വാരിജലോചനമാരേ' എന്നു് പാടിത്തുടങ്ങി നാലാമത്തെ താളവട്ടം ഒരു പ്രാവശ്യം പാടുക. വാരിധിയിൽ വിലസിടും എന്നു് മുഴവൻ പാടി കലാശിച്ചു് വാരിധിയിൽ വിലസിടും എന്നു് വീണ്ടും പാടി കലാശിക്കുക. അതിനുശേഷം തകതതികത-തുടന്നു് ത്രിപുടയിൽ നിലപ്പദം തുടങ്ങുക.

പിന്നീട്ടു് പാടുന്നതു് രാമപാലയ എന്നതു് 4 ത്രിപുടവട്ടം ഒരു താളവട്ടമായിവരും. 'രാമപാലയ' എന്നു് തുടങ്ങി 'സാധുജനാവന' എന്നുകൂടി പാടി മേളക്കാക്കു് വിട്ടുകൊടുക്കുക. ധിത്തത്തത്ത എന്നു് കലാശം കഴിഞ്ഞാൽ മോഹനത്തിൽ ചെമ്പ താളത്തിൽ ഗീതഗോവിന്ദത്തിലെ 'മഞ്ജുതര കുഞ്ജതല' എന്ന രണ്ടാംപദം പാടി 'കേളിസദനേ' എന്നു് കഴിഞ്ഞു് കലാശിക്കുക. വീണ്ടും കേളിസദനേ എന്നു് പാടി കലാശിക്കുക. ഇത്രയുമായാൽ പുറപ്പാട്ടു് കഴിഞ്ഞു.

## മേളപ്പദം.

മേളപ്പദത്തിനു പാടിവരുന്നതു് ഗീതഗോവിന്ദത്തിലെ ഒരു പദമാണു്. അതിലെ ആദ്യചരണമായ 'മഞ്ജുതര' എന്നതു് പുറപ്പാടിൻെറ അവസാനത്തിൽ പാടിക്കഴിയും. 'ഇഹവിലസരതിരഭസ' എന്ന ഭാഗം മുതല്ക്കാണു് ശരിക്കു് മേളപ്പദം തുടങ്ങുക. പണ്ടിനാലേ ഈ ചരണം മോഹനത്തിലാണു് പാടിവരുന്നതു്. ആദ്യ ചരണം മോഹനത്തിൽത്തന്നെ വേണമെന്നുണ്ടായിരിക്കാമെന്നു് ഇതിൽനിന്നു് അനുമാനിക്കാം.

ചെമ്പയിൽ 'ഇഹവിലസരതിരഭസ' എന്നു് തുടങ്ങി 'ഹസിതവദനേ' എന്നു് പാടി കലാശം കൊട്ടിക്കഴിഞ്ഞാൽ വീണ്ടും അതേ കാലത്തിൽ 'പ്രവിശരാധേ മാധവസമീപം' എന്നുകൂടി പാടി കലാശിക്കുക. അതിന്നുശേഷം മദ്ദളക്കാരൻ എണ്ണും കൊട്ടുന്നു. തുടന്നു് കാലം പതിച്ചിട്ട 'നവഭവദശോകദള' എന്നു് പാടി ചെണ്ടക്കാരനു് കൊട്ടാൻ കൊടുക്കുക. ഈ ചരണം കല്യാണി, തോടി, ഷണ്മുഖപ്രിയ, ശ്രീരഞ്ജിനി എന്നീ രാഗങ്ങളിലേതിലെങ്കിലുമാകാം. എന്നാൽ കല്യാണിയിലാണു് കുട്ടികളെ ആദ്യം പഠിപ്പിക്കേണ്ടതു്. ചെണ്ടക്കാരൻെറ കൊട്ടു് കഴിഞ്ഞു് ആദ്യം പാടാൻ തുടങ്ങുന്നതു്

ശങ്കിടിക്കാരനാണ്. 6–ാം താളവട്ടത്തിൽഇടക്കലാശമെടുത്തു് പ്രവിശരാധേമാധവസമീപം എന്നുകൂടി പാടി വീണ്ടും ഇടക്കലാശിച്ചു് മദ്ദളക്കാരൻ എണ്ണം കൊട്ടി കലാശിക്കുന്നു. പിന്നീട്ട് താളം ഒന്നു തള്ളിപ്പിടിച്ചു് 'കുസുമചയ' എന്ന ചരണം നാട്ടക്കുറിഞ്ഞി, വസന്ത, ചാരുകേശി എന്നിവയിലൊന്നിൽ പാടിത്തുടങ്ങുന്നു. പഠിപ്പിക്കുന്നതു് നാട്ടക്കുറിഞ്ഞിയിൽ മതി. കുസുമചയ എന്നു് പാടി ചെണ്ടക്കാരന്നു വിട്ടുകൊടുക്കുന്നു. അയാൾ എണ്ണം കൊട്ടിക്കലാശിച്ചതിനു ശേഷം ശങ്കിടിക്കാരൻ പദം തുടങ്ങുന്നു. 6–ാം താളവട്ടത്തിൽ ഇടക്കലാശിച്ചു് 'പ്രവിശരാധേ മാധവസമീപം' എന്നു് പാടിക്കലാശിച്ചാൽ മദ്ദളക്കാരൻെറ ഊഴമായി. ഇങ്ങിനെതന്നെ എല്ലാ ചരണങ്ങളും.

'വിതതബഹു' അഠാണ, ആരഭി എന്നിവയിലും ചലമലയ സാവേരിയിലുമാണ്. ഓരോ ചരണം കഴിയുമ്പോഴും കാലം തള്ളണം. ചലമലയ കഴിഞ്ഞാൽ 'തത്തിന്തത്താകിടധിധി ധിത്തിതൈത്തെ' എന്നു് പിടിച്ചു് 'വിഹിതപത്മാവതി' എന്നു് പാടുക. ശേഷം പഴയപോലെ ചെണ്ടക്കാരൻ കൊട്ടിക്കലാശിക്കുകയും ശങ്കിടി ചരണം മുഴവൻ പാടി 'മംഗളശതാനി' എന്നു് പാടുകയും ചെയ്യുന്നു. പിന്നീട്ട് പൊന്നാനിക്കാരൻ കാലം കുറഞ്ഞൊന്നു തള്ളി മദ്ധ്യമാവതിരാഗം കുറഞ്ഞൊന്നു ആലപിച്ചു് 'മംഗളശതാനി' എന്നു പാടി കലാശിക്കുന്നു.

പിന്നീട്ട് ചെണ്ടയും മദ്ദളവും മാത്രമുള്ള മേളമാണ്. അതിൻെറ അവസാനത്തിൽ നാലാമിരട്ടി കൊട്ടിക്കലാശിച്ചു് കിടതികിധിംതാം കൊട്ടിയാൽ പാട്ടുകാരൻ അടുത്തുവരുന്ന കഥയിലെ പദത്തിൻെറ കാലത്തിൽ ചെമ്പടയിൽ തിതിതെയ്യംതത്ത എന്നു് പിടിച്ചുതുടങ്ങുന്നു.

'വിതതബഹു', 'ചലമലയ' എന്നീ ചരണങ്ങൾ ആദ്യതാളവട്ടം ഗായകൻെറ കഴിവിനൊത്തു് പാടി നിരവൽ ചെയ്യാവുന്നതാണ്; വൈവിധ്യം വേണമെന്നുമാത്രം.

## ചെണ്ട.

### ഗണപതി കൈ.

ചെണ്ട അഭ്യസിക്കാൻ തുടങ്ങുന്ന വിദ്യാൎത്ഥിക്കു് ആദ്യമായി പറഞ്ഞുകൊടുക്കുന്നതു് കൈസാധകമുണ്ടാകാനുള്ള പാഠക്കയ്യുകളാണ്. ആദ്യം കൊട്ടുന്ന ഗണപതിക്കയ്യിനുതന്നെ അല്പമെങ്കിലും കൈ

സാധകം വേണം. ത; ത; കിടതകിത; തക്കിടകിടതികിത; കിട തികിത; ക്ക്രതി; ക്ക്രത; ക്ക; ട്ടെ; തകിതകിടതികിത എന്ന വായ്ത്താരിയോടുകൂടിയ എണ്ണമാണ് ഗണപതിക്കയ്യ്. വിദ്യാർത്ഥിക്ക് കൈ സാധകം വരുന്നതുവരെ അദ്ധ്യാപകൻ ഈ എണ്ണം അയാളുടെ കൈ പിടിച്ച് കൊട്ടിക്കണം.

പാഠക്കൈകൾ.

1. തക്കിട. പ്രയാസം കുറഞ്ഞതും കൈസാധകമുണ്ടാവാൻ ഏററവും എളുപ്പമുള്ളതുമായ 'തക്കിട' എന്ന പാഠക്കയ്യാണ് ആദ്യം പറഞ്ഞുകൊടുക്കേണ്ടതു്. 'ത' എന്നു് ഇടത്തെ കൈകൊണ്ടും 'കിട' എന്നതു് 'കി' അകത്തേക്കും 'ട' പുറത്തേക്കും മറിച്ച് വലത്തെ കയ്യിലെ കോലുകൊണ്ടും കൊട്ടിക്കുക. 'തക്കിട' നാലു കാലം ഇരട്ടികൊട്ടാറായാൽ വിദ്യാർത്ഥിക്ക് തനിയെ ഗണപതിക്കൈ കൊട്ടാറാവും. കൈ ഉരുട്ടാനുള്ള ജാഗ്രതയും ഉണ്ടാകും. 'ത' എന്ന കയ്യും 'കിട' എന്ന കോലും ഒരേ കനത്തിൽ പ്രയോഗിപ്പിക്കണം. ഈ പാഠക്കൈ പഞ്ചാരി (രൂപകം) താളത്തിലാണ്.

2. തരികിട. രണ്ടാമതു് പഠിപ്പിക്കുന്ന പാഠക്കൈയ്യാണ് 'തരികിട'. 'ത' ഇടത്തെ കയ്യും 'രികിട' മൂന്നു കോലുമാണ്. 'രി' നേർകോലും 'കിട' അകത്തേക്കും പുറത്തേക്കും മറിച്ചുകൊട്ടുന്ന കോലുകളുമാണ്. 'തക്കിട'യേക്കാൾ അല്പം പ്രയാസമുണ്ട് തരികിടക്ക്. തായമ്പക പഠിപ്പിക്കാൻ തുടങ്ങണമെങ്കിൽ 'തരികിട' മറിഞ്ഞു കിട്ടണം.

തക്കിടയെപ്പോലെ കയ്യും കോലും ഒരേ കനത്തിൽതന്നെയാണ് തരികിടയും ആദ്യം ശീലിപ്പിക്കേണ്ടതെങ്കിലും കൈ മറിഞ്ഞുകിട്ടിയശേഷം 'ത' എന്ന ഇടക്കൈ 'ണ'കാരമായി ഊന്നിയും 'രികിട' യെന്ന കോൽ ചെണ്ടയുടെ വക്കത്തു് കോലിൻെറ അററംകൊണ്ടു് കനം കുറച്ചും കൊട്ടണം. കയ്യിന്നു് 'ണ'കാരം പുറപ്പെടാനും വായു ഇറങ്ങാനുമാണ് ഇങ്ങിനെ ചെയ്യിക്കുന്നതു്.

3. വലത്തേതിൽ 'തക്കിട'. മൂന്നാമത്തെ പാഠക്കയ്യിന്നു് 'വലത്തേതിൽ തക്കിട' എന്നാണ് പേർ. ഇതിൻെറ വായ്ത്താരി കിട കിടതകിതരികിടകിടതികിത എന്നാണ്. കിട—അകത്തേക്കും പുറത്തേക്കും മറിച്ച് രണ്ടുകോൽ, കിടത=1 തക്കിട, കിത=ഒരു കയ്യും ഒരു കോലും. രികിട കിടതി=2 തക്കിട, കിത=ഒരു കയ്യും ഒരു കോലും എന്നിപ്രകാരമാണ് ഇതു് സാധകം ചെയ്യേണ്ടതു്.

(ഒററക്കോലുകളെല്ലാം നേരുകോലുകളാണ്. ചെണ്ടയുടെ നടക്ക് കോലിൻെറ നടുകൊണ്ടു് മറിക്കാതെ ഊന്നി അടിക്കുന്നതിന്ന് നേരുകോൽ എന്നു് പറയുന്നു.)

കൊട്ടിന്ന് കനം വീഴാനും നേർകോലിന്ന് ശുദ്ധിവരാനും പാഠക്കൈ ഉപകരിക്കുന്നു.

4. ഇടത്തേതിൽ തക്കിട. 'ത' ഇടക്കൈ, കി = നേർകോൽ, ടകിട—1 തക്കിട, 'ത'—ഇടക്കൈ, കി = 1 നേർകോൽ, തരികിട കിട = 2 തക്കിട, ത = 1 കയ്യ്, കി = 1കോല്യ്—എന്നാണ് 4-ാം പാഠക്കയ്യിൻെറ വായ്ത്താരിയും പ്രയോഗവും. ഇടക്കൈ പ്രധാനമായ ഈ സാധകം ആ കയ്യിന്നു് സ്വാധീനം വരുത്താൻതന്നെയാണ്.

ഇങ്ങനെ നാലെണ്ണമാണ് സാധാരണ പാഠക്കയ്യുകൾ. ഇവ ധാരാളമായി സാധകം ചെയ്യാറായതിന്നുശേഷം ഇടത്തേതിൽ തക്കിട, വലത്തേതിൽ തക്കിട, തരികിട, തക്കിട എന്ന ക്രമത്തിൽ ഓരോ പാഠക്കയ്യും സാധകം ചെയ്യണം. പഠിപ്പിക്കാനുള്ള എളുപ്പത്തിന്നാണ് ആദ്യം തക്കിട തുടങ്ങുന്നതു്. ഈ നാലു് പാഠക്കയ്യുകൊണ്ടു് എന്തും എങ്ങിനേയും പ്രവൎത്തിപ്പാൻ സാധിക്കുന്നതാണ്. സാധകങ്ങൾ ആദ്യം പരിശീലിക്കുന്നതു് ചെണ്ടക്കോലിൻെറ നാലിരട്ടി വണ്ണമുള്ള പുളിമുട്ടികൊണ്ടായിരിക്കണം. കല്ലിന്മേലോ കല്ലുപോലുള്ള മുട്ടിമേലോ വേണം ഈ ആദ്യ പരിശീലനം. കയ്യടത്തിന്നു് അയവു് കിട്ടുന്നതിന്നാണ് മുട്ടികൊണ്ടുള്ള പ്രയോഗം.

പഠിപ്പു് തുടങ്ങുന്ന ആദ്യവൎഷത്തിൽ വെളുപ്പാൻകാലത്തും ഉച്ചതിരിഞ്ഞും ഓരോ മണിക്കൂർ തക്കിടയും തരികിടയും കൊട്ടിക്കണം. ആദ്യവൎഷംകൊണ്ടു് കയ്യിന്ന് അയവുവരും. രണ്ടാം വൎഷത്തിൽ കാലത്തു് സാധകത്തിന്ന് ചെണ്ടയുടെ വലന്തലയാക്കണം. വലിച്ചുമുറുക്കാത്ത പത പത ശബ്ദമുള്ള വലന്തലയിൽ കോച്ചാട - കൊലഞ്ഞിൽ — കോൽകൊണ്ടു് കയ്യിന്നു് വായുവിറക്കി നല്ലപോലെ ശ്രദ്ധയോടും നിഷ്ക്കൎഷയോടും വാശിയോടുമുള്ള സാധകം ചെയ്യൽ എത്ര കാലമായാലും അധികമാവില്ല. എന്നാൽ പുളിമുട്ടിയുരുട്ടൽ രണ്ടു് വൎഷത്തിലധികം പാടില്ല, പുളിമുട്ടി കൂടുതൽ ഉരുട്ടി ശീലിക്കുന്നതുകൊണ്ടു് കൊട്ടു് പാഴിപ്പോകാനവകാശമുണ്ടു്. കൈ കൂടുതൽ അയവുവരുമെന്നതുകൊണ്ടുതന്നെ. എല്ലാ പാഠക്കയ്യുകളും നാലു് കാലം ഇരട്ടി കൊട്ടാവുന്നത്ര - അത്രയേ വേണ്ടതാനും. കാലം താഴ്ത്തി വേണം കൊട്ടാൻ.

സാധകം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുമുണ്ട്. കൊട്ടിന്ന് ശുദ്ധി കിട്ടണമെങ്കിൽ ചെണ്ടയുടെ നടുക്ക് കോലിൻെറ നടുകൊണ്ടും വക്കത്ത് കോലിൻെറ അററംകൊണ്ടും വേണം കൊട്ടുവാൻ. കോലിൻെറ നടുഭാഗംകൊണ്ടാണ് വക്കത്തുള്ള പ്രയോഗമെങ്കിൽ ''ണ്ണ'' എന്ന് കേൾക്കേണ്ടിടത്ത് ''ന്ദ'' എന്നാകും. കോൽ പിടച്ച് ചെരിഞ്ഞുപോയാൽ ചിലപ്പോൾ ചെണ്ട പൊളിഞ്ഞു പോകാൻതന്നെ അവകാശമുണ്ട്. ചെണ്ട തോളിലിട്ടുനില്ക്കുന്നതിനും ചേച്ചയും ഭംഗിയുമുണ്ടാകാൻ ഈ അവസരത്തിൽത്തന്നെ ശ്രദ്ധിക്കണം. കാൽ അധികം കവച്ചുനില്ക്കുക, ചെണ്ട ചെരിച്ചിടുക മുതലായവ അഭംഗിയാണ്. ചെണ്ട അരയ്ക്കുതാഴെ താഴ്ത്തുന്നതും മാറിനു സമം പൊക്കുന്നതും ശരിയല്ല. നാഭിയ്ക്കൊപ്പം കിടക്കണം. ഇരുന്ന് സാധകം ചെയ്യരുത്. ഇരുന്ന് പ്രയോഗിക്കുമ്പോഴുള്ള സ്വാധീനവും നിന്നു പ്രയോഗിക്കുമ്പോഴുള്ള സ്വാധീനവും രണ്ടാണ്. നിന്നാണല്ലോ ഈ പ്രവൃത്തി അധികവും.

കഥകളി മേളക്കാർ തക്കിട സാധകം രണ്ട് കയ്യിലും കോലെടുത്തുകൂടി അല്പം ശീലിക്കണം. ഇടംകയ്യിൽ കോലെടുത്തുകൊണ്ടാണല്ലോ കളിക്കൊട്ടധികവും, ഇടംകയ്യിലെ കോലുകൊണ്ടുതന്നെ കൈകൊണ്ടെന്നപോലെ 'ണ'കാരവും 'ധിമി'ക്കാരവും പുറപ്പെടുവിക്കാൻ സാദ്ധ്യമാകും. ഇടംകയ്യിൽ കോലെടുത്തുള്ള പ്രയോഗം കൂടുതൽ പരിചയിയ്ക്കൽ കാരണമാണ് കഥകളി മേളക്കാർക്ക് തായമ്പകയിൽ വിജയിക്കാൻ സാധിക്കാത്തത്.

## തായമ്പക – ചെറുവിവരണം

തായമ്പകയെ താണ നില അല്ലെങ്കിൽ പതികാലം, കൂറ്, ഇടനില, ഇരികിട എന്നിങ്ങനെ നാല് പതനങ്ങളായി വിഭജിച്ചിരിക്കുന്നു. തായമ്പകയ്ക്ക് 16 അക്ഷരകാലം ചെമ്പട താളമാണ്. കൂറുകൾ അതിൽ പ്രയോഗിക്കുന്ന നടകളാണ്. ചമ്പ, അടന്ത, പഞ്ചാരി എന്നീ നടകളിൽ വരുന്ന മൂന്ന് കൂറുകൾ കൊട്ടാനുണ്ട്. 16 അക്ഷരകാലം ചെമ്പടയെ അടിസ്ഥാനമാക്കി അതാത് കൂറുകൾക്കൊത്തവണ്ണം താളംകൂടി യോജിപ്പിച്ചുപിടിയ്ക്കുന്നുവെന്നേയുള്ളു. അടിസ്ഥാന താളം ചെമ്പടതന്നെയെന്നർത്ഥം.

കൈ സാധകം കഴിച്ച് കിട്ടിക്കഴിഞ്ഞാൽ ആദ്യം പഠിപ്പിക്കുന്നത് മേൽപ്പറഞ്ഞ തായമ്പകയാണ്. പതികാലത്തിൽ വിളംബം, മദ്ധ്യമം, ദ്രുതം (നാലാംകാലം) എന്നിങ്ങനെ വകഭേദങ്ങളുണ്ട്.

പുതുതായി പഠിക്കാൻ തുടങ്ങുന്ന കുട്ടിക്കു് വിളംബത്തിൽ രണ്ടും മ ധ്യമത്തിൽ നാലും നാലാംകാലത്തിൽ നാലും കൂടി ആകെ താണ നിലയിൽ 10 എണ്ണം പഠിപ്പിച്ചാൽ മതിയാകും. നാലാം കാല ത്തിൽ ഒടുക്കത്തെ എണ്ണം കൊട്ടിയശേഷം കലാശിച്ച് കൂറു് തുടങ്ങും.

കൂറിൽ മദ്ധ്യകാലവും ദ്രുതകാലവുമേയുള്ളു. ആദ്യം പഠിപ്പി ക്കുക ചമ്പക്കൂറാണു്. കൂറിലും അഞ്ചോ ആറോ എണ്ണം പഠിപ്പി ക്കണം. കൂറിന്നുശേഷം ഇടനിലയായി.

കൂറിന്നുശേഷം ഇടനിലയിൽ പ്രവേശിക്കുന്നതിന്നുമുൻപുള്ള പതി ഞ്ഞ ഏകതാള കാലത്തിനു് ഇടവട്ടമെന്നും പറയാറുണ്ടു്. ഒരിരുനൂറു് കൊല്ലം മുമ്പുള്ള തായമ്പക ഈ ഇടവട്ടം മുതല്ക്കേ ഉള്ളുവെന്നും പി ന്നീടു് പരിഷ്ക്കരിച്ച പതിപ്പാണു് ഇന്നത്തെ രൂപമെന്നും പഴമ ക്കാർ പറഞ്ഞുകേട്ടിട്ടുണ്ടു്. ഏതായാലും കഴിഞ്ഞ 25 കൊല്ലത്തിന്നു മുൻപുള്ള തായമ്പകയേക്കാൾ എത്രയോ പരിഷ്ക്കാരങ്ങൾ ഇന്നു് വന്നിട്ടുണ്ടെന്നു് അനുഭവത്തിൽ പറയാൻ കഴിയും. ശാസ്ത്രപ്രകാരം തെററുകൾ കണ്ടേയ്ക്കാമെങ്കിലും അപാരവും 'അസാദ്ധ്യ'വുമായ പ്ര യോഗങ്ങൾ ഇന്നു് വദ്ധിച്ചിരിക്കുന്നു.

ഇടനിലയ്ക്കു് 16 അക്ഷരകാലം ചെമ്പടയെ ഒന്നിടവിട്ടു് എട്ട ക്ഷരകാലമായി ഏകതാളം പിടിയ്ക്കും. ധിംതാം ധിത്താം ധിംതാം എന്നിങ്ങനെ. പിന്നീടു് സർവ്വലഘുവും ധിം ധിം ധിം ധിം ധിം എന്നും പിടിക്കുന്നു. എന്നാൽ എണ്ണങ്ങളെല്ലാം ഏററിച്ചുരുക്കുന്നതു് ഒരു ചെമ്പട താളവട്ടത്തെത്തന്നെ അടിസ്ഥാനമാക്കിവേണംതാനും. ഇടവട്ടമുൾപ്പടെ ഇടനിലയിൽ ഏഴെണ്ണവും ഇരികടയിൽ നാലെ ണ്ണവും പഠിപ്പിക്കണം. ഈ തായമ്പക ഒരു പെൻസിൽകോപ്പി മാ ത്രമേ ആയുള്ളു.

തായമ്പകയിൽത്തന്നെ വൈദഗ്ദ്ധ്യംനേടേണ്ടവർ ഇനി അതിൽ പല ചായപ്പണികളും ചെയ്യു പഠിക്കാനുണ്ടു്. ഇടംകൈകൊണ്ടു് നാലുതരം ശബ്ദങ്ങൾ വരുത്താവുന്നതാണു്. 'ണ'കാരം, 'ധിം'കാരം, ചാപ്പു്, പൊത്തു് എന്നാണിവയ്ക്കു് പേരുകൾ. വിരലുകൾ മാത്രം ചെണ്ടയുടെ വക്കത്തു് കൊള്ളത്തക്കവണ്ണം ഊന്നിക്കൊട്ടുന്നതു് 'ണ' കാരം. ഇതുകൊണ്ടു് 'ണ്ണാം' എന്നു് പുറപ്പെടണം. ഈ ശബ്ദത്തെ പൂച്ചയുടെ 'ഞ്യാം' ശബ്ദത്തോടുപമിക്കാം. വായ്ത്താരിയിൽ 'കാം' എന്നു് പറയും.

'ധിംകാരം' ഇടത്തെ കൈ അല്പം ചെണ്ടയുടെ ഉള്ളിലേയ്ക്കു്

കടത്തി വിരൽ നാലും കൂട്ടിവേണം കൊട്ടാൻ. ചെണ്ടയുടെ നടുക്കു് കോലിൻെറ നടുകൊണ്ടു് കൊട്ടുമ്പോഠം കേഠംക്കുന്ന ശബ്ദംപോലെ ഇരിയ്ക്കണം-വായ്ത്താരി 'ഗ്ഗം' എന്നാണു്.

ചെണ്ടയുടെ നടുക്കു് കൈപ്പടം ചെരിച്ചു് ചൂണ്ടുവിരലും തള്ള വിരലും കൊള്ളാതെ കൊട്ടുന്നതു് ചാപ്പു്-വായ്ത്താരി 'ത്ത' എന്നു പറയും.

ചെണ്ടയുടെ നടുക്കു് കൈപ്പടം അല്പം കമ്പിളിച്ചു് കൊട്ടുന്നതു് 'പൊത്തു്'—വായ്ത്താരി 'ധോം' എന്നു് പറയുന്നു.

മേൽപ്പറഞ്ഞ നാലു ശബ്ദം ഒന്നായി ഉച്ചരിക്കുമ്പോഠം 'ത്ത', 'ധോം', 'ഗ്ഗം', 'ക്കാം' എന്നു വരും.

## ആട്ടത്തിന്നു് കൊട്ടുമ്പോഠം ശ്രദ്ധിയ്ക്കേണ്ട കാര്യങ്ങഠം.

ചെണ്ടക്കാരന്നു് സ്വതന്ത്രമായി കണ്ണടച്ചു് ഇഷ്ടംപോലെ കൊട്ടി തിമക്ക്വാവുന്ന ഒന്നല്ല കഥകളിക്കൊട്ടു്. നടൻെറ കണ്ണു്, കയ്യു്, മെയ്യു്, മുദ്ര, നൃത്തങ്ങഠം ഇവകഠംക്കെല്ലാം ചെണ്ടയിൽ കൂടണം. നടൻ കാണിക്കുന്നതിൽ എപ്പോഴും ശ്രദ്ധിച്ചിരുന്നാലേ അതു് സാദ്ധ്യമാകൂ. വണ്ടു് പറക്കാനും മുണ്ടു് വിരിയ്ക്കാനും ഒരുപോലെയാണു് കൊട്ടുകയെങ്കിലും വണ്ടാണെന്നും മുണ്ടാണെന്നുമുള്ള ബോധം ചെണ്ടക്കാരനുണ്ടായിരുന്നാൽ അയാഠം പ്രവത്തിച്ചതു് വണ്ടും മുണ്ടും രണ്ടായിത്തന്നെ ശ്രോതാക്കഠംക്കു് തോന്നും. അശ്രദ്ധമായി രണ്ടിന്നും ഉരുട്ടുക മാത്രം ചെയ്താൽ ആ കൊട്ടുകൊണ്ടു് ഫലമില്ല; കൈക്കു് കൂടാൻ പോരാ എന്ന സർട്ടിഫിക്കററു് ഒഴിച്ചു്.

ഞാണൊലി, സിംഹഗജ്ജനം തുടങ്ങുന്ന അപൂർവ്വങ്ങളായ ഒററ ശബ്ദങ്ങഠം അവയൊന്നുമില്ലാത്ത സമയങ്ങളിൽ പുറപ്പെടുവിച്ചാൽ അതിൻെറ സ്വാദു് നഷ്ടപ്പെടും; തക്കസമയത്തു് മാത്രമാണെങ്കിലോ, വളരെ തന്മയത്വം തോന്നുകയും ചെയ്യും. കാണിക്കുന്ന മുദ്രക്കു്, കേഠംപ്പിക്കുന്ന ശബ്ദത്തിനു് സാദൃശ്യം തോന്നിപ്പിയ്ക്കലാണു് കാര്യം. ആലോചിക്കുക, സംശയിക്കുക, മന്ത്രമുപദേശിക്കുക, ചെവികൊണ്ടു് ശ്രദ്ധിക്കുക എന്നീ അവസരങ്ങളിൽ മേളം നേമ്മയാക്കണം. അവയുടെ അവസാനത്തിൽ മേളം കൊഴുപ്പിക്കുകയും വേണം. ആട്ടത്തിൽ ശ്രദ്ധിച്ചു് കൊട്ടുന്നവനു് അതു് താനേവരും. ഭാവരസങ്ങഠംക്കുപോലും തന്മയത്വം കൂടും. ചുരുക്കട്ടെ, ആട്ടത്തിനാണു് കൊട്ടു്.

## നിലവിലുള്ള കാലത്തിൽനിന്നു് കാലം കയററുന്ന സമ്പ്രദായം.

നീണ്ട ആട്ടങ്ങളുടെ അവസാനത്തിൽ കാലം തട്ടിക്കയററാറുണ്ടു്. അങ്ങിനെയുള്ള ഓരോ സന്ദർഭത്തിന്നും ഓരോ ഉദ്ദേശമുണ്ടു്. രാവണോത്ഭവത്തിലെ തപസ്സാട്ടത്തിൽ രാവണൻ തൻെറ ഒമ്പതു് തലയും അറുത്തുകഴിഞ്ഞു ബ്രഹ്മാവാണെങ്കിലോ ഇനിയും പ്രത്യക്ഷനായിട്ടില്ല. തപസ്സു് നിൎത്തി നിരാശനായി മടങ്ങാനുദ്ദേശിച്ചുകൊണ്ടു് രാവണൻ തല താഴ്ത്തി പിന്നോക്കം മാറുന്നു. ഏതാനും പിന്നോക്കം തിരിഞ്ഞശേഷം പെട്ടെന്നു് മുന്നോട്ടുതന്നെ ഒരു തട്ടിക്കയററമുണ്ടു്. ഈ കാലമാററം രാവണൻെറ വാശിയുടെ ശക്തിയെ കാണിക്കുന്നു. ''ഒരു രാക്ഷസൻ തൻെറ പത്തു് തലയും വെട്ടി ഹോമിച്ചിട്ടും പ്രത്യക്ഷനായില്ലെന്ന ദുഷ്കീൎത്തി വരുത്തിയേക്കാം' എന്നു് രാവണൻ ബ്രഹ്മാവിനോടു് വിളിച്ചുപറഞ്ഞതിനുശേഷം ''ഇനി ബാക്കിയുള്ള ഒരു തലകൂടി വെട്ടി ഹോമിയ്ക്കുകതന്നെ'' എന്നു് ഉറപ്പിക്കുന്നു. ഇവിടെ രണ്ടാമത്തെ വാക്യത്തിൻെറ കാലം അതുവരത്തേതിൽനിന്നും തള്ളിക്കയററാറുണ്ടു്. ഈ തള്ളിക്കയററം രാവണൻെറ ധൈൎയ്യത്തേയും മരണവെപ്രാളത്തേയും വ്യക്തമാക്കുന്നു.

ബകവധത്തിലെ ഭീമസേനൻെറ വനവൎണ്ണനയുടെ അവസാനത്തിൽ''ആരാണു് ഇങ്ങിനെ ബ്രാഹ്മണരെ കൊന്നുതിന്നതു്, അവനെ യുദ്ധത്തിന്നു് വിളിയ്ക്കുകതന്നെ'' എന്നൊരു ഭീമവാക്യമുണ്ടു്. ആ വാക്യത്തിന്നായി മാത്രം കാലം കയററാറുണ്ടു്. ബകൻെറ ദുശ്ചേഷ്ടികളെക്കുറിച്ചു് ഓൎത്തപ്പോഗം അവനോടുള്ള ഭീമൻെറ അമൎഷം പെട്ടെന്നു് കത്തിക്കാളി. ഈ കത്തിക്കാളലിനെയാണു് കാലമാററം പ്രതിഫലിപ്പിക്കുന്നതു്.

ഇങ്ങിനെ കാലം കയററുന്നതിന്നു് അതാതു് സന്ദർഭങ്ങളനുസരിച്ചു് കാരണങ്ങളുണ്ടു്. അവ കളരിപരിചയംകൊണ്ടേ മനസ്സിലാകൂ. വേഷാദ്ധ്യാപകൻെറ മുട്ടിയിലും ചൊല്ലിയാട്ടക്കാരൻെറ ആട്ടത്തിലും ഒരുപോലെ ശ്രദ്ധിക്കണം. വേഷവിദ്യാൎത്ഥി കാലം കയററുന്നപോലെ അഭിനയത്തിലെ ഭാവരസങ്ങളനുസരിച്ചു് കാലം താഴ്ത്തുന്ന സന്ദർഭങ്ങളും ഒട്ടേറെയുണ്ടു്. അവ അധികവും ചൊല്ലിയാടുന്ന പദങ്ങളിൽ കാണാവുന്നതാണു്.

## കിടതികിധിം—താം.

കഥകളിയിൽ ''കിടതികിധിം—താം'' എന്ന കൊട്ടു് നേരം വെളുക്കുന്നതിനിടയ്ക്കു് ആവശ്യമായും അനാവശ്യമായും ഒട്ടേറെ

തവണ കോടക്കാം. തിരശ്ശീലക്കാരൻ തിരശ്ശീല കൊണ്ടുവരാൻ താമസിച്ചാൽ അപ്പോഴൊന്നുവേണം; ഭാഗവതക്ക് പഞ്ചമം മാററി മധ്യമം വെക്കാൻ ഒന്നു് വേണ്ടിവരും; പരുങ്ങുന്ന വേഷക്കാരനാണെങ്കിൽ ഒന്നു് വേണ്ടിടത്തു് രണ്ടോ മൂന്നോ കൊട്ടേണ്ടിവരും. ഇടയ്ക്കുകയറി ഒരാളുടെ കഥാവിവരണമുണ്ടെങ്കിൽ അതു് കഴിഞ്ഞാലും വേണം ഒന്നു്. ഇങ്ങിനെ തൊട്ടതിനൊക്കെ ആവശ്യമാണതു്.

കിടതികിധിം-താം ആദ്യം പറഞ്ഞുകൊടുക്കുന്നതു് തോടയം പഠിക്കാൻ തുടങ്ങുമ്പോഴാണു്. എട്ടക്ഷരകാലം വരുന്ന 4 താളവട്ടമാണു്, ഒരു കിടതികിധിം-താം. അതിൻെറ വായ്ത്താരി:

കിടതികിധിം; താം താം താം താം താം കിടതികിധി × ത്താം തേയ്യ്ക്കാം ധിം ധിം ധിം ധിം ധിം × ; താ × ങ്കോ × ധി × ത്ത × ന്ത × കിടതികിതൈ; ഹിതൈ; തൈ; ധിത്തൈ; തധികിത; ത്തൈ.

ചെണ്ടയിൽ കൊട്ടുമ്പോഠ ഇതു് കുറച്ചുകൂടി ഇടതൂർന്നു പ്രയോഗിക്കും. കാലം കാണിച്ചുകൊണ്ടു് എങ്ങിനേയും മനോധമ്മമനുസരിച്ചു് കൊട്ടുകയും ചെയ്യാം.

പതിഞ്ഞ കിടതികിധിം-താം ഇതിൽനിന്നു് എട്ടു് കാലചൗക്കമായിരിക്കും. അഞ്ചു് കിടതികിധിം-താം വേണ്ടിവരുമ്പോഠ ആദ്യത്തെ പതിഞ്ഞതും പിന്നെ മൂന്നെണ്ണം മേൽപറഞ്ഞ കാലത്തിലും അഞ്ചാമത്തേതു് അതിലും ചുരുക്കമായി "തതതതധിം; തതതതധിം; തകിടതികിധിത്ത തതധിം; ത; ത്താ; ധിത്തൈ; ത; ധി; ത്താ; ധികിത; ത്തൈ" എന്നു് കുറച്ചുകൊണ്ടുമാണു്.

## അഞ്ചു് കിടതികിധിം—താം പ്രവേശം.

സന്താനഗോപാലത്തിൽ ബ്രാഹ്മണൻെറ ദ്വാരകാ പ്രവേശം, സുഭദ്രാഹരണത്തിൽ കൃഷ്ണൻെറ അടുക്കലേക്കുള്ള അജ്ജുനൻെറ പ്രവേശം, ബകവധത്തിൽ ആശാരിയുടെ പ്രവേശം - ഇതിനെല്ലാം അഞ്ചു് കിടതികിധിം-താം കൊട്ടണം. പുത്രശോകത്താൽ തളന്നു്, വഴിക്കു് ആവലാതി പറഞ്ഞും വീണ്ടും മാറത്തടിച്ചും ദൈവത്തെത്തന്നെ നിന്ദിച്ചും പതുക്കെപ്പതുക്കെ നടന്നാണു് ബ്രാഹ്മണൻ ദ്വാരകയിലേക്കു് പ്രവേശിക്കുന്നതു്; അല്ലാതെ പെട്ടെന്നു് ഓടിവരികയല്ല. ബ്രാഹ്മണൻെറ ഈ ഭാവങ്ങഠ സൂചിപ്പിക്കാനാണു് കിടതികിധിം—താം ആവത്തിക്കുന്നതു്.

## അടന്ത - ത്രിപുട വട്ടങ്ങളിലെ ആട്ടങ്ങഠ.

ഉത്ഭവത്തിൽ രാവണൻെറ തപസ്സാട്ടം, തോരണയുദ്ധത്തിൽ

രാവണന്റെ ആട്ടം, കീചകന്റെ സൈരന്ധ്രീദർശനം എന്നീ ഘട്ടങ്ങളിൽ അടന്തവട്ടമാണ്. കത്തിവേഷങ്ങളുടെ മേൽപ്പറഞ്ഞ സന്ദർഭങ്ങളിലെ കനത്തിന്ന് യോജിച്ചതാണ് അടന്തവട്ടം. സാധാരണ പോലെ ഏകതാളത്തിലാണെങ്കിൽ ആട്ടത്തിന്ന് മിഴിവ് കിട്ടുകയില്ല

മൊത്തത്തിൽ എല്ലാ കരിവേഷങ്ങൾക്കും തിരനോക്ക് കഴിഞ്ഞാൽ ചിട്ടപ്പെടുത്തിയ ചില ചടങ്ങുകളുണ്ട്. തലമുടി ചിക്കി ക്കെട്ടുക, കുറിയിടുക, കണ്ണെഴുതുക, കാതില ശരിപ്പെടുത്തുക മുതലായ അഭിനയം ഇതിൽ പെടുന്നു. ഈ ആട്ടത്തിന്ന് മുറിയടന്തവട്ടമാണ്. 7 അക്ഷരകാലമാണതിന്ന്. "തക്കിട്ട തക്കധിമി" രണ്ട് പ്രാവശ്യം ചൊല്ലേണ്ടുന്ന 'ധിം; തക്കിടധിം; ത; തൈെ; ; ; ;. തോരണയുദ്ധത്തിൽ ഹനുമാന്റെ സമുദ്രലംഘനത്തിന്നും മുറിയടന്തവട്ടമാണ്,

## പഞ്ചാരിവട്ടം.

പന്തടി, ചൂതുകളി, അരയന്നത്തിന്റെ പ്രവേശം, പശുപാലകന്മാർ, ഹിരണ്യകിങ്കരന്മാർ മുതലായ ചില ചടപടാന്മാരുടെ വരവ്, വാള് മൂർച്ചകൂട്ടൽ, നായാട്ട് (കിരാതം) എന്നീ സന്ദർഭങ്ങളിലെല്ലാം പഞ്ചാരിവട്ടമാണ് കൊട്ടേണ്ടത്.

## മദ്ദളം.

മദ്ദളം പരമശിവന്റെ നൃത്തത്തിന്ന് ശ്രീകൃഷ്ണൻ വായിച്ചിരുന്ന ഒരു യന്ത്രമാണെന്നും ഈ യന്ത്രപ്രയോഗത്തിൽ നന്ദികേശ്വരൻ അതി വിദഗ്ദ്ധനായിരുന്നുവെന്നും ഒരു കഥയുണ്ട്.

ആദ്യമായി വിദ്യാർത്ഥിക്ക് പറഞ്ഞുകൊടുക്കുന്ന ഗണപതിക്കയ്യിന്റെ വായ്ത്താരി താഴെ കൊടുക്കുന്നു:

കിടതികിത; തതി; ത്തിതകധിം; താം; ധിം; ധിം; ധിം; തള്ളാം; തധിം; താം; കിടതികിത കിണ്ണക്ക്ധിം; ; ; ത; ധിം; താം; താം; ധിധിധിധിധിം; തള്ളാം; തധിം; താം; കിടതികിതകിണ്ണക്ക്ധിം; തള്ളാം; ത ധിം; താം; കിടതികിതകിണ്ണക്ക് ധിം; ; ; ; ; ധിം; താം; താം ( ; = ഒരക്ഷരം).

ഈ ഗണപതിക്കൈ ആശാൻ ആദ്യം ശിഷ്യന്റെ കൈ പിടിച്ച് കൊട്ടിയ്ക്കണം. താഴെ കൊടുക്കുന്ന ഒന്നും രണ്ടും മൂന്നും പാഠക്കയ്യുകളം മൂന്നിരട്ടികാലം കൊട്ടാറായാലേ, ഗണപതിക്കയ്യ് ശരിക്ക് കൊട്ടാറാവൂ

പാഠക്കയ്യുകരം.

1. തത്തിതോംന്നാം — നാലക്ഷരകാലം.

'ത' — വലത്തെക്കയ്യ്.
'ത്തി' — ഇടത്തെകയ്യ് പൊത്തിക്കൊണ്ടു്.
'തോം — വലത്തെ കയ്യ്.
'ന്നാം' — ഇടത്തെ കയ്യ് വക്കത്തു്.

ഈ കൈ നാലുകാലം കൊട്ടാറായാൽ വലന്തലയിലുള്ള പ്രയോഗത്തിലെ രണ്ടു് സ്ഥാനങ്ങരം മനസ്സിലാകാറാവും.

2. തത ത്തി ത്തി തോം തോം ന്നാം ന്നാം. — എട്ടക്ഷരം.

ആദ്യത്തേതുപോലെത്തന്നെ; എല്ലാം ഈരണ്ടു് കയ്യുകരം എന്ന മാററമേ ഉള്ളു.

3, ധിക്കിണ്ണ ധിക്കിണ്ണ ധിധിധിക്കിണ്ണ ധിക്കിണ്ണധിം — 16 അക്ഷരം.

'ധി' — രണ്ടു് കയ്യും പൊത്തി,
'ക്കി' — ഇടത്തെ കയ്യ് വക്കത്തു്.
'ണ്ണ' — വലത്തെക്കയ്യ്.
'ധി ധി ധി' — രണ്ടു് കയ്യും പൊത്തി,
'ക്കിണ്ണ' — 'ക്കി' ഇടത്തെകയ്യ് വക്കത്തും 'ണ്ണ' വലത്തെ കയ്യും.

'ധിക്കിണ്ണധിം' — ശബ്ദാനുസരണം മുൻപോലെ.

അവസാനത്തെ ധിം രണ്ടു് കയ്യും തുറന്നു കൊട്ടുക.

ഇടങ്കയ്യും വലങ്കയ്യും ഒപ്പം മദ്ദളത്തിൽ വീഴുന്നതിന്നുവേണ്ടിയാണു് ഈ പാഠക്കയ്യ്. അതായതു് 'ധി' എന്ന രണ്ടു് കയ്യും ഒപ്പം വീഴണം. അങ്ങിനെ വീണില്ലെങ്കിൽ 'ധി'യ്ക്കു് പകരം 'പ്ട' എന്നാവും കേരംക്കുക.

4. ധി; ത്തകത; ധി; ത്തകത; ക്കി; ണ്ണ;
ധിം; തകത; ധംം; തകത; ക്കി; ണ്ണ; — 32 അക്ഷരം.

ധി, ത്ത, ക്ക്, ണ്ണ, ധിം തുടങ്ങിയ ശബ്ദങ്ങളുടെ പ്രയോഗവിധം ഇതിനു മുമ്പുള്ള പാഠക്കയ്യുകരംകൊണ്ടു് മനസ്സിലാകും, ഈ പാഠക്കയ്യ് 'ധിമൃത' മറിയാനുള്ളതാണു്. ഇതിൻെറ 4-ാം കാലം കൊട്ടുമ്പോരം ധീമൃത ധിമൃത ധിമൃത എന്നു് വരും.

5. ത; കിണകിടതകി തത കിണ കിടതകി — 16 അക്ഷര കാലം. ഈ സാധകം കൈപ്പടം മറിഞ്ഞുകിട്ടാനുള്ളതാണു്. 'കിടത കിതരികിടധിം' എന്നു് കൊട്ടുവാൻ പടം മറിയണം.

മേൽപ്പറഞ്ഞ 5 പാഠക്കയ്യുകൾ 4 കാലത്തിൽ മുറക്കു് സാധകം ചെയ്യാറായാൽ ഏതാണ്ടു് എല്ലാ സ്ഥാനങ്ങളും ഉറയ്ക്കും.

## കേളിക്കയ്യ്.

അലങ്കാരക്കയ്യ് (മുഖം), ചെമ്പടവട്ടം, കൂറു്, മൂന്നാംവട്ടം, ഇട നില, ഇരികിട എന്നിവയാണു് കേളിക്കയ്യിലെ ക്രമപ്രകാരമുള്ള വിവിധ ഘട്ടങ്ങൾ. അലങ്കാരക്കയ്യ് ചെമ്പടതാളം തന്നെയാണെ ങ്കിലും ചെമ്പടതാളം പിടിച്ചു് കൊട്ടാറില്ല. കൊട്ടിനെ അനുസരി ക്കുന്ന താളമേ ഉള്ളു. അതിനേ ഭംഗിയുള്ളൂ. അതിന്നുശേഷമുള്ള ചെമ്പടവട്ടം മാത്രമേ താളം പിടിച്ചു് ആ താളത്തിൽ പ്രയോഗിക്കാ റുള്ളു. ചെമ്പടവട്ടത്തിൽ രണ്ടെണ്ണവും മുറുകിയ പഞ്ചാരിക്കൂറിൽ മൂന്നെണ്ണവും മൂന്നാംവട്ടത്തിൽ മൂന്നെണ്ണവും ഇടനിലയിൽ ഒന്നും ഇരി കടയിൽ മൂന്നും എണ്ണങ്ങൾ പഠിപ്പിച്ചാൽമതി അരങ്ങേററത്തിന്നു്.

## ചോററിട്ടകയ്യ്.

ചെമ്പട കൂട്ടിപ്പിടിച്ചു് — തിതിതിതിതിതിതിത്തൈ, തിതി ത്തൈ, തിതിത്തൈ — രണ്ടെണ്ണം ഏററിച്ചുരുക്കി കൂർപ്പിക്കുന്നു. ചോററിട്ട ഭാഗത്തു് കൂടുതൽ പ്രയോഗമുള്ളതിനാലായിരിക്കാം ചോ ററിട്ട കൈ എന്ന പേർ വന്നതു്.

കേളിയും ചോററിട്ട കയ്യും കഴിഞ്ഞാൽ മദ്ദളക്കാരൻ വിളക്കിൻെറ മുന്നിൽനിന്നു് അരങ്ങിൻെറ വലത്തുഭാഗത്തേക്കു് മാറുന്നു. അതിന്നു ശേഷം തിരശ്ശീല പിടിച്ചു് തോടയമായി.

## തോടയം.

തോടയത്തിൽ പ്രധാനമായും നടൻെറ വായ്ത്താരികളെ അനു സരിച്ചും അവയുടെ അതിർത്തിക്കുള്ളിൽനിന്നു് കാര്യമായി പുറത്തു പോകാതെയും അക്ഷരത്തുമ്മയോടുകൂടിയാണു് മദ്ദളക്കാരൻ എണ്ണ ങ്ങൾ കൊട്ടേണ്ടതു്. അതായതു് കൊട്ടിലൂടെ നടൻെറ വായ്ത്താരി കളെ ഏതാണ്ടൂഹിയ്ക്കാൻ കഴിയണം.

## മേളപ്പദം.

മേളപ്പദത്തിനുമുമ്പെ പുറപ്പാടുണ്ടു്. എന്നാൽ മദ്ദളത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രധാനം മേളപ്പദമാണു്. ചെണ്ട മേളത്തോടുകൂടി കൂടുന്നതിനും അതാതു് താളങ്ങൾ പിടിക്കുന്നതിനും പരിചയംകൊണ്ടും ഉപദേശംകൊണ്ടും ഏറെക്കുറെ മനസ്സിലാകും. കേളി, തോടയം, മേളപ്പദം എന്നിവയിലെന്നപോലെ നിഷ്കൃഷ്ട പഠനം പുറപ്പാടിൽ മദ്ദളക്കാരന്നാവശ്യമില്ല.

മേളപ്പദത്തെ രണ്ടായി ഭാഗിക്കാം. ആദ്യഭാഗത്തിൽ ഗീതത്തോടുകൂടിയ മേളവും രണ്ടാം ഭാഗത്തിൽ തനി മേളവും ആണു് ഉള്ളതു്. ഗീതത്തിനുപയോഗിക്കുന്നതു് ഗീതഗോവിന്ദപദമാണു്. പദത്തിൻെറ ചരണങ്ങളുടെ ആദിയിൽ ചെണ്ടയിലും അന്ത്യത്തിൽ മദ്ദളത്തിലും ഓരോ എണ്ണം കൊട്ടുന്നു. താളം ചെമ്പയാണു്. പുറപ്പാടിൻെറ അവസാനത്തോടുകൂടി "മഞ്ജുതര" എന്ന ചരണം ചൊല്ലി പല്ലവി അവസാനിക്കുന്നതോടെ 40 അക്ഷരകാലത്തിൽ മദ്ദളത്തിൽ ആദ്യത്തെ എണ്ണം കൊട്ടുന്നു. പിന്നീടു് വരുന്ന നാലു് ചരണങ്ങളുടേയും അവസാനത്തിൽ ചെമ്പയിൽ ക്രമപ്രകാരം 80, 40, 20, 10 എന്നീ അക്ഷരങ്ങൾ അടങ്ങുന്ന കാലങ്ങളിൽ ഓരോ എണ്ണം വീതം കൊട്ടുന്നു. പദാനന്തരം ചെണ്ടയും മദ്ദളവും കൂടി ചെമ്പടവട്ടത്തിൽ മേളം ആരംഭിക്കുന്നു. ചെമ്പടവട്ടം, ഇടവട്ടം, ഇരട്ടിവട്ടം, നാലാമിരട്ടി എന്ന ക്രമത്തിൽ കൊട്ടി ഇതവസാനിപ്പിക്കുന്നു. എടവട്ടം മുതല്ക്കു് ചെണ്ടക്കു് കൂടുകയാണു് മദ്ദളത്തിൻെറ പ്രധാന കർത്തവ്യം; അതായതു് മേല്പറഞ്ഞ താളങ്ങളിൽ ചെണ്ട കൊട്ടുമ്പോഴുണ്ടാകുന്ന പഴുതുകൾ അടച്ചു് മദ്ദളം മേളത്തിന്നു് കൊഴുപ്പു കൂട്ടുന്നു.

## കേളിക്കയ്യ്

ഇത്രയുമായാൽ മദ്ദളത്തിൽ തായമ്പകയുടെ കാലത്തിലുള്ള കേളിക്കയ്യ് കൊട്ടിശ്ശീലിച്ചുതുടങ്ങുന്നു. ഇതിനെ പതിയകാലം, പതിഞ്ഞ പഞ്ചാരി. ചെമ്പ, അടന്ത മുതലായ കൂറുകൾ, എടവട്ടം, മൂന്നാംവട്ടം, ഇടനില, ഇരികട എന്നീ വിവിധ ഘട്ടങ്ങളായി ഭാഗിക്കാവുന്നതാണു്. ഈ പഠനത്തോടുകൂടിയാണു് മദ്ദളക്കാരൻ മദ്ദളക്കാരനാവുന്നതു്. ഇതോടുകൂടിത്തന്നെ സ്ത്രീവേഷക്കലാശങ്ങൾ, ഇരട്ടികൾ, വലന്തല മേളത്തിൽ കൊട്ടേണ്ട ക്രമങ്ങൾ, പൊതുവേ ചൊല്ലിയാട്ടത്തിന്നുള്ള കൊട്ടൽ എന്നിവ ക്രമത്തിൽ അഭ്യസിച്ചു തുടങ്ങുന്നു,

വലന്തല മേളങ്ങാംക്കു് ഇടത്തുത്തി മദ്ദളത്തിൽ കൊട്ടാറാവാൻ പഞ്ചവാദ്യപഠനം ഉപകരിക്കുന്നതാണു്. എന്നാൽ പഞ്ചവാദ്യത്തിൽ കൂടുതൽ വൈദഗ്ദ്ധ്യം നേടുന്നതിനു് ഒരു തിമിലക്കാരൻെറ സഹായംകൂടി വേണ്ടിവരും.

4-ാം കൊല്ലം മുതൽ മദ്ദള വിദ്യാത്ഥി നിയമേന കളരിയിൽ പരിചയിക്കണം. അങ്ങിനെ 4 കൊല്ലത്തെ അഭ്യാസംകൊണ്ടു് അയാാം സാമാന്യം കളി കഴിച്ചുകൂട്ടാറാവുന്ന ഒരു കഥകളി മദ്ദളക്കാരനും പഞ്ചവാദ്യത്തിനു് കഷ്ടിച്ചു് കൂട്ടത്തിൽ നില്ക്കാവുന്ന ഒരു മദ്ദളക്കാരനും ആയിത്തീരും.

## ചുട്ടികുത്തു്.

ചുട്ടികുത്തിൽ ആദ്യമായി പഠിക്കുന്നതു് പച്ചയാണു്. കാഴ്ചക്കു് ഏറ്റവും വിഷമം കുറഞ്ഞതാണെങ്കിലും മറെറല്ലാ ചുട്ടികളുടേയും അടിസ്ഥാനമായി നില്ക്കുന്നതു് പച്ചച്ചുട്ടിയാണു്. പച്ച പഠിച്ചുകഴിയുമ്പോഴേക്കും കോട്ടം തീത്തു് ചുട്ടികുത്താനുള്ള കഴിവു് വിദ്യാത്ഥി സമ്പാദിച്ചുകഴിഞ്ഞിരിക്കും.

പച്ചച്ചുട്ടി കുത്തുന്നതിനെ മാത്രം ഇവിടെ ഒന്നു് വിവരിയ്ക്കാം.

ആദ്യമായി ചുട്ടി അരി തയ്യാറാക്കണം, വെളുത്ത ഉണക്കല്ലരി വെണ്ണപോലെ അരച്ചു് അതിൽ അരിയുടെ മൂന്നിലൊന്നു് നീററിയ കരടില്ലാത്ത ചുണ്ണാമ്പു് ചേത്തു് യോജിപ്പിക്കുക. നാഴി അരി കൊണ്ടു് സുമാർ 6 ചുട്ടി തീരുന്നതാണു്. ചുണ്ണാമ്പു് കൂട്ടിയ അരി ഉരുളയാക്കി എടുത്തു് കോലിൻെറ തലപ്പത്തു് സൂചിപോലെ നില്ക്കത്തക്കവിധം അതിൽ വെള്ളം കൂട്ടി കോലുകൊണ്ടിളക്കി പാകമാക്കുക, കഴുങ്കിൻെറ ആരോ മുളയോ കൊണ്ടാണു് ചുട്ടിക്കോലുണ്ടാക്കുന്നതു്. അരി അധികം കുറുകുമ്പോാം വീണ്ടും വെള്ളംകൂട്ടി പാകപ്പെടുത്തണം.

കലത്തിന്മേലോ പൊതിയ്ക്കാത്ത നാളികേരത്തിന്മേലോ ആണു് ചുട്ടികുത്തു് പരിശീലിക്കുക. ആദ്യമായി ഇടത്തെ പകുതിയിൽ ഉാം (ചെറിയ) വളയത്തിന്മേൽ അരി അണിഞ്ഞു് അതിന്മേൽ രണ്ടു് തുണിനൂൽ വലിച്ചു കുത്തിപ്പരത്തി അതിന്മേൽ തുണി ഇടുന്നു. തുണി നൂലിടുന്നതു് ചുട്ടി പൊട്ടാതെ കൂട്ടിപ്പിടിച്ചുനനില്ക്കുന്നതിന്നും തുണിക്കഷ്ണം ഇടുന്നതു് ചുട്ടി പാകത്തിൽ ഇണങ്ങിക്കിട്ടുന്നതിനു

മാണ്. അതിനുശേഷം അതേപോലെ വലത്തെ ഉൾവളയത്തിലും അണിഞ്ഞു് നൂലിട്ടു് കുത്തിപ്പരത്തി തുണിയിടുക. ഈ ഉൾവളയം (രണ്ടുഭാഗത്തും) വളരെ പ്രധാനമാണ്. ഇവിടെവച്ചുതന്നെ ചുട്ടി കോട്ടം തീർത്തു് ശരിപ്പെടുത്തണം. ഈ വളയം വേഷക്കാരൻതന്നെയാണ് വരയ്ക്കുന്നതു്. ഉൾവളയത്തോടുചേൎന്നുകൊണ്ടു് അതിന്റെ പുറംഭാഗത്തുകൂടെ ഒരീക്കിലപ്പുഴതിൽ ചായില്യംകൊണ്ടു് വരയ്ക്കണം. പഴപ്പുവേഷങ്ങൾക്കു് ഈ വര കറുത്തമഷികൊണ്ടാണ്.

അനന്തരം പുറംവളയത്തിന്റെ രണ്ടു് ഭാഗവും അണിയുക. ഈ വളയത്തിന്നു ഉള്ളിലേതിനേക്കാൾ ഇരട്ടി വീതി ഉണ്ടായിരിക്കണം.

ഇങ്ങിനെ രണ്ടു് ഭാഗത്തുമുള്ള രണ്ടു് വളയങ്ങളും അണിഞ്ഞു് കുത്തിപ്പരത്തിയാൽ ചുട്ടിയുടെ അടിത്തറയായി. ഇനി അതിന്നു് മേൽക്കുമേലായി അരിനൂൽ വലിക്കുകയായി. അതു് ചെയ്യേണ്ടതായ ക്രമം താഴെ പറയുന്നപ്രകാരമാണ്.

1. ഇടത്തുഭാഗത്തു് ഉൾവളയത്തിന്റെ (അരി കുത്തിപ്പരത്തിയതിന്റെ) പുറംവക്കിലൂടെ എത്തിച്ച ഒരു നൂൽ വലിക്കുക. അതുപോലെ ഓരോ നൂൽ പുറം വളയത്തിന്റെ രണ്ടു് വക്കുകളിലൂടേയും നടുവിലൂടേയും വലിക്കണം.

2. മേൽപ്രകാരം വലതുഭാഗത്തേക്കും ചെയ്യുക.

3. പിന്നെ ഇടത്തു് ഉൾവളയത്തിലെ ഒന്നും പുറംവളയത്തിലെ മൂന്നും കൂടി ആകെയുള്ള 4 നൂലുകളിന്മേൽ ഓരോ മുറിനൂൽ വലിക്കുക.

4. മേൽപ്രകാരം വലത്തുഭാഗത്തും.

5. ഉൾവളയത്തിൽ അവസാനത്തെ എത്തിച്ച നൂലും പുറംവളയത്തിൽ മൂന്നു് നൂലും.

6. മേൽപ്രകാരം വലതുവശത്തും.

7. ഇടത്തു് പുറം വളയത്തിന്റെ 3 നൂലുകളിന്മേൽ ഓരോ നൂൽ.

8. മേൽപ്രകാരം വലത്തും.

9. ഇടത്തു് പുറംവളയത്തിന്റെ നടുഭാഗത്തും പുറംവക്കിലുമുള്ള

നൂലിന്മേൽ ഓരോ നൂൽ വീതം വലിക്കുക. ഉൾവക്കിൽ നൂൽ വേണ്ടെന്നർത്ഥം.

10. മേൽപ്രകാരം തന്നെ വലത്തും.

11. ഇടത്തെ പുറംവളയത്തിൻെറ പുറംവക്കിൽ മാത്രം അവസാനത്തെ എത്തിച്ച നൂൽ.

മേൽപ്പറഞ്ഞതു് ആദ്യവസാനച്ചുട്ടിയുടെ വലിപ്പമാണു്. ഇതിൽ ഉൾവളയത്തിൽ 3 നൂലും പുറംവളയത്തിൽ ഉൾവക്ക്, നടു, പുറംവക്ക് എന്നീ ഭാഗങ്ങളിൽ ക്രമപ്രകാരം 4, 5, 6 നൂലുകളും ഉണ്ടായിരിക്കും. കുട്ടികൾക്കു് ഇതിൽനിന്നു് ഓരോ നൂൽ വീതം കുറയ്ക്കാവുന്നതാണു്. ഓരോ ഭാഗത്തും നൂൽ വലിച്ചതിനുശേഷം അതുണങ്ങാൻ അതിനുമീതെ തുണിക്കഷണം ഇടണം. ചിലപ്പോൾ ചുട്ടിയുടെ പുറം ഭിത്തിയിലും ശീല ഇടേണ്ടിവരും.

നൂൽവലി അവസാനിച്ചതിന്നുശേഷം ചുട്ടി അരി മററൊരു ചിരട്ടയിലാക്കി വെള്ളം വീഴ്ത്തി അയച്ചു് തുളിക്കാൻ പാകത്തിലാക്കുകയും ഈർക്കിലത്തലപ്പുകൊണ്ടു് നൂലു് വലിച്ചതിൻെറ മുകളിലൂടെ നാലു് വരിയിലും അടുത്തടുത്തായി മുനയെടുക്കുന്നു. ഈ മുന ചുട്ടിക്കു് വളരെ അഴകുണ്ടാക്കുന്നതാണു്.

മേൽ വിവരിച്ചതു് പഴയ സമ്പ്രദായത്തിലുള്ള അരിച്ചുട്ടിയാണു്. എന്നാൽ കഴിഞ്ഞ 35 കൊല്ലത്തോളമായി കടലാസുചുട്ടി പ്രചാരത്തിൽ വന്നിട്ടുണ്ടു്. ഇതിൽ ഉൾവളയം പഴയപോലെ തന്നെ പുറം വളയത്തിൽ അരി കുത്തിപ്പരത്തിയതിനുശേഷം കടലാസ്സു് നില്ക്കാൻ പാകത്തിൽ വീണ്ടും അരി അണിഞ്ഞു് ഏതാണ്ടു് പഴയ അരിനൂലിൻെറ ആകൃതിയിലും വലിപ്പത്തിലും മൂന്നു വരി കടലാസ്സു് വെട്ടിവെക്കുന്നു. കടലാസ്സിൽ മുനയെടുക്കാറില്ല. ശ്രദ്ധിക്കാഞ്ഞാൽ കടലാസ്സുചുട്ടി ആവശ്യത്തിലധികം വലുതാകാനും കുമ്പിളിയ്ക്കാനും ഇടയുണ്ടു്.

## ഓട്ടൻതുള്ളൽ.

ആദ്യമായി പഠിപ്പിക്കുന്നതു് അരങ്ങുതാളമാണു്. ഗണപതിതാളമെന്നും ഇതിനു് പേരുണ്ടു്. വളരെ അഴകുററ ഒരു നൃത്തമാണിതു്. ഇതുകൊണ്ടു് അരങ്ങു വന്ദനം നടത്തുന്നു. ചെമ്പട താളത്തിൽ നിബന്ധിച്ചിട്ടുള്ള ഇതിൻെറ വായ്ത്താരി താഴെ കൊടുക്കുന്നു.

താം താം താം താം ധിത്തോം തക്കം തകതാംതാം
താം ധിത്തോം തക്കം തക്കിടതകിതക്കിട കിടതകിതരി
കിട കിടതകി തത്തി തളാങ്കു തത്തിം കിണ്ണത്തോം
ധിത്താം, ധിത്താം, ധിത്താംത, കിടതകിത, കുതിക്കു
തകധിംതാം, കിടതകിതരികിട ധിംതകാം കുധി
ത്താം കടതകിതത്തികിണ്ണത്തോം—താം താം
കിട തകി തരികിടധിം തകാം കുധിത്താം കിടതകി
തത്തിംകിണ്ണ ത്തോം തകാം കുധിത്താം കിടതകി
തത്തിംകിണ്ണത്തോം—തകംധിത്താ, തകംധിത്താ
തകത്തകതോം, തകത്തകതോം, തകത്തക
തൈെത ധിത്താ തോം തൈത, ധിത്താതോം
തൈത ധിത്താതോം കിടതകി ധിംതക്കിടധി
ത്താ കിട ധിംധിം തക്കിട ധിന്തത്താ കിടതിം ത
ക്കിട ധിന്തത്താ കിടതോം കതക്കതോം കതക്കത
ധിംകിണ തൈത്തത ധിത്താതോം തൈതധിത്താ
തോം, തൈത ധിത്താതോം തൈത ധിത്താ
തോം, തൈതധിത്താം തോം തൈതധിത്താതോം
തൈതധിത്താതോം തകിടതകിത തൈതധി
ത്താം തോം തൈതധിത്തതോ തകിടതകിത
കിടതകിത തൈത ധിത്താതോം തൈതധിത്ത
തോംത കിടതകിത കിടതകിത കിടതകിത കിടത
കിതകിടതകിത കുതിക്കുതക്കട്ടെ തക്കിടക്കിടത
കിതൈത ധിത്താതോം തൈതധിത്താതോം
തൈത ധിത്താതോം തൈത ധിത്താതോം
കിടതകി ധിത്ത ത്ത ത്ത ധിന്തത്ത ധിത്തൈ ധിത്തൈ
തകധികിത തക്കിട കിടതകി തക്കത്തോം, തരികിടകിട
തകിതക്കത്തോം തക്കി (കി) തകി തരികിടകിടതകിത
ക്കിട കിടതകതക്കത്തോം തരികിട കിടതകി തക്കത്തോം
തക്കത്തോം ധിക്കത്തോം തത്തി തളാങ്കുതത്തിം
കിണ്ണതൈത്തത ധിത്താതോം തൈത ധിത്താതോം
തൈത ധിത്താ തോം തൈതധിത്താതോം തൈ
ത ധിത്താതോം കിടതകിധിത്ത ത്ത ത്താ ധി
ത്ത ത്താ ധിത്തൈ തകധികിതത്തൈ.

ഗണപതിതാളം ചവുട്ടിയതിന്നുശേഷം നാട്ടരാഗത്തിലുള്ള 'കുംഭീന്ദ്രൻപോലെ വക്ത്രം' എന്ന ശ്ലോകംകൊണ്ട് ഗണപതി

8087



യേയും തോടിയിലുള്ള 'വാണീദേവി വിളങ്ങണം' എന്ന ശ്ലോകം കൊണ്ടു് സരസ്വതിയേയും മററും സ്തുതിക്കുന്നു. ശ്ലോകങ്ങളുടെ ആദ്യത്തെ മൂന്നു് പാദങ്ങളും താണുനിന്നു് അഭിനയം കൂടാതെ ചൊല്ലുകയാണു്. നാലാംപാദം പിന്നിൽ പാടിക്കഴിഞ്ഞാൽ തുള്ളുന്നു. ആറം ധിത്താമെന്നു് മൂന്നു ചവിട്ടി ആ പാദത്തിനു് മുദ്ര കാണിക്കുന്നു.

ശ്ലോകങ്ങൾ ചൊല്ലിക്കലാശിച്ചു് പിന്നീടു് കേദാരഗൗളത്തിൽ 'കൊണ്ടൽനേർമുടയവനേ' എന്ന ഗുരുവായൂരപ്പനെക്കുറിച്ച സ്തുതി ചൊല്ലുന്നു. ഇതു് മുദ്രയോടും ,അഭിനയത്തോടും കൂടിയാണു്. ഇതിൻെറ അവസാനത്തിൽ കലാശിച്ചു് (കിടതികി തിത്തത്ത ത്ത ധിന്തത്താധിത്തൈതാ ധിത്താ ധികിതത്തൈ) ചവിട്ടി താണുനിന്നു് ''ഗുരുചരണാംബുജയുഗളമുദാരം'' എന്നു് ചൊല്ലുന്നു. അതു് പിന്നിൽ ഏററുപാടുവാൻ തുടങ്ങുമ്പോൾ മുദ്രയോടെ അഭിനയിക്കുകയും ചെയ്യുന്നു. ഈ ഗുരുവന്ദനത്തിനുശേഷം കഥ തുടങ്ങുന്നു.

PC Library & Research Center

# പാഠ്യപദ്ധതി

378-1

കേരള കലാമണ്ഡലം